Rge. No. M. 2293 ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കർക്കിടകം 5 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1951 ജൂലൈ 21 | ലക്കം 46

## മാർ ഈവാനിയോസും "ലീജിയൻ ഓഫ് മേരി"യും

(വെരി റവ. മോൺ. ജോൺ കച്ചിറമറ്റം ബി. ഏ., എൽ. ടി.)

പ്രശാന്തമതിയും ബുദ്ധിരാക്ഷസനും, അമാനുഷികകഴിവുകളുടെ വിളഭൂമിയുമായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ഒന്നാം ചരമവാർഷികം ആചരിക്കുന്ന ഈ അവസരം ദിവംഗതനായ ആ മഹാന്റെ വീരോചിതനേട്ടങ്ങളുടെ സമാഹാരമായ പുനരൈക്യപ്രസ്ഥാനമാകുന്ന മഹാവൃക്ഷത്തിന്റെ ശാന്തശീതളഛായയിൽ വിശ്രമലഹരി നുകരുന്ന പതിനായിരങ്ങൾക്ക്, ആ വന്ദ്യനേതാവിനോടുള്ള ബൃഹത്തായ കടപ്പാടിനെ അനുസ്മരിക്കുവാനും, അന്നത്തെ വേർപാടിനുശേഷം അദ്ദേഹത്തിന്റെ ത്യാഗസമ്പന്നമായ വേല എത്രമാത്രം പുരോഗമിച്ചുവെന്ന് പരിശോധിക്കുവാനും ഉള്ള ഒരു സുവർണ്ണഘട്ടമാണ്.

സന്തപ്തയായ മലയാളമനോരമയുടെ തൂലികയിൽനിന്ന്, അന്ന് നിർഗ്ഗളിച്ച ഒരു ചെറുചിത്രം നൽകിക്കൊണ്ട് എന്റെ ഉദ്യമം സമാരംഭിച്ചുകൊള്ളട്ടെ. "മായാത്ത വ്യക്തിമുദ്ര സുറിയാനി സമുദായ ചരിത്രത്തിൽ അദ്ദേഹം പതിച്ചിട്ടുണ്ട്. ഏതു സംരംഭങ്ങളിലും പ്രവേശിച്ചുകഴിഞ്ഞാൽ വിജയം നേടിയേ അടങ്ങൂ എന്ന അദ്ദേഹത്തിന്റെ ഇച്ഛാശക്തിയും പുരുഷത്വവും പ്രദർശിപ്പിച്ചിട്ടുള്ള രംഗങ്ങൾ എത്ര വേണമെങ്കിലും എണ്ണിപ്പറയത്തക്കവണ്ണം അത്ര സുവിദിതങ്ങളാണ്." വൻകാര്യങ്ങൾ നിർവ്വഹിക്കുന്ന അസാധാരണവ്യക്തികളെ ശത്രുവ്യൂഹം വലയംചെയ്യുക സാധാരണമാണ്. പക്ഷെ അവർപോലും നമ്മുടെ കഥാപുരുഷനെ അകമഴിഞ്ഞ് ബഹുമാനിക്കുകയാണ് ഇന്ന്.

മാർ ഈവാനിയോസ് തിരുമേനിയുടെ മരണശയ്യ ഹൃദയശാന്തിയുടേയും ശത്രുക്ഷമയുടേയും ഒരു പ്രസംഗവേദിയായിരുന്നു. ദീർഘനാൾ ആ മഹാവ്യക്തി ആസന്നമരണനായി പരിത്യാഗത്തിന്റെ ബലിപീഠത്തിൽ കഴിഞ്ഞുകൂടുകയായിരുന്നുവല്ലോ. ശത്രുമിത്രഭേദമെന്യേ, ഉയർന്നവരും താഴ്ന്നവരും, പൊലിഞ്ഞുകൊണ്ടിരുന്ന ആ മണിദീപത്തെ ഒരു നോക്കു കാണുവാനായി അഹമഹമികയാ ഓടിക്കൂടിയിരുന്നു. ആ വീരാത്മാവോ, അവസാനവേളയിലും തന്റെ മഹത്വമേറിയ ജീവിതത്തിന്റെ കയറാദീപ്തി സ്ഫുടമായ ക്ഷമാപണസ്വരത്തിലൂടെ പ്രോജ്ജ്വലിപ്പിച്ചുകൊണ്ടുമിരുന്നു. ഹൃദയസ്പൃക്കായ ഈ നാടകീയരംഗം എത്രയെത്ര മനുഷ്യഹൃദയങ്ങളെ സ്വർഗ്ഗീയശാന്തിയിലേക്ക് ഉയർത്തിയില്ല!

മാർ ഈവാനിയോസ്. മധുരസുന്ദരമായ ആ പാവനനാമശ്രവണമാത്രയിൽ, പുനരൈക്യപ്രസ്ഥാനവല്ലരി ഓളംവെട്ടി പുളകംകൊള്ളുന്നു. ശിശുസഹജമായ അവളുടെ ബാലാരിഷ്ടതകളെ തട്ടിനീക്കിക്കൊണ്ട്, യൗവനതുല്യമായ ഓജസ്സോടുകൂടി തല ഉയർത്തിപ്പിടിച്ച്, കൃതജ്ഞതയുടെ



അനുതാപികൾക്കു മാതൃകയായ വിശുദ്ധ മറിയം മഗ്ദലേന

(തിരുനാൾ—ജൂലൈ 22)

ഈരടികൾ അവൾ പാടുകയാണ്. കർമ്മധീരതയോടെ അവൾ മുന്നേറുന്നു. വെന്തുനീറുന്ന നൂറുനൂറു ഹൃദയങ്ങളെ അവൾ സ്നേഹതന്തുവിൽ കോർത്തിണക്കുകയാണ്. ക്രിസ്തുനാഥന്റെ അനുശാസനങ്ങളെ പേറിക്കൊണ്ട്, മറിയത്തിന്റെ പുതിയ സൈനികർ—ലീജിയൻ ഓഫ് മേരി അംഗങ്ങൾ—സംഘം സംഘമായി പടക്കളത്തിലേക്കു നീങ്ങുകയാണ്. ഇതായിരുന്നു ആ മഹാ സേനാനി വിഭാവനംചെയ്തതും പ്രാരംഭമിട്ടതുമായ വിജയപദ്ധതി. ശത്രുക്കളുടെ കോട്ടക്കൊത്തളങ്ങളെ പടിപടിയായി അവർ നിലംപരിശാക്കുന്നു.

പുനരൈക്യപ്രസ്ഥാനമാകുന്ന പടക്കളത്തിൽ പ്രവർത്തനനിരതരായി ആയിരത്തിഅഞ്ഞൂറിൽപ്പരം മരിയസൈനികർ ആദ്ധ്യാത്മികായുധസന്നാഹത്തോടെ അണിനിരന്നുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മേയ്മാസം അവസാനവാരത്തിൽ തിരുവനന്തപുരം അതിരൂപതവകയായി വിവിധ പരിപാടികളോടുകൂടി മാർ ഈവാനിയോസ് കോളേജിൽ നാലുദിവസങ്ങളിലായി നടത്തിയ ലീജിയൻ കോൺഗ്രസ്സ് പ്രതീക്ഷയിൽ കവിഞ്ഞ ഒരു വിജയമായിരുന്നു. പെരുനാടു മുതൽ കന്യാകുമാരിവരെയുള്ള തൊണ്ണൂറ് ലീജിയൻ ശാഖകളിൽനിന്ന് 350 ഓളം സൈനികർ അത്യധികം ആഹ്ളാദത്തോടെ അതിൽ ആദ്യന്തം പങ്കുകൊണ്ടു. വിശ്വാസചൈതന്യത്തിന്റെ ഒരു സജീവപ്രകടനരംഗമായിരുന്നു അത്. കോൺഗ്രസ്സ് സമ്മേളനങ്ങളിൽ ആദ്ധ്യക്ഷംവഹിച്ച അഭിവന്ദ്യപിതാക്കന്മാർ അതീവസന്തുഷ്ടരായി; മദ്രാസിൽനിന്നു വന്നിരുന്ന "സെനാത്തൂസ്" ഉദ്യോഗസ്ഥാംഗങ്ങൾ അനുമോദിച്ചു പ്രസംഗിച്ചു; വൈദികർ ആനന്ദബാഷ്പകണങ്ങൾ പൊഴിച്ചു; സ്വർഗ്ഗീയ അമ്മയുടെ അജയ്യമായ നേതൃത്വത്തിന്റെ ശക്തികണ്ട് സമ്മേളനം ആശ്ചര്യമൂകമായിത്തീർന്നു. സംഘടനാപരമായ പ്രവർത്തനത്തിന്റെ ആവശ്യകത ഏവർക്കും ബോദ്ധ്യപ്പെട്ടു.

അടുത്തകാലത്ത് ചെങ്ങന്നൂർ മിഷനിൽപ്പെട്ട ലീജിയൻ സൈനികരുടെ അവിശ്രമയത്നംകൊണ്ട് സമീപപ്രദേശങ്ങളായ പുലിയൂരും, കീടങ്ങന്നൂരും അമ്പതു വീട്ടുകാർ വീതം വരുന്ന ഓരോ മിഷൻ സങ്കേതങ്ങൾ സമാരംഭിച്ചിട്ടുണ്ട്. ലീജിയന്റെ അപ്പസ്തോലികമായ പ്രവർത്തനഫലമായി അനേകം ഇടവകകളിൽ ആത്മീയചൈതന്യം വർദ്ധിക്കുകയും, വിശ്വാസദീപ്തി ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. പുതിയ ശാഖകളും "ക്യൂരിയാ"കളും സംഘടിപ്പിച്ചും വരുന്നു. അടുത്ത ദിവസം ഒരു ലീജിയൻ ക്യൂരിയാ ഉദ്ഘാടനം ചെയ്ത വേളയിൽ അതിവന്ദ്യ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പറയുകയായിരുന്നു: "സൈനികരാകുന്നവർ മത്തുപിടിച്ചവരെപ്പോലെ ഉന്മേഷഭരിതരായിത്തീരുന്നു" എന്ന്. ലീജിയൻ പ്രവർത്തനം അതിവേഗത്തിൽ സാധാരണക്കാരുടെയിടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. അതിശയകരമായ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഒരു ചെറു സംഭവം ഉദ്ധരിച്ചുകൊള്ളട്ടെ.

അറുപതുവയസ്സുള്ള ഒരു വൃദ്ധ ലീജിയൻ അംഗമായശേഷം സമീപെയുള്ള ഒരു യാക്കോബായ വീട്ടിൽ പോയി ജപമാല എത്തിക്കുവാൻ തുടങ്ങി. രണ്ടുമൂന്നു ദിവസത്തേക്ക് ആ വീട്ടുകാർ മൗനം ദീക്ഷിച്ചു. അടുത്തൊരു ദിവസം വീടുവിട്ടിറങ്ങിപ്പോകണമെന്ന് അവർ ആ വൃദ്ധയോട് നിർബന്ധിച്ചു. വിധവയായ ആ സ്ത്രീ മുറ്റത്തിറങ്ങിയിരുന്നു പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു. എന്തിന്? ആ കുടുംബം വിനാവിളംബം കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി.

മിഷനറി പ്രഭുവായ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു കന്യാസ്ത്രീ അമ്മയുടെ ലീജിയൻ പ്രബലമായ ഒരു പാധിയായി നിർണ്ണയിച്ചിരുന്നു. രോഗശയ്യയിൽവച്ച് ലീജിയൻ പ്രവർത്തകരെ സമുദ്ധിയായി തിരുമേനി അനുഗ്രഹിക്കുകയുണ്ടായി. ബോംബെയിൽനിന്ന് വന്നിരുന്ന ലീജിയൻ പ്രതിനിധിക്ക് എല്ലാവിധ അനുഗ്രഹങ്ങളും ആശീസ്സുകളും നൽകി വലിയ പ്രോത്സാഹനം നൽകുകയും, രൂപതയിൽ എല്ലാഭാഗത്തും സൈനികശാഖകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും അദ്ദേഹം ചെയ്തതാണ്. ചുരുങ്ങിയ കാലയളവിൽ ലീജിയൻ പ്രവർത്തനം പുറപ്പെടുവിച്ച അത്ഭുതഫലങ്ങൾ ദർശിക്കുന്ന ഒരാളിന്, ആ വന്ദ്യപിതാവിന്റെ ആഗ്രഹം നിറവേറുവാ

ചെറുകഥ

# ബാബിലോണിയരുടെ ദൈവങ്ങൾ

(ജി. സി. ടീലർ)

പ്രതാപവാനായിരുന്ന നബുക്കദ്നേസർ മഹാരാജാവു് നാടുനീങ്ങി. അദ്ദേഹത്തിന്റെ പുത്രൻ എവിൽമെറോദക്കു് (Evilmerodach) രാജ്യഭാരം കൈയേററു് ഭരണമാരംഭിച്ചു. അക്കാലത്തും രാജാരമനയിൽ ഒരു സുപ്രധാനവ്യക്തിയായിരുന്നു ഡാനിയേൽ. അദ്ദേഹത്തിന്റെ ആലോചനകൂടാതെ രാജ്യകാര്യങ്ങൾ ഒന്നുംതന്നെ രാജാവു നടത്തിയിരുന്നില്ല. ഏതുസമയത്തും രാജസന്നിധിയിൽ പ്രവേശിക്കുന്നതിനുള്ള അനുവാദവും അദ്ദേഹത്തിനുണ്ടായിരുന്നു.

"ഡാനിയേൽ, നാം നമ്മുടെ ശക്തനായ ദൈവത്തെ ആരാധിക്കുന്നതിനു ദേവാലയത്തിലേക്കു പോകുകയാണു്. ഇഷ്ടമുണ്ടെങ്കിൽ താങ്കളെയും നമ്മുടെകൂടെ രഥത്തിൽ കൊണ്ടുപോകാം." ഒരു ദിവസം വൈകുന്നേരം ഡാനിയേലിനെ രാജാവു ക്ഷണിച്ചു. എന്നാൽ ഡാനിയേലിനു് ചില കാര്യങ്ങൾ അറിയേണ്ടതുണ്ടായിരുന്നു. വിനയപുരസ്സരം അദ്ദേഹം ചോദിച്ചു രാജാവിനോടു്: "അവിടെ ഏതു ദൈവത്തെയാണു് അങ്ങു ആരാധിക്കുന്നതു്?"

"സർവ്വശക്തനും സർവ്വജ്ഞനുമായ ബെൽ എന്ന ദേവനെ താങ്കൾ അറിയുന്നില്ലയോ? ബാബിലോണിയക്കാർ ഒന്നടങ്കം ആ ദേവന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു."

"മഹാരാജാവേ. ക്ഷമിക്കണം. അടിയൻ ഒരു യഹൂദനാണെന്നു് അവിടുത്തേക്കറിയാമല്ലോ. സകല ചരാചരങ്ങളുടെയും സ്രഷ്ടാവും പരിപാലകനുമായ സത്യദൈവത്തെയല്ലാതെ കരനിർമ്മിതമായ വിഗ്രഹങ്ങളെ അവർ ആരാധിക്കയില്ല. ജീവിക്കുന്നവനായ ദൈവം യഹോവാ മാത്രമാണു്."

"വിവേകശൂന്യമായിരിക്കുന്നു താങ്കളുടെ സംസാരം, ഡാനിയേൽ. ദിവസംപ്രതി 60 പറ ഗോതമ്പും 40 ആടും 60 വീപ്പവീഞ്ഞും ഉള്ളിലാക്കുന്ന ബെൽ ജീവനില്ലാത്ത ദൈവം എന്നു താങ്കൾ പറയുമോ?"

ഡാനിയേൽ പുഞ്ചിരിതൂകിക്കൊണ്ടു് നിശ്ശബ്ദനായി അല്പസമയം നിന്നു. എന്നിട്ടു പറഞ്ഞുതുടങ്ങി: "മഹാരാജാവേ, ആ വിഗ്രഹം രണ്ടു നിർജ്ജീവസാധനങ്ങൾകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതാണു്. അകം കളിമണ്ണുകൊണ്ടു് നിറച്ചിരിക്കുന്നു. പുറമെ പിച്ചളയും. അതൊരിക്കലും തിന്നുകയോ കുടിക്കുകയോ ചെയ്തിട്ടില്ലെന്നു് അടിയൻ സത്യംചെയ്തു ബോധിപ്പിച്ചുകൊള്ളുന്നു."

ചിന്താവിവശനായിട്ടാണു് അദ്ദേഹം അന്നു ദേവാലയത്തിലേക്കെഴുന്നള്ളിയതു്. ഉയർന്നുനില്ക്കുന്ന ബെൽദേവനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുട്ടുകൾ താനേ മടങ്ങിപ്പോയി. ആരാധനകഴിഞ്ഞു് അദ്ദേഹം പുറത്തിറങ്ങി പുരോഹിതന്മാരെ വിളിപ്പിച്ചു ചോദിച്ചു: "ബെൽദേവനെ ഈ പീഠത്തിൽ സ്ഥാപിച്ചിട്ടു് എത്ര കൊല്ലമായി?"

"പൊന്നുതിരുമേനി, ബെൽദേവനെ ആരും ഇവിടെ സ്ഥാപിച്ചതല്ല. സ്വർഗ്ഗത്തിൽനിന്നിറങ്ങി അദ്ദേഹംതന്നെ ഈ സ്ഥാനത്തു നിന്നതാണു്."

"എന്നാൽ നാം മാറുവിധത്തിൽ കേൾക്കുന്നു. കളിമണ്ണും പിച്ചളയുംകൊണ്ടുണ്ടാക്കിയിട്ടുള്ള വിഗ്രഹമാണെന്നാണു് ചിലർ പറയുന്നതു്."

"പൊന്നുതിരുമേനി, ഇസ്രായേലിന്റെ സന്തതികൾ വല്ലവരും അങ്ങയെ അങ്ങനെ ധരിപ്പിച്ചിട്ടുണ്ടാകും. നമ്മുടെ ദേവന്മാരെ ബഹുമാനിക്കുന്നവരല്ല അവർ. നമ്മുടെ ദൈവങ്ങളെ ആക്ഷേപിക്കയും നിന്ദിക്കയും ചെയ്യുക അവരുടെ ഒരു പതിവാണു്."

"ഏതായാലും നാം ഒന്നു പരീക്ഷിക്കുവാൻ ഉറപ്പിച്ചിരിക്കുന്നു. 60 പറ ഗോതമ്പും 40 ആടും 60 വീപ്പ വീഞ്ഞും നമ്മുടെ ദേവനാണുപയോഗിക്കുന്നതെന്നു് നിങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തണം. അല്ലാത്തപക്ഷം വഞ്ചനയ്ക്കും അനീതിക്കും നിങ്ങൾക്കു മരണശിക്ഷ. ദേവൻ ഇതെല്ലാം ഭക്ഷിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ടാൽ ബെൽദേവനെ ദൂഷിവാക്കു പറഞ്ഞതിനു് ഡാനിയേൽ ശിക്ഷ അനുഭവിക്കണം."

ഡാനിയേലാണു് തങ്ങളുടെ പ്രതിയോഗിയെന്നറിഞ്ഞപ്പോൾ അവർക്കു് അനല്പമായ ഭീതിയുണ്ടായി. എങ്കിലും പരീക്ഷണത്തിൽ വിജയംപ്രാപിച്ചാൽ തങ്ങളുടെ പ്രതാപവാനായ ശത്രു എന്നേക്കുമായി തിരോധാനം ചെയ്തുകൊള്ളുമല്ലോ എന്ന സംതൃപ്തിയും അവരിലുദിച്ചു. "മഹാരാജാവേ, ആ പരീക്ഷണം നടക്കുകതന്നെ വേണം. ദേവനല്ല ഭക്ഷിക്കുന്നതെന്നു തെളിഞ്ഞാൽ ഞങ്ങളെല്ലാം, കുഞ്ഞുകുട്ടിപരാധീനങ്ങളടക്കം മരണശിക്ഷ അനുഭവിച്ചുകൊള്ളാം. എന്നാൽ ദേവനാണു് ഭക്ഷിക്കുന്നതെങ്കിൽ, ബെൽമഹാദേവനെക്കുറിച്ചു് ദൂഷണംപറഞ്ഞ ആ മഹാദ്രോഹിയെ അങ്ങു ഗളച്ഛേദം ചെയ്യണം." രാജാവു തിരിയെവന്നു് ഡാനിയേലിനെ വിവരം ധരിപ്പിച്ചു. ആ വെല്ലുവിളി സ്വീകരിക്കുകയാണു ചെയ്തതു്, അദ്ദേഹം.

ദേവാലയത്തിൽ അന്നു ധാരാളം ആളുകൾ കൂടിയിരുന്നു. "ബെൽദേവൻ തന്റെ മഹാശക്തി കാണിക്കും" എന്നു് ബാബിലോണിയാക്കാർ കൂട്ടംകൂടി ആർത്തുവിളിച്ചുകൊണ്ടാണിരുന്നതു്. രാജാവിനെയും ഡാനിയേലിനെയുംകൂടി കണ്ടപ്പോൾ അവർ നിശ്ശബ്ദരായി. ബെൽദേവന്റെ 70 പുരോഹിതന്മാരും അവരുടെ ഭാര്യമാരും മക്കളുംകൂടി ഒരു ഭാഗത്തേക്കു് തിരിഞ്ഞുനിന്നു. പ്രധാന പുരോഹിതൻ രാജാവിനെ സമീപിച്ചിട്ടു പറയുകയാണു്: "മഹാരാജാവേ, 60 പറ പുഴുങ്ങിയ ഗോതമ്പും, അതിനടുത്ത വിഭവങ്ങളും, 40 ആടും, 60 വീപ്പ വീഞ്ഞും പതിവുപോലെ ഞങ്ങൾ ദേവന്റെ പീഠത്തുങ്കൽ വച്ചിരിക്കുന്നു. അവിടുന്നു് ഡാനിയേലിനോടൊന്നിച്ചു് അകത്തെഴുന്നള്ളി അതെല്ലാം തൃക്കൺപാർത്തു് ഉറപ്പുവരുത്തുക. അതിനുശേഷം ദേവാലയത്തിന്റെ കതകുകളെല്ലാം ഞങ്ങൾ അടയ്ക്കാം. ഡാനിയേൽ തന്നെ പോയി വാതിലുകളെല്ലാം പരിശോധിച്ചുകൊള്ളട്ടെ. അവസാനം, മുൻവാതിൽ അവിടുത്തെ തൃക്കൈകൊണ്ടുതന്നെ പൂട്ടി അവിടുത്തെ മോതിരംകൊണ്ടു് മുദ്രകുത്തുകയും ചെയ്തുകൊള്ളുക. അവിടുന്നു് തുറക്കാതെ ഒററ ജീവജാലം പോലും ഇതിനകത്തു പ്രവേശിക്കയില്ല എന്നു് ഉറപ്പായി ഉണർത്തിച്ചുകൊള്ളട്ടെ. നാളെ അവിടുന്നു് ഡാനിയേലിനോടുകൂടി എഴുന്നള്ളി ദേവാലയം തുറന്നു പരിശോധിക്കുക. സാധനങ്ങളെല്ലാം അന്തർദ്ധാനം ചെയ്തിരിക്കുന്നെങ്കിൽ ബെൽദേവനെപ്പററി ദുഷ്പ്രവാദം പറഞ്ഞുപരത്തിയ ദ്രോഹി ശിക്ഷിക്കപ്പെടണം. സാധനങ്ങളെല്ലാം ഇന്നത്തതുപോലെ അവശേഷിക്കുന്നെങ്കിൽ ഈ നില്ക്കുന്ന മുന്നൂറിൽപ്പരം ആളുകൾ മരണത്തിനു് ഒരുങ്ങിക്കൊള്ളാം."

സസന്തോഷം സ്വീകരിച്ചു ഡാനിയേൽ ആ വ്യവസ്ഥ. രാജാവും ഡാനിയേലുംകൂടി ദേവാലയത്തിനകത്തു പ്രവേശിച്ചു. പുറത്തുനിന്നിരുന്നവർ അപ്പോൾ ബെൽദേവനും എവിൽമെറോദക്കു് രാജാവിനും പുരോഹിതന്മാർക്കും ജയ്‌വിളിക്കയുണ്ടായി. ദേവന്റെ പാദപീഠത്തുങ്കൽ ശേഖരിച്ചിരുന്ന ഗോതമ്പും, വീഞ്ഞും, ആടും അവർ പരിശോധിച്ചു. എല്ലാം തിട്ടം വരുത്തിയശേഷം "സകലരും പുറത്തുകടക്കട്ടെ" എന്നു കല്പിച്ചു രാജാവു്. ഡാനിയേൽമാത്രം അകത്തുനിന്നു; വാതിലുകൾ എല്ലാം പരിശോധിച്ചുനോക്കി. എല്ലാം ഭദ്രമായി അടച്ചിരിക്കുന്നു. പുറത്തിറങ്ങുന്നതിനു മുമ്പു് അദ്ദേഹം ദേവന്റെ പീഠത്തിനു ചുററും വളരെ കരുതലോടെ ചാരം വിതറി.

മുൻവാതിൽ പൂട്ടി മുദ്രവയ്ക്കപ്പെട്ടു. രാജാവും ഡാനിയേലും രഥത്തിൽ കയറി കൊട്ടാരത്തിലേക്കു പോയി. സുഖമായിരുന്നു തിരിച്ചുള്ള യാത്ര. ഡാനിയേലിൽ യാതൊരു അധൈര്യവും അദ്ദേഹം കണ്ടില്ല. "ഡാനിയേൽ, താങ്കൾ എത്ര വലിയ ഒരപകടത്തിലാണു ചാടിയിരിക്കുന്നതെന്നറിയാമോ?" രാജാവു സുസ്മേരവദനനായി ചോദിച്ചു. "മഹാരാജാവെ, അക്കാര്യത്തിൽ അങ്ങു ശങ്കിക്കയേ വേണ്ടാ നാളെ മുന്നൂറിൽപരം കഴുവുമരങ്ങൾ ഏർപ്പാടുചെയ്യുന്നതായിരിക്കും ഉത്തമം. ബെൽദേവൻ അതിൽനിന്നു് ഒരു തരി തിന്നുകയോ ഒരു തുള്ളി കുടിക്കയോ ചെയ്യുകയില്ല."

"പിന്നെ അതെല്ലാം എങ്ങനെ അപ്രത്യക്ഷമാകുന്നു ദിവസവും?"

"വിശപ്പും ദാഹവുമുള്ളവർ ദേവന്റെ പേരുപറഞ്ഞു് അതു് ആഹരിക്കുന്നു."

"നമ്മുടെ അഭിവന്ദ്യരായ പുരോഹിതന്മാർ എന്നോ താങ്കൾ പറയുന്നതു്?"

"അടിയൻ അതു പറയുന്നില്ല. തിരുമനസ്സിനെ ബോദ്ധ്യപ്പെടുത്താം."

ദേവാലയത്തിന്റെ നടുമുററം നിറയെ ആളുകൾ തിങ്ങിക്കൂടിയിരിക്കയാണു്. ബെൽദേവന്റെ അത്ഭുതം കാണുവാനുള്ള തിടുക്കം വർദ്ധിച്ചു. പലരുടെയും ദൃഷ്ടികൾ രാജകീയരഥം വരുന്ന വഴിയിലേക്കായി. വിജയോന്മത്തരായി പുരോഹിതന്മാരും അവരുടെ ഭാര്യമാരും കുട്ടികളും നടക്കുന്നു. ഡാനിയേലിനുവേണ്ടി ഒരു കഴുവുമരവും അവർ തയാറാക്കിയിരിക്കയാണു്. ബെൽദേവനെ അധിക്ഷേപിച്ച ദ്രോഹിയുടെ മരണം ദേവന്റെ മുമ്പിൽവച്ചുതന്നെ നടക്കണമെന്നായിരുന്നു അവിടെ കൂടിയ ജനങ്ങളുടെ ആഗ്രഹം.

രാജാവിന്റെ രഥം ദേവാലയത്തിന്റെ മുററത്തു് കഴുവുമരത്തിന്റെ ചുവട്ടിൽ വന്നുനിന്നു. ഡാനിയേലും രാജാവും രഥത്തിൽനിന്നും ഇറങ്ങി. അവരുടെ ദൃഷ്ടിയിൽപ്പെട്ടു ആ കഴുവുമരം. രാജാവിനു് ഒരു ഞെട്ടലുണ്ടായി തന്റെ സ്നേഹിതൻ നഷ്ടപ്പെടുമോ എന്നു്. എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ രാജാവു് മുദ്രപൊട്ടിച്ചു വാതിൽ തുറന്നു. അത്ഭുതത്തോടുകൂടിയാണു് പീഠത്തിന്റെ മുമ്പിൽ ഒഴിഞ്ഞ പാത്രങ്ങൾ രാജാവു കണ്ടതു്. ബെൽദേവന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "ഓ ദേവാ, അങ്ങു് ജീവിക്കുന്നവൻ തന്നെ. അങ്ങിൽ ഒരു വഞ്ചനയുമില്ല." പുറത്തു തിങ്ങിനിന്നിരുന്നവർ അതു് ഏററുപാടി. ഡാനിയേലിനെ കൊല്ലുക, കൊല്ലുക എന്ന അട്ടഹാസങ്ങൾ അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടു് ഉയർന്നു. ക്ഷണനേരം രാജാവു വിവർണ്ണവദനനായി. എന്നാൽ ഉറക്കെ ചിരിക്കയായിരുന്നു ഡാനിയേൽ. "താങ്കൾക്കു് ഇനി എന്തുപറയാനുണ്ടു്?" രാജാവിന്റെ ചോദ്യം.

"മഹാരാജാവേ, അങ്ങു് ഉള്ളിലേക്കു സൂക്ഷിച്ചുനോക്കുക. ആ പീഠത്തിനു ചുററും എന്തു തൃക്കൺ പാർക്കുന്നു?"

"ഹ ഹ ഹ, അനേകം കാല്പാടുകൾ. വൃദ്ധന്മാർ, വൃദ്ധകൾ, യുവാക്കന്മാർ, യുവതികൾ, ബാലികാബാലന്മാർ എല്ലാവരുമുണ്ടു്."

രാജാവു കോപാക്രാന്തനായി. "പുരോഹിതന്മാരും, അവരുടെ ഭാര്യമാരും സന്താനപരമ്പരകളും ഉടൻ നമ്മുടെ മുമ്പിൽ ഹാജരാകട്ടെ"—രാജകല്പന. എന്തു സംഭവിച്ചു എന്നറിയാതെ അവർ പരുങ്ങി. വിറച്ചുകൊണ്ടാണു് അവർ രാജാവിന്റെ മുമ്പിൽ നിന്നതു്. യഹൂദപക്ഷപാതിയായ രാജാവു് ബെൽദേവന്റെ നിരപരാധികളായ പുരോഹിതന്മാരെ എന്തുചെയ്യുവാൻ പോകുന്നു എന്നു പരിഭ്രമിക്കയായിരുന്നു ജനങ്ങൾ. പ്രധാന പുരോഹിതനെ അടുക്കൽ വിളിച്ചു ദേവാലയത്തിനകത്തു ചാരത്തിൽ പതിഞ്ഞിരുന്ന കാൽപ്പാടുകളെ രാജാവു കാണിച്ചുകൊടുത്തു. ഞെട്ടിപ്പോയി അയാൾ. തങ്ങളെ വെല്ലുന്ന ബുദ്ധിസാമർത്ഥ്യം ഡാനിയേലിനുണ്ടാകുമെന്നു് അയാൾ വിചാരിച്ചിരുന്നില്ല. രാജാവു് വീണ്ടും ഒരു കല്പന നൽകി: "പൂട്ടിയിട്ടിരുന്ന ദേവാലയത്തിനകത്തു് നിങ്ങൾ പ്രവേശിച്ച ഗൂഢവഴികൾ നമ്മെ കാണിക്കുക." പുരോ

---

ൻ സ്വർഗ്ഗീയ അമ്മ ദൃഢനിശ്ചയം എടുത്തിരിക്കുകയാണെന്നു് ബോദ്ധ്യമാകും. കിഴക്കൻദിക്കിന്റെ ന്യൂമാനായ ആ മഹാപുരുഷൻ നട്ടുവളർത്തിയ പുനരൈക്യപ്രസ്ഥാനം, പരി. കന്യാസ്ത്രീഅമ്മയുടെ സവിശേഷമായ പരിലാളനയാൽ ലീജിയൻ സൈനികപ്രവർത്തനംവഴി ഇന്നു് തഴച്ചുവളർന്നുകൊണ്ടിരിക്കുകയാണു്.

1930-ൽ ആരംഭിച്ച ആ പ്രസ്ഥാനത്തിന്റെ രജതജൂബിലി മഹാമഹം ഏററവും സമീപിച്ചിരിക്കുന്ന ഈ സുവർണ്ണവേളയിൽ, കേരളീയരായ നമുക്കു് കരണീയമായിട്ടുള്ളതു്, തൽപ്രസ്ഥാനകർത്താവിന്റെ അപ്പസ്തോലികയത്നത്തെ വിജയിപ്പിക്കുകയെന്നുള്ളതാണു്. അതിനായി നമ്മുടെ വിശ്വാസദീപ്തിയെ വർദ്ധിപ്പിക്കുകയും, ബഹുമുഖങ്ങളായ നമ്മുടെ കഴിവുകളെ ഏകീഭവിപ്പിക്കുകയും ചെയ്യാം. ഓരോരോ വിശ്വാസിയും ഓരോരോ അടി മുന്നോട്ടുവയ്ക്കട്ടെ.



# കേരളത്തിലെ ഒരു സുപ്രസിദ്ധ മരിയതീർത്ഥം

## കൊരട്ടിമുത്തിയുടെ ദേവാലയം

(ററി. കെ. വർക്കി, ചേർത്തല)

മഹനീയമായ ഒരു മരിയജൂബിലിവത്സരമാണിതു്. നമ്മുടെ മാതൃഭൂമിയിൽ മരിയദേവാലയങ്ങൾ ഓരോ രൂപതയിലും ധാരാളമുണ്ടു്. എങ്കിലും മരിയാംബികയുടെ അത്ഭുതസിദ്ധികൾ സുലഭമായ ചുരുക്കം ചില ദേവാലയങ്ങൾ മരിയതീർത്ഥവേദികളായി രൂപതാധീശന്മാർ ഈ ജൂബിലിവത്സരത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ടു്. ആ മരിയതീർത്ഥങ്ങളിൽ തനിച്ചോ സമൂഹമായോ ചെന്നെത്തി പ്രാർത്ഥിക്കുന്നവർക്കു് ഈ ജൂബിലിവത്സരത്തിൽ പ്രത്യേക ദണ്ഡവിമോചനങ്ങൾതന്നെ പരിശുദ്ധപിതാവു് മാർപ്പാപ്പാ തിരുമേനി കല്പിച്ചു നൽകുകയും ചെയ്തിട്ടുണ്ടല്ലോ?

എറണാകുളം അതിരൂപതയിൽ മരിയദേവാലയങ്ങൾ വളരെയുണ്ടെങ്കിലും ഈ ജൂബിലിവത്സരത്തിൽ മരിയതീർത്ഥങ്ങളായി അഭിവന്ദ്യ മെത്രാപ്പോലീത്താതിരുമേനി പ്രഖ്യാപിച്ചിട്ടുള്ളതു് 4 ദേവാലയങ്ങളാണല്ലോ. കൊരട്ടി, മട്ടം, വെച്ചൂർ, നാഗപ്പുഴ എന്നീ നാലു മരിയതീർത്ഥങ്ങളിൽ അതിപ്രാധാന്യമർഹിക്കുന്ന കൊരട്ടിമുത്തിയമ്മയെപ്പററിയും ദേവാലയത്തെപ്പററിയും അല്പം ചില വിവരങ്ങൾ പ്രഥമമായി പ്രസ്താവിക്കാമെന്നു കരുതുന്നു.

കൊച്ചീസംസ്ഥാനം മുകുന്ദപുരം താലൂക്കിൽ മുരിങ്ങൂരു് തെക്കുംമുറി വില്ലേജിലാണു് കൊരട്ടിപ്പള്ളി സ്ഥിതിചെയ്യുന്നതു്. എറണാകുളം—ഷൊർണ്ണൂർ റെയിൽവേ ലൈനും മെയിൻ സെൻട്രൽ റോഡും കൊരട്ടി അങ്ങാടിക്കു സമീപംകൂടിയാണു കടന്നുപോകുന്നതു്. അതിപുരാതനപ്രസിദ്ധിയുള്ള കൊരട്ടിയങ്ങാടി ഇപ്പോഴും ഒരു പ്രമുഖ നസ്രാണികേന്ദ്രമാണു്. കൊരട്ടിയങ്ങാടിമദ്ധ്യത്തിൽ മുത്തിയമ്മയുടെ ഈ വിഖ്യാതദേവാലയം സ്ഥിതിചെയ്യുന്നു. കൊരട്ടി—അങ്ങാടി തീവണ്ടിസ്റ്റേഷനിൽനിന്നു് കഷ്ടിച്ചു് 6 ഫർലോങ്ങും മെയിൻറോഡിൽനിന്നു 2 ഫർലോങ്ങും, പള്ളിയിലേക്കു ദൂരംവരും. കൊരട്ടിപ്രദേശത്തു് ഇക്കാലത്തും ഭൂരിപക്ഷ ജനസമൂഹം സീറിയൻ കത്തോലിക്കരാകുന്നു. കൃഷിപ്രധാനമായ ഈ ഗ്രാമപ്രദേശത്തിനു്, "ജമുനാ നൂൽനിർമ്മാണഫാക്ടറി" തുടങ്ങിയ ചില വൻകിട വ്യവസായശാലകളും വലിയൊരു കുഷ്ഠരോഗാശുപത്രിയും ദേശമാഹാത്മ്യം വളർത്തുന്നുണ്ടെങ്കിലും "കൊരട്ടിമുത്തി"യുടെ അത്ഭുതസിദ്ധികൾമൂലം അവിടം മദ്ധ്യകേരളത്തിലെ ഒരു സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രമായി പരിലസിക്കുന്നു.



കൊരട്ടിമുത്തിയുടെ അത്ഭുത തിരുസ്വരൂപം

കൊരട്ടിപ്പള്ളിയുടെ സ്ഥാപനം എ. ഡി. 1381-ലാണെന്നാണു് ദേവാലയ റിക്കാർഡുകൾ. അക്കാലത്തു് ഒരു ദേശവഴിയായിരുന്ന കൊരട്ടി സ്വരൂപഭരണാധികാരി രാജസേവകരായിരുന്ന നസ്രാണികൾക്കു പണിയിച്ചുകൊടുത്ത ഒരു ദേവാലയമാണിതു്. അതിനൊരു പ്രത്യേക ചരിത്രമുള്ളതു് ഇവിടെ സംക്ഷേപിക്കാം. കൊരട്ടിസ്വരൂപവും സമീപമുണ്ടായിരുന്ന കോടശ്ശേരി സ്വരൂപവും തമ്മിൽശത്രുതയും കൂടക്കൂടെ യുദ്ധവും അക്കാലത്തുണ്ടായിരുന്നു. നായന്മാരെപ്പോലെ ആയോധനവിദഗ്ധരായ നസ്രാണികളും കൊരട്ടി സ്വരൂപസൈന്യശേഖരത്തിൽ അക്കാലത്തു് ധാരാളമുണ്ടായിരുന്നു. 1386-ാമാണ്ടിനിടയ്ക്കു് സൈന്യാധിപൻ കവലക്കാടൻ എന്ന ഒരു നസ്രാണീനേതാവായിരുന്നു. അക്കൊല്ലം കൊരട്ടി സ്വരൂപവും കോടശ്ശേരി സ്വരൂപവും തമ്മിലുണ്ടായ വാശിയേറിയ ഒരു യുദ്ധത്തിൽ കൊരട്ടി സ്വരൂപസൈന്യാധിപനായ കവലക്കാടൻ വെട്ടേററു ചരമംപ്രാപിച്ചു. നസ്രാണികൾക്കു സമീപത്തെങ്ങും ഒരു ദേവാലയമില്ലാത്തതിനാൽ ഒരു ദേവാലയനിർമ്മാണസഹായത്തിനു ഭരണാധികാരിയോടവർ തുടരെ അപേക്ഷിച്ചുകൊണ്ടാണിരുന്നതു്. വളരെ വിദൂരതയിലുള്ള അമ്പഴക്കാട്ടു പള്ളിവരെ കൊരട്ടി സ്വരൂപവാസികളായ ക്രൈസ്തവർ മതാനുഷ്ഠാനകർമ്മാദികൾക്കായി ബുദ്ധിമുട്ടിപ്പോകേണ്ടിയിരുന്നു. കവലക്കാടൻ സൈന്യാധിപന്റെ മൃതശരീരസംസ്കാരത്തിനും അമ്പഴക്കാട്ടേക്കു കൊണ്ടുപോകേണ്ടിയിരുന്നു. കൊരട്ടിയിലെ നസ്രാണികൾ തങ്ങളുടെ നേതാവിന്റെ മൃതശരീരം സൈനികബഹുമതികളോടെ സംസ്കാരശുശ്രൂഷയ്ക്കായി അമ്പഴക്കാട്ടേക്കു കൊണ്ടുപോയി. എങ്കിലും രാഷ്ട്രീയമായ ഏതോ തടസ്സമുണ്ടായി മൃതശരീരം അമ്പഴക്കാട്ടു് സംസ്കരിക്കാതെ കൊരട്ടിയിലേക്കവർ മടക്കിക്കൊണ്ടുപോരേണ്ടതായാണു വന്നതു്. ഇപ്പോൾ പള്ളിയിരിക്കുന്ന അങ്ങാടിമദ്ധ്യത്തിൽ പള്ളിക്കു മുൻവശം ഇപ്പോൾ കരിങ്കൽ കുരിശു നില്ക്കുന്നിടത്തു് മൃതശരീരം ഇറക്കിവച്ചിട്ടു ജനപ്രമാണികൾ ചെന്നു വിവരം നാടുവാഴിയെ ധരിപ്പിച്ചു. തങ്ങൾക്കു് സമീപം ഒരു ദേവാലയമില്ലാത്തതിന്റെ ബുദ്ധിമുട്ടുകളും അപമാനവും ഹൃദയസ്പർശകമാംവിധം അവർ സ്വരൂപത്തിങ്കൽ അറിയിച്ചു. നാടുവാഴിക്കും ആ നിവേദനം കാര്യമായി അപ്പോൾ തോന്നി. എന്തിനു്? അങ്ങാടിമദ്ധ്യത്തിൽ മൃതശരീരം ഇറക്കിവച്ച സ്ഥലത്തുതന്നെ സൈന്യാധിപന്റെ മൃതശരീരം സംസ്കരിക്കുകയും തൊട്ടടുത്തുതന്നെ നസ്രാണികളുടെ ഉപയോഗത്തിനായി അവരുടെ അന്നത്തെ പ്രതാപത്തിനനുസൃതമാംവിധം വമ്പിച്ച ദേവാലയത്തിന്റെ പണി രാജകീയച്ചെലവിൽ സമാരംഭിച്ചു് ഉടനെ പൂർത്തിയാക്കുകയും ചെയ്തു. പള്ളിയുടെ മുൻവശം സൈന്യാധിപന്റെ മൃതശരീരം സംസ്കരിച്ച സ്ഥാനത്തുണ്ടായിരുന്ന കുരിശു് അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്മാരകമെന്നവിധം വലിയൊരു കരിങ്കൽ കുരിശായി പിന്നീടു് സ്ഥാപിതമാകുകയുംചെയ്തു.



കൊരട്ടിമുത്തിയുടെ ദേവാലയം
വൈദികഭവനവും, മണിമാളികയും, സ്മാരകകരിങ്കൽക്കുരിശും പടത്തിൽ കാണുന്നു.

രാജകീയ ധനവിനിമയത്തിൽ ബ്രഹ്മാണ്ഡമായിത്തന്നെ അന്നു പണിചെയ്യപ്പെട്ട പൂർവ്വദേവാലയം, കൊല്ലവർഷം 964-ലെ മൈസൂർ കടുവായുടെ—ടിപ്പുസുൽത്താന്റെ— യുദ്ധാക്രമണവേളയിൽ തീവച്ചു നശിപ്പിക്കപ്പെടുകയുണ്ടായി. എന്നാൽഭിത്തികൾക്കോ അടിത്തറയ്ക്കോ നാശമൊന്നും നേരിട്ടില്ല. അല്പംചില പരിഷ്കാരങ്ങൾ പുറമേ വരുത്തുകയും മേൽക്കൂടുകൾ മാററി ഓടുമാററിയിടുകയും പരിഷ്കൃതമായ വാതായനങ്ങളും മററും പിന്നീടു് വെട്ടിമാററി പണിചെയ്യപ്പെടുകയും ചെയ്ത നിലയിലാണു്, കൊരട്ടിമുത്തിയമ്മയുടെ സുപ്രസിദ്ധ തീർത്ഥദേവാലയം നാമിപ്പോൾ കാണുന്നതു്. അംബരചുംബിയായ മണിമാളിക, ബ്രഹ്മാണ്ഡമായ വൈദികമന്ദിരം മുതലായവ കഷ്ടിച്ചു് ഒരു മുക്കാൽശതാബ്ദക്കാലത്തിനു മുമ്പു മാത്രം പണിയപ്പെട്ടിട്ടുള്ളതാണു്.

അഞ്ചേമുക്കാൽ ശതാബ്ദക്കാലത്തെ ചരിത്രമുള്ള ഈ ദേവാലയത്തറവാട്ടിൽനിന്നും മേലൂരുപള്ളി 1865-ലും, കാടുകുററിപ്പള്ളി 1876-ലും, തിരുമുടിക്കുന്നുപള്ളി 1939-ലും, മംഗലശ്ശേരിപ്പള്ളി 1947-ലും, മാമ്പ്രപ്പള്ളി 1948-ലും പ്രത്യേക ഇടവകകളായി പിരിഞ്ഞിട്ടുള്ളതാണു്. ഇത്രയും ശാഖകൾ പിരിഞ്ഞുപോയിട്ടും കൊരട്ടിദേവാലയത്തറവാട്ടിൽ ഇനിയും എണ്ണൂറിൽപ്പരം കുടുംബങ്ങളും ഏഴായിരത്തോളം ജനങ്ങളും അവശേഷിക്കുന്നുണ്ടു്. നല്ലനിലയിൽ ആൺപെൺകുട്ടികൾക്കായി നടന്നുവരുന്ന 2 ഹൈസ്കൂളുകൾ, ഒരു മിഡിൽസ്കൂൾ, 6 പ്രൈമറിസ്കൂളുകൾ ഇവ ഈ നാട്ടിലെ വിദ്യാഭ്യാസപോഷണാർത്ഥം പള്ളിയിൽനിന്നു നടത്തിവരുന്നുണ്ടു്. കൊരട്ടി കന്യകാമഠം എറണാകുളം അതിരൂപതയിലെ ആരാധനാമഠങ്ങളുടെ കേന്ദ്രഭവനവും ശതക്കണക്കിനു കന്യകമാർ അധിവസിക്കുന്ന ഒരു പാവനഭവനവുമാണു്. ഗേൾസ് ഹൈസ്കൂൾ കന്യകാമഠത്തിന്റെ ചുമതലയിലാണെങ്കിലും ആ മഠത്തിന്റെ ശ്രേയസ്സിനുവേണ്ടി പള്ളീസ്വത്തിൽനിന്നു സാരമായ സംഖ്യ ചെലവാക്കിയിട്ടുണ്ടു്. അങ്ങനെ അതിരൂപതയിലെ ഒരു പ്രധാനഘടകമായാണു് കൊരട്ടിപ്പള്ളി ഇന്നു പരിലസിക്കുന്നതു്.

കൊരട്ടിമുത്തിയമ്മയുടെ അത്ഭുതപ്രവൃത്തനങ്ങൾ നിരവധിയാണു്. ദിവ്യജനനിയിൽനിന്നു വിവിധങ്ങളായ അനുഗ്രഹങ്ങളും കാരുണ്യദാനങ്ങളും സിദ്ധിച്ച അനേകസഹസ്രം ജനങ്ങളാണു്, പ്രതിവർഷം ഒക്ടോബർമാസം 0-ാംനു തോറും അവിടെ നടക്കുന്ന പ്രധാന തിരുനാൾദിവസം ആ ജഗദംബികയുടെ പാദസവിധത്തിലെത്തി നന്ദിപ്രകടനം നടത്താറുള്ളതു്. ആണ്ടുതോറും കൂടിക്കൊണ്ടിരിക്കുന്ന ആൾക്കൂട്ടവും നേർച്ചവരവും ഇതിനു പ്രത്യക്ഷലക്ഷ്യവുമാണു്. ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ ജാതിമതഭേദമില്ലാതെ നിത്യമെന്നവിധം പള്ളിയിലെത്തി അനുഗ്രഹസിദ്ധികൾക്കു കൃതജ്ഞതാപ്രകടനം നടത്തിപ്പോകുന്ന ആളുകളുടെ സംഖ്യയും ഒട്ടും കുറവല്ല. അതിൽ മററു ജാതിക്കാരും മതക്കാരും ധാരാളമാണു്.

ദിവ്യജനനിയുടെ ഈ അനുഗ്രഹപ്രവൃത്തനങ്ങൾക്കു നിദാനമായ കൊരട്ടിയിലെ തിരുസ്വരൂപം കഷ്ടിച്ചു് രണ്ടരയടിയോളം പൊക്കമുള്ള മനോഹരവും കലാസുഭഗവുമായ ഒരു കൊത്തുരൂപമാണു്. ആ തിരുസ്വരൂപം എവിടെ ആരു നിർമ്മിച്ചു, എവിടെനിന്നും എക്കാലത്തെങ്ങനെ ഇവിടെ കിട്ടിയെന്നൊന്നും പള്ളിയിൽ രേഖകളില്ല; ഇക്കാലത്തവിടെയുള്ളവർക്കാർക്കും അറിവുമില്ല. ആ തിരുസ്വരൂപത്തിന്റെ അഴകും കലാഭംഗിയും ഒന്നു വേറെതന്നെയാണു്.

രാജകീയച്ചെലവിലും സഹായത്തിലും ഉദയംചെയ്ത ദേവാലയം ദൈവജനനിയുടെ പേരിലാണു് സ്ഥാപിതമായതെങ്കിലും വിശുദ്ധ റോസപ്പുണ്യവതിയുടെ പേരിലും വലിയൊരു ഭക്തി അവിടെ പ്രകടമായിക്കാണുന്നുണ്ടു്. കഴിഞ്ഞ രണ്ടു ശതവർഷക്കാലത്തിനിപ്പുറമാണു് ദൈവജനനിയുടെ അനുഗ്രഹസിദ്ധി അവിടെ വളർന്നുതുടങ്ങിയതു്. അതു് ദൈനംദിനമെന്നവിധം പ്രതിവർഷം വളർന്നുവരുകയുമാണു്. ഉദരരോഗബാധിതർക്കു് കൊരട്ടി മുത്തിയമ്മയിൽനിന്നുള്ള രോഗശമനം വളരെ അനുഭവസിദ്ധമാണു്. വരദാനത്തിനു സന്നദ്ധയായി പ്രതാപശാലിയായി സ്ഥിതിചെയ്യുന്ന കൊരട്ടിമുത്തിയമ്മയുടെ പാദാന്തികത്തിലണയുന്ന ഒരുത്തരും ഒരുകാര്യത്തിലും നിരാശപ്പെടേണ്ടിവന്നിട്ടില്ലെന്നാണു പറയുന്നതു്. നഷ്ടപ്പെട്ട വസ്തുക്കളുടെ പുനർലബ്ധി, ഉദരരോഗശമനം, വന്ധ്യകളെന്നു കരുതപ്പെടുന്നവർക്കു് സന്താനലബ്ധി, മുതലായി ലൗകികങ്ങളായ പല കാര്യങ്ങളിൽപ്പോലും മുത്തിയമ്മയെ ശരണം പ്രാപിക്കുന്നവർക്കു നിരാശവന്നിട്ടില്ലെങ്കിൽ, സ്വർഗ്ഗീയമായ ദിവ്യജനനിയുടെ അനുഗ്രഹം എത്ര മാത്രമായിരിക്കണം?

---

ഹിതന്റെ കാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. അയാൾ മുമ്പോട്ടു നീങ്ങി വിഭവങ്ങൾ കൂട്ടിവച്ചിരുന്ന വലിയ മേശ ഒരു വശത്തേക്കു് ഉന്തിമാററി. ഒരു വലിയ പലകക്കഷണം അവിടെ പ്രത്യക്ഷപ്പെട്ടു. അതു് ഉയർത്തി എടുത്തപ്പോൾ കാണപ്പെട്ടതു് ഒരു കിണർ. അതിന്റെ അടിവശത്തുനിന്നും പുരോഹിതന്മാരുടെ ഭവനങ്ങളിലേക്കു് തുറന്നിരിക്കുന്ന വഴികൾ ദൃഷ്ടിഗോചരമായി.

ഇതുവരെയും ആർത്തട്ടഹസിച്ചുകൊണ്ടിരുന്ന ജനങ്ങൾ ശ്മശാനത്തിലെ മൂകത അവലംബിച്ചു. പുരോഹിതന്മാരുടെ വഞ്ചനയെപ്പററി അവർ അമർഷംകൊണ്ടു എന്നു മാത്രമല്ല ബെൽദേവന്റെ ശക്തിയെപ്പററിയും അവർക്കു സംശയമായി. രാജാവിനും ഡാനിയേലിനും ജയ്‌വിളിക്കുവാൻ തുടങ്ങി ജനക്കൂട്ടത്തിൽ ഒരു വിഭാഗം. രാജാവിന്റെ സ്വരം ഉയർന്നപ്പോൾ എല്ലാവരും നിശ്ശബ്ദരായി. രാജാവിന്റെ വിധി കേൾക്കുവാൻ ഏവരും ചെവിപാർത്തു നിന്നു. "ബെൽദേവന്റെ നാമത്തിൽ ഇതുവരെയും നമ്മുടെ ഖജനാവിനെ ചൂഷണം ചെയ്തുകൊണ്ടിരുന്ന പുരോഹിതന്മാരെയും അവരുടെ കുടുംബാംഗങ്ങളെയും തൂക്കിക്കൊന്നു കളയുവാനും ദേവന്റെ വിഗ്രഹത്തെ ഡാനിയേലിന്റെ അധികാരത്തിനു വിട്ടുകൊടുക്കുവാനും നാം കല്പിക്കുന്നു." ചിലർ സന്തുഷ്ടചിത്തരായി സത്യം വെളിപ്പെട്ടല്ലോ എന്ന സംതൃപ്തിയാൽ.

---

## സംഭവകഥകൾ

### ദൈവവിശ്വാസം പ്രകൃതിസഹജം

തികഞ്ഞ ഒരു നിരീശ്വരനായിരുന്നു, ഫ്രാൻസിലെ കുപ്രസിദ്ധതത്വജ്ഞനായ "സെൻറനി" (Sentenoy) ദൈവത്തെപ്പററിയാതൊരു ബോധവുമില്ലാത്ത ഒരു വ്യക്തിയെ ലോകത്തിനു കാണിച്ചുകൊടുക്കുവാനായി അദ്ദേഹം ചെയ്ത കൃത്രിമങ്ങളും, അതിന്റെ ഫലങ്ങളും അറിയുന്നതു് രസാവഹമായിരിക്കും. ഒരു ഇളം പൈതലിനെ ബാഹ്യലോകവുമായി യാതൊരു സമ്പർക്കവുമില്ലാതെ അയാൾ വളർത്തി. വേറൊരാൾക്കും ആ കുട്ടിയോടു സംസാരിക്കുവാൻപോലും സൗകര്യം ഉണ്ടായിരുന്നില്ല.

വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം ആ ബാലനെ മുറിയിൽ കാണാതായപ്പോൾ അയാൾ ഭവനത്തിനു ചുററും അന്വേഷിച്ചു. ഒടുവിൽ അയാളുടെ തോട്ടത്തിൽ കണ്ട കാഴ്ച അയാളെ അത്ഭുതാധീനനാക്കുവാൻ പര്യാപ്തമായിരുന്നു. ഉദിച്ചുപൊന്തുന്ന കുട്ടിസൂര്യനെ ദർശിച്ചുകൊണ്ടു് മുകുളിതപാണിയായി മുട്ടിന്മേൽ നിന്നുകൊണ്ടു് പ്രാർത്ഥിക്കുന്നതായിട്ടാണു് ആ ബാലനെ അയാൾ കണ്ടതു്. ആ ബാലൻ ഇപ്രകാരം മന്ത്രിച്ചിരുന്നു: "ഓ! സൂര്യബിംബമേ, നീ എത്ര മനോഹരമായിരിക്കുന്നു. എങ്കിൽ, നിന്നെ സൃഷ്ടിച്ച ആൾ എത്രയോ മനോഹരനായിരിക്കണം. എന്റെ ഹൃദയചുംബനങ്ങൾ അദ്ദേഹത്തിനു സമർപ്പിക്കുവാൻ കനിയണമേ."

അങ്ങനെ ആ ബാലൻ, സെൻറിനിയെ പരാജയപ്പെടുത്തുകതന്നെ ചെയ്തു. എത്രതന്നെ പരിശ്രമിച്ചാലും സാദ്ധ്യമല്ലാ, മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമായിരിക്കുന്ന ദൈവവിശ്വാസത്തെ പാടേ പിഴുതുകളയുവാൻ. എന്തെന്നാൽ ദൈവബോധം. മനുഷ്യ

പ്രകൃതിക്ക സഹജമാണു്. മനുഷ്യസ്വഭാവം നിലനില്ക്കുന്നിടത്തോളംകാലം, ഈ ബോധവും നിലനില്ക്കാതെ തരമില്ല. B. C. 2-ാംശതകത്തിൽ ജീവിച്ചിരുന്ന "പ്ലൂട്ടാർക്ക്" എന്ന മഹാൻ പറയുകയാണു്: "നിങ്ങൾ ലോകം ചുററിസഞ്ചരിച്ചാൽ കോട്ടകൊത്തളങ്ങളില്ലാത്തതോ, സാഹിത്യസംസ്കാരമില്ലാത്തതോ, ഭരണാധിപരും, ഭവനങ്ങളും, സമ്പത്തും ഇല്ലാത്തതോ ആയ പട്ടണങ്ങൾ കണ്ടെന്നുവന്നേക്കാം... എന്നാൽ ദേവാലയങ്ങളും ദേവന്മാരുമില്ലാത്തതും, അനുഗ്രഹലബ്ധിക്കായും പാപമോചനത്തിനായും, നേർച്ചകളും, പ്രാർത്ഥനകളും, ബലികളും അർപ്പിക്കപ്പെടാത്തതുമായ ഒരു നഗരത്തെയോ, ജാതിയെയോ നിങ്ങൾ കാണുകയില്ല" എന്നു. സുപ്രസിദ്ധനായ സിസറോ പറഞ്ഞിരുന്നു: ഒരു ഈശ്വരൻെറ ആവശ്യമുണ്ടെന്നു് അറിയാൻ പാടില്ലാത്തവിധത്തിൽ അത്രയ്ക്കു് അപരിഷ്കൃതവും ബീഭത്സവുമായ ഒരു മനുഷ്യവംശം കാണപ്പെടുക അസാദ്ധ്യമാണെന്നു്.

മനുഷ്യർ സ്വാഭാവികമായി ദൈവവിശ്വാസികളാണെന്ന സാമാന്യനിയമത്തിനു് ചിലർ അപവാദംകൊണ്ടുവരുന്നുണ്ടു്. ജനതതിയിൽ നാലു ശതമാനം ദൈവബോധമില്ലാത്തവരാണെന്നുള്ള കണക്കാണു് അവരുടെ

---

വി. യൗസേപ്പുപിതാവിൻെറയും വി. യൂദാശ്ലീഹായുടെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

വി. ജെ. കൊച്ചുന്നം,
കൂനംമൂച്ചി

---

വാദത്തിനു ഉപോൽബലകമായി അവർ കൊണ്ടുവരുന്നതു്. ഈ വാദം യുക്തിരഹിതമാണു്. ആ കണക്കുതന്നെ പ്രമാദരഹിതമായ ഒരു പ്രമാണമായി സ്വീകരിക്കുവാൻ നമുക്കു നിവൃത്തിയില്ല. വാദത്തിനുവേണ്ടി അങ്ങനെ സമ്മതിച്ചാൽതന്നെയും, പിന്നെയും ആ വാദം ബാലിശമെന്നു തെളിയിക്കാൻ വിഷമമില്ല. എങ്ങനെ എയന്നോ?

ആധുനികജനതയിൽ നാലിൽപരം ശതമാനം പേർ അന്ധരും ബധിരരും ആയുള്ളവർ ആണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. അതിനാൽ മനുഷ്യർ സ്വാഭാവികമായി അന്ധരും ബധിരരും ആണെന്നു അനുമിക്കുന്നതു് യുക്തിവിരുദ്ധമല്ലയോ? ഇത്രമാത്രം അന്ധരും ബധിരരും ഉണ്ടെങ്കിലും ജനതതി പ്രകൃത്യാ കാഴ്ചയുള്ളവരും, കേൾവിയുള്ളവരുമാണെന്നു പറയുന്നതിൽ എന്താണു് അസാംഗത്യം. അങ്ങനെയെങ്കിൽ ലോകത്തിലെ ജനസംഖ്യയിൽ ഉത്ഭൂമായ എതാനുംപേർ ദൈവബോധമില്ലാത്തവരായി കണ്ടേക്കാമെന്നു സമ്മതിച്ചാൽതന്നെയും, മനുഷ്യർ പ്രകൃത്യാ ദൈവവിശ്വാസമുള്ളവരാണു് എന്നു പറയുന്നതു് എത്രയോ യുക്തിയുക്തമായ ഒരു വസ്തുതയായിരിക്കുന്നു!

## "ദൈവം ഇല്ലാത്തിടം"

പത്താംപീയൂസ് മാർപ്പാപ്പാ ബാലനായിരുന്നപ്പോൾ വേദോപദേശക്ലാസിൽവച്ചു് വികാരിയച്ചൻ, ഡോൺ ഫുസരീനി പറഞ്ഞു: "ദൈവം എവിടെയെല്ലാമുണ്ടെന്നു് ആരെങ്കിലും പറയുകയാണെങ്കിൽ ഞാൻ അവനു് ഒരു ഓറഞ്ചുപഴം കൊടുക്കുന്നതാണു്." ഒരു നിമിഷനേരത്തേക്കു പരിപൂർണ്ണനിശ്ശബ്ദത. പെട്ടെന്നു ജോസഫ് സാർത്തോ—പിന്നീടു് പാപ്പാസ്ഥാനം അലങ്കരിക്കുവാനിരുന്ന ആ പുണ്യബാലൻ—ചാടിയെഴുന്നേററു് എല്ലാവരേയും വിസ്മ

### സെൻറു് വിൻസെൻറു ഡീ പോൾ സഖ്യം

# അംഗങ്ങൾ

**(ഡേവിഡ് മഹാപിള്ള)**

സെൻറു് വിൻസെൻറു് ഡീ പോൾ സഖ്യം തികച്ചും ആദ്ധ്യാത്മികമായ ഒന്നാണെന്നു മുൻലേഖനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഇനി ഇതിലെ അംഗത്വത്തേയും അംഗങ്ങളുടെ യോഗ്യതകളേയുംപററി അല്പം പരിചിന്തിക്കാം.

ഏതൊരു സംഘടനയുടേയും മഹത്വവും മേന്മയും അതിലെ അംഗങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ സഖ്യത്തിൻെറ ശ്രേഷ്ഠമായ പാരമ്പര്യങ്ങൾക്കും അത്ഭുതപൂർവ്വമായ വികസനത്തിനും കാരണം പ്രാരംഭകാലത്തെ അംഗങ്ങളുടെ യോഗ്യവും ഉൽകൃഷ്ടവുമായ നിലയാണു്. പ്രസംഗങ്ങളും ലേഖനങ്ങളുംവഴി മതവിരോധികളുടെ മനംമാററി മതാസക്തരാക്കാൻവേണ്ടി പ്രയത്നിച്ച ഭഗ്നാശരായി ക്രിസ്തുവിൻെറ ഉപദേശങ്ങളിലേക്കു പിന്തിരിഞ്ഞവരാണു ഇതിലെ പ്രാരംഭപ്രവർത്തകർ. അവർ വിശ്വാസം സജീവമാക്കുവാൻ, ക്രിസ്തു ഉപദേശിച്ച പരസ്നേഹം പരമാവധി പ്രാവർത്തികമാക്കാൻ, ദൃഢവ്രതമെടുത്തു. അതിനുവേണ്ടി അവരങ്ങ അററം അവർ പരിശ്രമിച്ചു; അവർ വിജയിച്ചു. അവരുടെ ചെറുസംഘടന വികസിച്ചു. മററുള്ളവർക്കു മാതൃകയും പ്രേരണയുമായി വിശ്വാസത്തിനനുസരണം ജീവിക്കുകയും അതിനു ഒന്നുചേർന്നു പ്രവർത്തിക്കുകയുംചെയ്യുക എന്നുമാത്രമായിരുന്നു അവർ കരുതിയതു്. അതിനുവേണ്ടി മാത്രമായിരുന്നു അവർ യോഗമായി ചേർന്നതും. താമസംവിനാ കൂടുതൽ പ്രവർത്തകരെ അവർ ചേർത്തു; പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി. ക്രമേണ പൊതുജനങ്ങൾ സംഭാവനകളാലുംമററും അവരെ പ്രോത്സാഹിപ്പിക്കുവാനും അങ്ങനെ ആ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാനും തുടങ്ങി.

ഇങ്ങനെ പ്രവർത്തനങ്ങൾ വിപുലപ്പെടുകയും, ആ ചെറുസഖ്യം വികസിക്കുകയും ചെയ്തപ്പോൾ അതിനു ചില പ്രവർത്തനപരിപാടികളും വ്യവസ്ഥകളും ആവശ്യമെന്നുവന്നു.തൻമൂലം ഒരു നിയമാവലി ഉണ്ടാക്കി.ഇതിൻെറ പ്രവർത്തകരല്ലെങ്കിലും പ്രവർത്തനങ്ങളിൽതല്പരരായവരെയുംകൂടി ഇതിൽഭാഗഭാക്കുകളും, ഇതിൻെറ ആദ്ധ്യാത്മികഗുണങ്ങൾക്കു അർഹരുമാക്കുന്നതിനു വ്യവസ്ഥ ചെയ്തു. അങ്ങനെ പ്രവർത്തകർ, പ്രോത്സാഹകർ എന്നിങ്ങനെ രണ്ടുതരം അംഗത്വവും ഏർപ്പെടുത്തി. ഇതിൽ പ്രവർത്തകാംഗങ്ങൾ ഇതിൻെറ ജീവനാഡിയും, ഇതരാംഗങ്ങൾ പോഷകഘടകങ്ങളുമത്രെ.

"ഒരേ ഉപവിപ്രവൃത്തികളിൽ ഭാഗഭാക്കുകളാകുന്നതിനും പ്രാർത്ഥനയിൽ ഐക്യപ്പെടുന്നതിനും ആഗ്രഹിക്കുന്ന എല്ലാ ക്രിസ്തീയയുവാക്കന്മാർക്കും" ഇതിൽ അംഗമാകാമെന്നു നിയമാവലി 1-ാംവകുപ്പിൽ പറയുന്നു. "സഹാംഗങ്ങളെ മേന്മയുള്ളവരാക്കുകയും സ്വയം അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതിനും, തങ്ങളുടെ സഹപ്രവർത്തകരേയും പാവങ്ങളേയും സഹോദരങ്ങളായി സ്നേഹിക്കുന്നതിനും ഇടയുള്ളവരെമാത്രമേ അംഗമാക്കാവൂ എന്നു 18 (2)-ാംവകുപ്പു അനുശാസിക്കുകയും ചെയ്യുന്നു ഇതിൽനിന്നു ഈ സഖ്യത്തിൽ അംഗമാകുന്നതിനു നിരവധി യോഗ്യതകൾ ആവശ്യമാണെന്നുവരുന്നു. നിയമത്തെ വ്യാഖ്യാനിക്കുവാനും വിശദീകരിക്കുവാനും, ആവശ്യമെങ്കിൽഭേദപ്പെടുത്തുവാനും, അധികാരമുള്ള കൗൺസിൽ ജനറൽ മേൽവകുപ്പുകൾക്കു സയുക്തികമായ വിശദീകരണങ്ങൾ നൽകിയിട്ടുണ്ടു്.

തിരുസഭ നിർദ്ദേശിച്ചിട്ടുള്ള ചുമതല ഉപേക്ഷയെന്യേ നിറവേററുകയും, ദൈനംദിനജീവിതത്തിൽ ക്രിസ്തുവിൻെറ ഉപദേശങ്ങളെ പ്രാവർത്തികമാക്കുകയും ചെയ്യുന്നവരല്ലാതെ മറാറും 1-ാം വകുപ്പിലെ വ്യവസ്ഥ പാലിക്കുന്നതായി കരുതപ്പെടുവാൻ പാടില്ലന്നാണു് കൗൺസിൽ ജനറലിൻെറ സുചിന്തിതമായ വ്യാഖ്യാനം. വിശ്വാസത്തിനനുസരണം ജീവിച്ചു സ്വയം വിശുദ്ധീകരണം സാധിക്കുകയും, മാതൃകയാലും പ്രേരണയാലും മററുള്ളവ

---

# Thanksgiving



for favours received
A. C. Samuel, Poothakuzil
Kangazha

---

രെ വിശുദ്ധീകരിക്കുകയും ചെയ്യേണ്ടവരാകയാൽ അംഗങ്ങൾ സജീവകത്തോലിക്കരായിരിക്കണമെന്നുള്ളതു ഇതിൽനിന്നെല്ലാം സ്വയംസിദ്ധമാണല്ലോ. പ്രഥമപ്രസിഡൻറു് ജനറൽ ബെയിലി വി. വിൻസെൻറു് ഡീ പോൾ പുണ്യവാൻ തൻെറ അനുയായികൾക്കു കൊടുത്ത ഉപദേശ..ളിൽനിന്നും സംഗ്രഹിച്ചെഴുതിച്ചേർത്തിട്ടുള്ള നിയമാവലിയുടെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നു:

പരസ്നേഹവും "ആത്മരക്ഷയെപ്പററിയുള്ള തൃഷ്ണാന്തിയും—ഇവരണ്ടിലുമടങ്ങിയിരിക്കുന്നു ഉപവിയുടെ കോൺഫറൻസു്. (ഇതു ഈ സഖ്യത്തിൻെറ പ്രാരംഭത്തിലെ പേരാണു്) ഒരു ക്രിസ്ത്യാനിയിൽ യഥാർത്ഥത്തിൽ ഒരേ അനുഭൂതിയുളവാക്കുന്നഈ ദ്വിവിധവികാരങ്ങളാൽ ഉണർത്തപ്പെടാത്തവർ ഇതിൽ അംഗമാകരുതു്." (മാനുവൽ). ദ്വിതീയ പ്രസിഡൻറു് ജനറൽ ഗോസ്സിൻ പറയുന്നു: "തങ്ങളുടെ സഹോദരന്മാരെ ഉൽബുദ്ധരാക്കുവാൻ തക്ക കത്തോലിക്കരെയല്ലാതെ—മതകാര്യങ്ങളിൽ മന്ദതകാണിക്കാതെ, ക്രിസ്തുവിൻെറയും സഭയുടെയും പ്രബോധനങ്ങളനുസരിച്ചു് ജീവിക്കുന്നവരെയല്ലാതെ—സഖ്യതയിൽ ചേർക്കരുതു്." (മാനുവൽ). "അംഗങ്ങളെ എടുക്കുന്ന കാര്യം അതിപ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. ഒരാളെ അംഗമാക്കുന്നതിനുമുമ്പു് നമ്മെ പരസ്പരം ബന്ധിക്കുന്ന (പരസ്നേഹത്തിൻെറയുംക്രിസ്തീയഐക്യത്തിൻെറയും) ആ ചരടു കൂടുതൽ അടുപ്പിക്കുന്നതിനു പര്യാപ്തമാകുമോ; അയാളുടെ സുശീലവും ക്രിസ്തീയനടപടികളും ദുഃഖിതരായ സാധുക്കൾക്കായി കൊണ്ടുവരേണ്ട നിസ്സാരസഹായങ്ങളുടെ മാററു വർദ്ധിപ്പിക്കുമോ; അയാളുടെ ചുമതലയും പ്രതിജ്ഞയുമനുസരിച്ചു പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുവാൻ അയാളുടെ സ്വഭാവനിഷ്ഠ നമ്മെ സമ്മതിക്കുമോ എന്നെല്ലാം സസൂക്ഷ്മം നാം പരിശോധിക്കണം." (മാനുവൽ)

മേൽ എടുത്തുകാണിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽനിന്നും അംഗങ്ങൾ എങ്ങനെയുള്ളവരായിരിക്കണമെന്നും ഈക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധപതിക്കണമെന്നും വിശദമാകുന്നുണ്ടല്ലോ. കേരളത്തിലെ കോൺഫറൻസുകൾ പൊതുവെ ഈക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നുള്ളതു പരിതാപകരമായ ഒരു യാഥാർത്ഥ്യമാണു്. സഭയുടെ ഭക്തികൃത്യ ആചാരാദികളിൽ അത്ര വിപ്രതിപത്തിയില്ലാത്ത സ്ഥലത്തെ പൊതുകാര്യപ്രസക്തർ, സമുദായപ്രമുഖർ, സ്ഥാനമാനാദികളുള്ളവർ എന്നിതരക്കാരായിരിക്കണം അംഗങ്ങൾ എന്ന ധാരണ, അഥവാ അഭിപ്രായത്തോടുകൂടിയാണു് മിക്ക കോൺഫറൻസുകളും രൂപീകൃതമായിട്ടുള്ളതെന്നു തോന്നുന്നു. കുറച്ചുവല്ല പണവും പിരിച്ചു് തീരെ അവശരായി കാണപ്പെടുന്ന ചിലക്കു് ചില്ലറ സഹായങ്ങൾ ചെയ്തുകൊടുക്കുന്ന ഒരു പ്രത്യേകതയോടുകൂടിയ സാധാരണസംഘംപോലെയുള്ള ഒന്നായിട്ടാണു് ഈ സഖ്യവും പൊതുവെ പരിഗണിക്കപ്പെട്ടുവരുന്നതു്. ഭക്തികൃത്യകർമ്മാദികളിൽ നിരന്തരം സംബന്ധിക്കുന്നവരാദിയായവർക്കുള്ളതാണീ സംഖ്യമെന്ന ധാരണയും അത്ര അസാധാരണമല്ല. ഈദൃശമിഥ്യാധാരണകളാണു് കേരളത്തിലെ കോൺഫറൻസുകളെ ഉണരുവാനും ഉയരുവാനും കഴിവില്ലാത്തതാക്കിത്തീർത്തിരിക്കുന്നതെന്നു സാമാന്യേന കരുതാവുന്നതാണു്.

"സഖ്യത്തിൽ ചേരുന്ന ഒരാൾക്കുണ്ടായിരിക്കേണ്ട പ്രഥമയോഗ്യത സഖ്യത്തിൻെറ അഭിവൃദ്ധിയിലും മേന്മയിലുമുള്ള കാര്യമായ താല്പര്യമാണു്." (പ്രസിൻറു് ജനറൽ ഗോസ്സിൻ) ഈ താല്പര്യം ഉണ്ടാകണമെങ്കിൽ സഖ്യം എന്താണെന്നു ഗ്രഹിക്കണം. ഇതിനു് സഖ്യത്തെപ്പററി പഠിക്കേണ്ടിയിരിക്കുന്നു സഖ്യം എന്താണെന്നും, ഇതിൽ ചേർന്നാലുള്ള ചുമതലകളെന്തെല്ലാമാണെന്നും ഗ്രഹിക്കാതെ, യാദൃച്ഛികമായോ ലോകബഹുമതിക്കായോ ആരെങ്കിലും നിർദ്ദേശിക്കുന്നതുകൊണ്ടോ അംഗങ്ങളാകുന്നവർ സഖ്യത്തെ സംബന്ധിച്ചു് അനാസ്ഥരാകുന്നതിൽ ആശ്ചര്യത്തിനവകാശമില്ലല്ലോ.

ഈ സഖ്യത്തിൽ മൂന്നുതരം അംഗത്വമാണല്ലോ ഉള്ളതു്. സഖ്യത്തിൻെറ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നവരെ പ്രവർത്തകാംഗങ്ങളെന്നു പറയുന്നു. ഭക്താഭ്യാസങ്ങളിൽ പങ്കെടുക്കുക, പ്രതിവാരയോഗങ്ങളിൽ സംബന്ധിക്കുക, സാധുഗൃഹസന്ദർശനം നടത്തുക, സഹായം കൊണ്ടുപോയി കൊടുക്കുക, പണം പിരിക്കുക, രഹസ്യപ്പിരിവിലേക്കു സംഭാവന ചെയ്യുക, ആദ്ധ്യാത്മികോപദേശങ്ങൾ കൊടുക്കുക ആദിയായാണു് ഇവരുടെ മുഖ്യമായ പ്രവർത്തനങ്ങൾ. ഈ അംഗങ്ങൾ സജീവകത്തോലിക്കരായിരിക്കണം—കത്തോലിക്കാസഭയുടെ ക്രമങ്ങളും സഭ നിർദ്ദേശിക്കുന്ന ചുമതലകളും നിറവേററുന്നവരായാൽ മാത്രം പോരാ, ആദ്ധ്യാത്മികകാര്യങ്ങളിൽ ശുഷ്കാന്തിയും നിഷ്ഠയുമുള്ളവരായിരിക്കണം. മാത്രമല്ല, വിനയം, സത്യസന്ധത, കൃത്യനിഷ്ഠ, സഹിഷ്ണുത, സഹോദരസ്നേഹം, സ്വാർത്ഥത്യാഗം, സർവ്വോപരി സാധുസന്ദർശനത്തിനും സേവനത്തിനുമുള്ള സന്നദ്ധത എന്നീ ഗുണങ്ങളുള്ളവരായിരിക്കണം അംഗങ്ങൾ. ചുരുങ്ങിയപക്ഷം ഈ ഗുണങ്ങൾ നേടുവാൻ ആത്മാർത്ഥമായി അഭിലഷിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവരെങ്കിലുമായിരിക്കണം. ഇതുംപോരാ, സഖ്യത്തിൻെറ നിയമവും പാരമ്പര്യങ്ങളും അക്ഷരത്തിലും അരൂപിയിലും പാലിച്ചു്, നിസ്സ്വാർത്ഥമായുംനിഷ്കർഷയായും സഖ്യത്തിലെ പരസ്നേഹപ്രവർത്തനങ്ങളും ആദ്ധ്യാത്മികചുമതലകളും നിർവ്വഹിക്കുവാൻ സന്നദ്ധതയും സൗകര്യവും കഴിവുമുള്ളവർ മാത്രമേ ഇതിൽ പ്രവർത്തകാംഗങ്ങളാകാവൂ. (തുടരും)


## അമേരിക്ക അഭയാർത്ഥികളെ സ്വീകരിക്കുന്നു

1956 അവസാനത്തിനു മുമ്പു 214,000 അഭയാർത്ഥികളെ അമേരിക്ക അവിടെ സ്വീകരിക്കുന്നതിനുള്ള ഒരു പദ്ധതിയാണല്ലോ അമേരിക്കൻ പ്രസിഡൻറു് മി. ഐസനോവർ പ്രഖ്യാപിച്ചിട്ടുള്ളതു്. അമേരിക്കൻ കത്തോലിക്കർ ഈ പദ്ധതി നടപ്പാക്കുന്നതിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്നു. ഇതുവരെയും അവരുടെ വകയായി ?000 അഭയാർത്ഥികളെ സ്വീകരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിരിക്കുന്നു. ജർമ്മനി, ആസ്ട്രിയ, ഇററലി, ട്രീയെസ്റ്റ് എന്നീ രാജ്യങ്ങളിൽനിന്നുള്ള അഭയാർത്ഥികളായിരിക്കും അവിടെ സ്വീകരിക്കപ്പെടുക. യുദ്ധാവശതാപരിഹാരത്തിൽ ഏർപ്പെട്ടിരുന്ന സംഘടനകളാണു് ഇതിൽ മുൻനിന്നു പ്രവർത്തിക്കുന്നതു്. ഒരു അസിസ്റ്റൻറു എക്സിക്യൂട്ടീവു് ഡയറക്ടറായ മോൺ. അലോഷ്യസ് വിച്ചിസ്‌ലോ പ്രസ്താവിച്ചതു് കത്തോലിക്കരുടെ സഹകരണം ഉദാരവും ഉത്തേജകവുമാണെന്നാണു്. ഒന്നിനു പുറകെ ഒന്നായി അഭയാർത്ഥികൾക്കു ഭവനങ്ങളും ജോലികളും നൽകാമെന്നുള്ള വാഗ്ദാനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. വിദേശങ്ങളിൽനിന്നും 50,000 ത്തിനും 75,000ത്തിനും ഇടയ്ക്കുള്ള ഒരു സംഖ്യ കത്തോലിക്കാ അഭയാർത്ഥികളെ അവർക്കു സ്വീകരിക്കാൻ സാധിക്കുമെന്നാണു് അദ്ദേഹം പ്രതീക്ഷിക്കുന്നതു്.

## സ്കൂളുകൾക്കും പള്ളികൾക്കുംവേണ്ടി

അമേരിക്കാക്കാർ ഈക്കൊല്ലത്തിൽ പ്രൈവററുസ്കൂളുകൾക്കുവേണ്ടി 17 കോടി 30 ലക്ഷം പവനും, പള്ളികൾക്കുവേണ്ടി 17കോടി 50 ലക്ഷം പവനും ചിലവാക്കുന്നതിനുള്ള കണക്കുകളാണു് തയാറാക്കിയിരിക്കുന്നതു്. കഴിഞ്ഞമാസത്തിൽതന്നെ സ്കൂളുകൾക്കുവേണ്ടി 1 കോടി 40 ലക്ഷം പവനും പള്ളികൾക്കുവേണ്ടി അത്രയുംതന്നെ ഒരു സംഖ്യയും ചിലവാക്കിക്കഴിഞ്ഞു. ഇതിനുമുമ്പുണ്ടായിട്ടുള്ള എല്ലാ കണക്കുകളേയും ഇതു അതിലംഘിക്കുന്നതാണു്. ലേബർ ആൻറു് കോമേഴ്സ് ഡിപ്പാർട്ടുമെൻറുകളാണു് ഈ അടങ്കൽ കണക്കുകൾ തയാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്.

ത്തിന്റെ. ഈ സംഭവം പര്യാപ്തമായി യഭരിതരാക്കുമാറു പ്രതിവചിച്ചു: "ദൈവം എവിടെയാണില്ലാത്തതു് എന്നു് ആരെങ്കിലും പറയാമെങ്കിൽ ഞാൻ രണ്ടോറഞ്ചുപഴം കൊടുക്കാം." വികാരിയച്ചനു സാർത്തോയെപ്പററി ഉണ്ടായിരുന്ന മതിപ്പു ഇരട്ടിപ്പിക്കുന്നതിനു് ഈ സംഭവം പര്യാപ്തമായിത്തീർന്നു.



പംക്തി: 7–ാം ഞായർ

# കപടഭക്തരെ ദൈവം ത്യജിക്കും

(സുവിശേഷം—വിശുദ്ധ മത്തായി 7; 15-21)

"വ്യാജപ്രവാചകന്മാരെ—ആടിൻെറ വേഷത്തിൽ വരുന്നവരും എന്നാൽ അകമെ കടിച്ചുകീറുന്ന ചെന്നായ്ക്കളുമായ മനുഷ്യരെ— സൂക്ഷിച്ചുകൊള്ളുവിൻ. അവർ പുറപ്പെടുവിക്കുന്ന ഫലംകൊണ്ടു നിങ്ങൾ അവരെ മനസ്സിലാക്കണം. മുൾച്ചെടിയിൽനിന്നു മുന്തിരിപ്പഴങ്ങളോ ഞെരിഞ്ഞിലിൽനിന്നു അത്തിപ്പഴങ്ങളോ പറിക്കാറുണ്ടോ? നല്ല വൃക്ഷം നല്ല ഫലം ഉൽപാദിപ്പിക്കുകയും വാടിയ വൃക്ഷം ഗുണമില്ലാത്ത ഫലം ഉൽപാദിപ്പിക്കുകയും ചെയ്യും. നല്ല വൃക്ഷത്തിൽനിന്നു ഗുണമില്ലാത്തതും, വാടിയ വൃക്ഷത്തിൽനിന്നു നല്ലതുമായ ഫലങ്ങൾ ഉണ്ടാകുക അസാദ്ധ്യമത്രെ. നല്ലഫലം തരാത്ത ഏതുവൃക്ഷവുംവെട്ടപ്പെട്ടതീയിൽ എറിയപ്പെടുന്നു. ആകയാൽ ഞാൻ പറയുന്നു: അവരുടെ ഫലംകൊണ്ടു നിങ്ങൾ അവരെ അറിയുവിൻ. കർത്താവേ, കർത്താവേ, എന്നു എന്നെ വിളിക്കുന്ന ഏവനുമല്ല, പ്രത്യുത, സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നവനത്രെ, സ്വർഗ്ഗരാജ്യപ്രവേശനം നൽകുന്നതു്."

ജോണി:- എനിക്കും അറിഞ്ഞുകൂടാ.

പിതാവു്:- എന്നാൽ കേട്ടോളൂ. ഞാൻ പറയാം. നാം ഒരാളെപ്പററി അവൻ നല്ലതാണോ ചീത്തയാണോ എന്നു വിധിക്കേണ്ടതു അവൻെറ പ്രവൃത്തികളെ ക



നല്ല വൃക്ഷങ്ങൾ നല്ല ഫലങ്ങൾ ഉല്പാദിപ്പിക്കുന്നു.

ണ്ടിട്ടുവേണം. നല്ലവണ്ണം സംസാരിച്ചു, നല്ല ഫലിതങ്ങൾ പറഞ്ഞു, നല്ലയാളാണെന്നു ഭാവിച്ചു, ഇതുകൊണ്ടൊന്നും ഒരാൾ നല്ലവനാകുന്നില്ല. അവൻ നന്മ പ്രവർത്തിക്കുന്നവനാണെങ്കിൽ മാത്രമേ അവൻ നല്ലവനായിരിക്കുകയുള്ളൂ. മററുള്ളതെല്ലാം കപടമായിരിക്കാം. നമ്മുടെ രണ്ടു മാവും കണ്ടാൽ പുറമെ ഒന്നുപോലെ ഇരിക്കുന്നു. കുറെക്കൂടി ഭംഗി വട്ടമ്മാവു കാണാനാണ്. അതുകൊണ്ടു അതിൻെറ മാങ്ങായായിരിക്കും നല്ലതെന്നു വിചാരിച്ചാൽ ശരിയാകുമോ? ഇല്ല. ദൈവവും ഈ രീതിതന്നെ വച്ചാണ് നമ്മെ വിധിക്കുന്നതു്. മററുള്ളവരെ കാണിക്കാൻ വേണ്ടി കുറെ പ്രാർത്ഥനകൾ നടത്തിയതുകൊണ്ടോ, നന്മ പ്രവൃത്തികൾ ചെയ്തതുകൊണ്ടോ വല്ല ഫലവും കിട്ടാൻ പോകുന്നുണ്ടോ? ഇല്ല. നാം ആത്മാർത്ഥമായി ദൈവത്തെ സ്നേഹിക്കണം.



കപടഭക്തരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം.

പിതാവു്:- ഇക്കൊല്ലമാണല്ലോ നമ്മുടെ "വട്ട"മ്മാവും "ചക്കരേച്ചി"മാവും പൂത്തുമാങ്ങയുണ്ടായതു്. ഏതു മാങ്ങയാണ് നല്ലതു ജോണീ?

ജോണി:- ചക്കരേച്ചിമാങ്ങ. അതിനെന്തു രുചിയാ.


മേരി:- അയ്യോ വട്ടമ്മാവിൻെറ മാങ്ങായുടെ പുളി! പല്ലു മരച്ചുപോകും.

പിതാവു്:- എന്തുകൊണ്ടാണു ആ വ്യത്യാസം?

ലൂസി:- അതാണല്ലോ ഇപ്പോൾതന്നെ വായിച്ച സുവിശേഷത്തിലും പറയുന്നതു്. നല്ല വൃക്ഷം നല്ല ഫലം തരും; ചീത്ത വൃക്ഷം ചീത്ത ഫലം തരും. ചക്കരേച്ചി നല്ല തരം മാവാണ്. അതുകൊണ്ടു മധുരമുള്ള മാങ്ങതരുന്നു. വട്ടമ്മാവു പുളിയൻ. അതുകൊണ്ടു അതിൻെറ മാങ്ങ പുളിമാങ്ങ.

പിതാവു്:- ഈ ദൃഷ്ടാന്തം ഈശോ എന്തിനുവേണ്ടിയാണ് പറഞ്ഞതെന്നു മനസ്സിലായോ?

മേരി:- എനിക്കു മനസ്സിലായില്ല.



കർത്താവെ, കർത്താവെ, എന്നു വിളിച്ചുപേക്ഷിച്ചാൽ മാത്രം പോരാ; അവശരായ സഹോദരന്മാർക്കു നന്മചെയ്യണം.

അവിടുത്തെ തിരുവിഷ്ടം നമ്മുടെ ഓരോ പ്രവൃത്തികളിലും നിറവേററുന്നതിനു പരിശ്രമിക്കണം. അപ്പോൾ നമ്മുടെ ഉള്ളു നന്നാകും. നാം നല്ല വൃക്ഷമായിത്തീരും. നമ്മുടെ പ്രവൃത്തികൾ ദൈവസ്തുതിക്കു യോജിക്കുന്നവയും, നമ്മുടെ സഹോദരന്മാർക്കു ഉപകാരപ്രദവും, നമുക്കു തന്നെ യോഗ്യതാപരവുമായിരിക്കും അങ്ങിനെയാണ് നാം നല്ല ഫലങ്ങൾ പുറപ്പെടുവിക്കുക

മേരി:- അപ്പച്ചാ, അതാണ് ശരി. ഞങ്ങളുടെ ക്ലാസിൽ ചില വികൃതിക്കുട്ടികളുണ്ടു്. ടീച്ചറെ പററിക്കാൻ എന്തു നുണയാ അവർ പറയുന്നതു്. പാവപ്പെട്ടവരുടെമേൽ എല്ലാ കുററവും ആരോപിക്കും. അവക്കു ശിക്ഷയും ഈ കൂട്ടരെ എങ്ങിനെയാ ദൈവം ഇഷ്ടപ്പെടുക.

ലൂസി.- ഇന്നത്തെ സുവിശേഷത്തിൽ ആടിൻെറ വേഷത്തിൽ വരുന്ന ചെന്നായ്ക്കൾ എന്നു പറഞ്ഞിരിക്കുന്നതെന്താണപ്പച്ചാ?

പിതാവു്:- അതു മനുഷ്യരെ വഞ്ചിക്കുന്നവരെപ്പററിയാണ്. പഴയ നിയമത്തിൽ പ്രീശന്മാരും മററു നീതിമാന്മാരും ദൈവപ്രമാണങ്ങളുടെ കാവൽക്കാരാണെന്നു ഭാവിച്ചു തെററായ തത്വങ്ങൾ പാവപ്പെട്ടവരെ പഠിപ്പിച്ചു അവരെക്കൂടി വഴിപിഴപ്പിച്ചു. പുതിയ നിയമത്തിൽ മിശിഹായുടെ പഠനങ്ങളെ എത്രവിധത്തിൽ ഓരോരുത്തർ ദുർവ്യാഖ്യാനം ചെയ്തു പാവപ്പെട്ടവരെ

---

വി. യൗസേപ്പുപിതാവിൻെറയും വി. അന്തോനീസിൻെറയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ

ആഗസ്തി വട്ടംകണ്ടം,
വടയാർ.

---

വഞ്ചിച്ചിരിക്കുന്നു നാം കാണുന്ന പാഷണ്ഡതകളും ശീശ്മകളും എല്ലാം ഇതിൻെറ ഫലമല്ലേ അതുകൊണ്ടു മിശിഹാ നമ്മെ പഠിപ്പിച്ചിട്ടുള്ള നിത്യസത്യങ്ങൾക്കെതിരായി തെററായ പ്രബോധനങ്ങളെ പഠിപ്പിച്ചു ജനങ്ങളെ വഞ്ചിക്കുന്നവരെപ്പററിയാണ് ഈശോ ചെമ്മരിയാടിൻെറ തുകൽ ധരിച്ചു ചെന്നായ്ക്കളെന്നു പറഞ്ഞിരിക്കുന്നതു്. പുറമെ കണ്ടാൽ അവർ കുഞ്ഞാടുകളെപ്പോലെ നല്ലവരായിരിക്കും. ഉള്ളിലോ, അവർ ജനങ്ങളെ നശിപ്പിക്കുന്ന ക്രൂരചെന്നായ്ക്കളും. അവരുടേയും പ്രവൃത്തിയാകുന്ന ഫലംകൊണ്ടുവേണം നാം അവരെ മനസ്സിലാക്കാൻ.

ജോണി:- മതി, മണിഅടിച്ചല്ലോ അപ്പച്ചാ.

പിതാവു്:- കൊള്ളാം. നമുക്കു നിർത്താം.

# വിനോദവീഥി



"ഏറങ്ങിപ്പോരെ, പാഴേ, നാലു മാങ്ങാക്കൂടി പറിച്ചുണ്ടോ പോരണെ ഡ്റൈവറെ!"

* * *



"അല്ലേ, ഇന്നു പല്ലുപറിപ്പിക്കണന്നു പറഞ്ഞുപോയിട്ടു"?"

"നമ്മുടെ ഔസേപ്പൻെറ കല്യാണത്തിനു വിരുന്നിനു് ക്ഷണിച്ചിട്ടുണ്ടു്. എന്നാ അതുകൂടെ കഴിഞ്ഞാവട്ടെ എന്നുവച്ചു് തിരിച്ചുപോന്നു."

* * *

ആ ഗ്രാമീണർ ആദ്യമായി തീവണ്ടിയാത്ര ചെയ്യുകയായിരുന്നു പഴങ്ങൾ വില്ക്കുന്ന ആൾ പലതരം പഴങ്ങളുമായി വണ്ടിയിൽ നടന്നു വില്പനതുടങ്ങി. ഗ്രാമീണർ അതിനുമുമ്പു പേരുപോലും കേട്ടിട്ടില്ലാത്ത രണ്ടു സബർജിൽ വാങ്ങിച്ചു ഒന്നാമൻ അതു മുറിച്ചു ഒരു കഷണം വായിലാക്കിയ ഉടനെ വണ്ടി ഒരു ടണലിൽ കടന്നുകഴിഞ്ഞു

ഒന്നാമൻ:- ചങ്ങാതി, താൻ തൻെറ "ഷർജിൽ" കടിച്ചോ?

രണ്ടാമൻ:- ഇല്ല, ഞാൻ തിന്നില്ല.

ഒന്നാമൻ:- തൊടല്ലേ, ആ പെഴയാളി ചതിച്ചതാണ് നമ്മളെ. അതു കടിച്ച ഉടനെ എൻെറ രണ്ടുകണ്ണും കാണാൻവയ്യ.

* * *

ഭക്ഷണത്തിനിരുന്ന ആൾ:- ഹേ, ബോയ്, നിങ്ങളുടെ ഈ സൂപ്പ് എങ്ങിനെ കുടിക്കാനാണു്?

ബോയ്:- സർ, ഞാൻ മാനേജരെ വിളിക്കാം.

മാനേജർ:- ക്ഷമിക്കണം സർ, ഞാൻ കുക്കിനെ വിളിച്ചു കാരണം ചോദിക്കട്ടെ.

ഭക്ഷണത്തിനിരുന്ന ആൾ:- (കുക്കിനോടു്) എടോ, തൻെറ ഈ സൂപ്പ് എങ്ങിനെ കുടിക്കാനാണെന്നോ?

കുക്ക്:- എന്തുപററി സർ; അതിനെന്താ കുഴപ്പം?

ഭക്ഷണത്തിനിരുന്ന ആൾ:- അതിനു കുഴപ്പമുണ്ടെന്നാരുപറഞ്ഞു? കയിലുവേണ്ടേ കുടിച്ചുനോക്കാൻ?

---



**For favours received**

K. T. Jacob

---

## വിവാഹം

ഉപ്പുതറ: കൊച്ചുപുരക്കൽ മി. ചാക്കോയുടെ പുത്രൻ കെ. സി. വറുഗീസും, കൊട്ടോപ്പറമ്പിൽ കോര ജോസഫിൻെറ പുത്രി കുമാരി ഏലിയാമ്മയും തമ്മിലുള്ള വിവാഹം കൽതൊട്ടി തിരുക്കുടുംബദേവാലയത്തിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.


## ഏവനുമൊരു പ്ലാൻവേണം

ഭാവിയിലേക്കു പണം കരുതുവാൻ എല്ലാവർക്കും ആഗ്രഹമുണ്ടു്.
പക്ഷേ, പലർക്കും അതു സാധിക്കുന്നില്ല.
നിശ്ചിതപ്ലാനോടുകൂടി ആവിഷ്കരിച്ചിട്ടുള്ള മിച്ചനിക്ഷേപപദ്ധതികളുടെ അഭാവമാണ് അതിനു കാരണം.

ഇതാ ഞങ്ങളൊരു പ്ലാൻ സംവിധാനം ചെയ്തിരിക്കുന്നു.

ഇതു് നിങ്ങളുടെ വരവിനനുസരണമായും ഭാവിആവശ്യങ്ങൾക്കുതകത്തക്കവിധത്തിലുമാണു പ്ലാൻ ചെയ്തിട്ടുള്ളതു്.

— അതാണ് —

"ഫെഡറൽമിച്ചനിക്ഷേപപദ്ധതി".

10ക. വീതം 46 മാസം ആകെ 460ക. അടയ്ക്കുമ്പോൾ അതു്

500 ഉറപ്പികയായി വർദ്ധിക്കുന്നു.

5ക. യിൽ കുറയാത്ത ഏതു സംഖ്യകൊണ്ടും ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു്:

ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM JULY 21, 1954 | No. 46

# ചലച്ചിത്രനിയന്ത്രണം

ലോകം മുഴുവനിലും ഇന്നു പടർന്നുപിടിച്ചിരിക്കുന്ന സിനിമാഭ്രമം സമുദായസ്നേഹികളുടെ അടിയന്തിരമായ ശ്രദ്ധയെ സമാകർഷിക്കേണ്ട കാലം അതിക്രാന്തമായിരിക്കുകയാണ്. നഗരജീവിതത്തിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലും ധനികനെന്നോ ദരിദ്രനെന്നോ, പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസം കൂടാതെ ബഹുഭൂരിപക്ഷം ജനങ്ങളും സിനിമാശാലകളെ അഭയം തേടുന്നവരാണ്. അനുദിനജീവിതത്തിൽ ഒഴിച്ചുകൂട്ടാൻ പാടില്ലാത്ത ഒരു പരിപാടിയായി അതു കരുതപ്പെടുന്നു. അതിനുള്ള കാരണങ്ങളും ആകർഷണങ്ങളും നിരവധിയാണ്. സാധാരണഗതിയിൽ ആർക്കും സുഗമമായ ഒരു വിനോദരംഗമാണ് സിനിമാ. ചുരുങ്ങിയ പണം മുടക്കുകൊണ്ടു മാന്യമായ രീതിയിൽ ആർക്കും ആ വിനോദത്തിൽ പങ്കെടുക്കാം. ദിവസം മുഴുവൻ ഫാക്ടറികളിലും വ്യാപാരകേന്ദ്രങ്ങളിലും മററു ജോലിസ്ഥലങ്ങളിലും ബുദ്ധിമുട്ടി ജോലി ചെയ്തശേഷം ക്ലേശിതരായ അവർ കുറെ സമയത്തേക്കു ആനന്ദപ്രദമായ ഒരു വിശ്രമത്തിനും വിനോദത്തിനും അഭിലഷിക്കുന്നതിൽ അവരെ കുററപ്പെടുത്താൻ സാദ്ധ്യമല്ല. അതിനുള്ള സൗകര്യം അവക്കുണ്ടാക്കിക്കൊടുക്കേണ്ടതു മാനവസ്നേഹികളുടെ ഒരു കർത്തവ്യമായി കരുതപ്പെടണം. എന്നാൽ ഇന്നത്തെ സിനിമാകൾ ഈ കർത്തവ്യമാണോ നിർവ്വഹിക്കുന്നതെന്നും അതെങ്ങിനെയാണ് നിർവ്വഹിക്കപ്പെടുന്നതെന്നും ചിന്താർഹമാണ്.

### നിഷിദ്ധമായ വ്യവസായം

മനുഷ്യന്റെ എല്ലാ പ്രവൃത്തികളിലും പരമമായ ഒരു ലക്ഷ്യം അവനു വിസ്മരിക്കുവാൻ സാദ്ധ്യമല്ല. അതു അവന്റെ മനുഷ്യത്വത്തിന്റെ വികസനമാണ്; അവന്റെ ജീവിതത്തിന്റെ വിജയമാണ്. അവനെ അവന്റെ ജീവിതലക്ഷ്യത്തിലേക്കുള്ള നേർവഴിയിൽനിന്നു വ്യതിചലിപ്പിക്കുന്നതും അവന്റെ പരമമായ പരാജയത്തിനു കാരണമാകുന്നതുമായ എന്തും അവനു നിഷിദ്ധമാണ്. ചിലവു കുറഞ്ഞതും വിശ്രമാനന്ദങ്ങളെ പ്രദാനം ചെയ്യുന്നതുമായ സിനിമായുടെ കാര്യത്തിലും ഈ തത്വം സർവ്വോപരി വീക്ഷിക്കപ്പെടണം. അതുകൊണ്ടു ചലച്ചിത്രങ്ങൾ ഇന്നത്തെ ലോകത്തിൽ ജനസാമാന്യത്തിനു അനുപേക്ഷണീയമായ ഒരു വിനോദമാർഗ്ഗമാണെങ്കിൽ അതു ശരിയായി നിയന്ത്രിക്കപ്പെടേണ്ടതും മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യത്തിലേക്കു ജനസാമാന്യത്തെ ആനയിക്കുന്നതിനു സഹായകമായ വിധത്തിൽ ക്രമീകരിക്കപ്പെടേണ്ടതുമത്രെ. അതു ഫലപ്രദമായ ഒരു പൊതുജനസേവനമായിരിക്കണം.

സിനിമാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉടമകളും അവയുടെ പ്രദർശനച്ചുമതല നിർവ്വഹിക്കുന്ന തിയേററർ മാനേജുമെന്റുകളുമാണ് ഇക്കാര്യത്തിൽ ഏററം കൂടുതലായ ഉത്തരവാദിത്വം വഹിക്കേണ്ടതു്. ഓരോ പ്രദർശനത്തിനും ഓടിക്കൂടുന്ന ജനതതിക്കു ശാരീരികമായ വിശ്രമം പ്രദാനം ചെയ്യുന്നതോടൊപ്പം മാനസികവും ആദ്ധ്യാത്മികവുമായ പുനരുജ്ജീവനം നൽകുന്നുവെങ്കിൽ അതു വളരെ ശ്ലാഘാർഹമായ ഒരു സേവനമായിരിക്കും. നേരെമറിച്ചു അവരുടെ വിശ്രമത്തിനുള്ള ജിജ്ഞാസയെ ചൂഷണം ചെയ്തു മാനസികവും ആദ്ധ്യാത്മികവുമായ അധഃപ്പതനത്തിനു അവസരം സൃഷ്ടിക്കുന്നുവെങ്കിൽ ആ പാതകകൃത്യം അവരോടു ചെയ്യുന്ന കടുത്ത ദ്രോഹമാണ്. ക്രിസ്തുവിന്റെ ഭയജനകമായ ഒരു പ്രസ്താവം ഇത്തരുണത്തിൽ പ്രത്യേകം സംഗതമാണ്: "ഉതപ്പുകൾമൂലം ലോകത്തിനു ശാപം......എന്നിൽ വിശ്വസിക്കുന്ന ഈ കുഞ്ഞുങ്ങളിൽ ഒരുത്തൻ പാപത്തിൽ നിപതിക്കുന്നതിനു കാരണമാകുന്നവനാരോ, അവനു ഭാരമുള്ള ഒരു തിരികല്ലു കഴുത്തിൽ കെട്ടിത്തൂക്കി കടലിന്റെ ആഴത്തിൽ ചാടി ചാകുന്നതായിരിക്കും ഭേദം." ദൈവവിശ്വാസത്തേയും, ധാർമ്മികബോധത്തേയും, സദാചാരനിഷ്ഠകളേയും നിഹനിക്കുന്നതിനു പോരുന്ന ദുഷ്പ്രേരണകൾ നൽകിക്കൊണ്ടിരിക്കുന്ന വഷളായ ചലച്ചിത്രവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഈ വാക്യം അനുസ്മരിക്കുന്നതു നന്നായിരിക്കും. ഒരുപക്ഷെ അവർ പറഞ്ഞേക്കാം, അവരുടെ ലക്ഷ്യം വ്യവസായത്തിന്റെ വിജയമാണ്; ധനസമ്പാദനമാണ് എന്നു്. ശരി. പക്ഷെ, ഏതൊരു വ്യവസായിക്കും അവരുടെ സാമ്പത്തികതാല്പര്യങ്ങൾക്കുപരിയായി മാനവസമുദായത്തോടും സഹോദരവ്യക്തികളോടും ഒരു കർത്തവ്യമില്ലെന്നാണോ ഇതിന്റെ അർത്ഥം! അങ്ങിനെയെങ്കിൽ എന്തുകൊണ്ടു അയൽക്കാരന്റെ വസ്തു കവർന്നെടുത്തുകൂടാ? എന്തുകൊണ്ടു അപരനെ കൊലപ്പെടുത്തി അവന്റെ സ്വത്തപഹരിച്ചുകൂടാ? ഒരു മനുഷ്യന്റെ ശരീരജീവനെക്കാൾ എത്രയോ വില കൂടിയതാണ് അവന്റെ ആദ്ധ്യാത്മികജീവൻ. അവന്റെ പണത്തിനുവേണ്ടി അതു നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടുന്നതു് ധാർമ്മികമാണോ?

### ഇന്നത്തെ ചിത്രങ്ങൾ

ഇന്നു നാട്ടിലെ പ്രദർശിപ്പിക്കപ്പെടുന്ന സിനിമാചിത്രങ്ങൾ നാം പരിശോധിക്കുന്നതായാൽ പരമദയനീയമായ ഒരു വസ്തുതയായിരിക്കും കാണുവാൻ സാധിക്കുന്നതു്. അവികസിതമായ ബാലമനസ്സുകളേയും, ചഞ്ചലപ്പെടുന്ന യുവഹൃദയങ്ങളേയും, ക്ഷീണശരീരരായ ബഹുജനങ്ങളേയും വഴിപിഴപ്പിക്കുന്നതിനുള്ള അധമമായ പ്രേരണകളുടെ കേളീരംഗങ്ങളാണ് ഇന്നത്തെ സിനിമാശാലകളെന്നു പറയുന്നതു ഒട്ടും അതിശയോക്തിയല്ല. അവരിൽനിന്നു നീതിബോധവും, കർത്തവ്യനിഷ്ഠയും മതവിശ്വാസവും, ദൈവഭക്തിയും, സന്മാർഗ്ഗജീവിതവും കവർന്നെടുക്കുന്നതിനും അധമവും മലീമസവുമായ മൃഗീയവികാരങ്ങളെ തട്ടിയുണർത്തി ആഭാസമായ ജീവിതചര്യകളിലേക്കു പ്രലോഭിപ്പിക്കുന്നതിനും പര്യാപ്തമായ നിഷിദ്ധങ്ങളായ ചിത്രങ്ങളാണ് ഇന്നു സർവ്വസാധാരണമായി പ്രദർശിപ്പിക്കപ്പെടുന്നവ. സിനിമാ കാണുന്നവരിൽ സംജാതമാകുന്ന സ്ഥിതിവ്യത്യാസങ്ങളെ നിരീക്ഷണം ചെയ്യുന്നതിന് അമേരിക്കാ മുതലായ പരിഷ്കൃതരാജ്യങ്ങളിൽ മനശ്ശാസ്ത്രപടുക്കൾ പല പര്യവേക്ഷണങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. അവരുടെ റിപ്പോർട്ടുകൾ ഈ വസ്തുതയ്ക്കു മതിയായ സാക്ഷ്യം വഹിക്കുന്നു. പതിവായി സിനിമാ കാണുന്ന യുവതീയുവാക്കന്മാരെ സംബന്ധിച്ച് അവർ നടത്തിയ ഒരു പരീക്ഷണത്തിൽ 30 ശതമാനം യുവാക്കന്മാരും 15 ശതമാനം യുവതികളും തന്മൂലം കലശലായ അസ്വാസ്ഥതകൾക്കു വിധേയരായി എന്നു തെളിഞ്ഞു. 12 വയസ്സുമുതൽ മേലോട്ടുള്ള പ്രായത്തിലാണ് കൂടുതൽ പ്രത്യാഘാതങ്ങൾ ദൃശ്യമായിട്ടുള്ളതു്. ഏതായാലും വിവേചനാരഹിതമായി ദുഷിച്ച ചലച്ചിത്രങ്ങൾ ദർശിക്കുന്നതുമൂലം മാനവവംശത്തിനു്—പ്രത്യേകിച്ചും യുവസഞ്ചയത്തിനു്—വന്നുകൂടുന്ന നാശഫലങ്ങളെപ്പററി വളരെയേറെ പ്രതിപാദിക്കേണ്ട ആവശ്യമില്ല. ഇന്നത്തെ ചലച്ചിത്രങ്ങൾ ഭൂരിപക്ഷവും ഇത്തരത്തിൽ പെട്ടതാണെന്നുള്ളതു സുവ്യക്തമാണ്.

### കമ്മീഷൻ റിപ്പോർട്ട്

റോമിൽ സ്ഥാപിതമായിട്ടുള്ള ചലച്ചിത്ര പരിശോധനയ്ക്കുള്ള പോണ്ടിഫിക്കൽ കമ്മീഷന്റെ വാർഷികറിപ്പോർട്ട് സിനിമാചിത്രങ്ങളുടെ ഇന്നത്തെ നിലവാരത്തെ വ്യക്തമാക്കുന്ന ഒന്നാണ്. അവർ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള 486 ചിത്രങ്ങളിൽ കുട്ടികൾക്ക് കാണാവുന്നതരത്തിൽ നിർദ്ദോഷകരങ്ങളെന്നു നിർണ്ണയിക്കപ്പെട്ടിട്ടുള്ളവ 18 ശതമാനം മാത്രമാണ്. ആകെയുള്ളതിൽ 25 ശതമാനം മാത്രമേ പ്രായംചെന്നവർക്കുപോലും അനുവദനീയമായിരിക്കുന്നുള്ളു. 25 ശതമാനം തീർത്തും നിരോധിക്കപ്പെടേണ്ടവയാണെന്നാണ് കമ്മീഷന്റെ ഖണ്ഡിതമായ തീരുമാനം. നിരോധിക്കപ്പെടേണ്ട ചിത്രങ്ങളിൽ ഏററവും കൂടുതൽ ഫ്രഞ്ചുചിത്രങ്ങളും അതിനടുത്തപടിയിൽ ഇററാലിയൻ ചിത്രങ്ങളും മൂന്നാമത്തെ സ്ഥാനത്തു് അമേരിക്കൻ ചിത്രങ്ങളുമാണ് നില്ക്കുന്നതു്. ഭാഷാപരമായ പ്രതിബന്ധങ്ങൾകൊണ്ടു് ഇന്ത്യൻ ഭാഷകളിലുള്ള ചിത്രങ്ങൾ ഈ നിരീക്ഷണപരിധിയിൽ പെട്ടിട്ടില്ലെന്നുവേണം വിചാരിക്കുവാൻ. ചലച്ചിത്രനിർമ്മാണത്തിൽ പല രാജ്യങ്ങളേയും അതിശയിച്ചു പുരോഗമിച്ചിട്ടുള്ള—അമേരിക്ക കഴിഞ്ഞാൽ പ്രഥമസ്ഥാനത്തു നില്ക്കുന്ന—ഇന്ത്യയിൽ അവയുടെ ധാർമ്മികമായ നിലവാരം വളരെ ഉയന്നതല്ലെന്നു നിരാക്ഷേപമായി പറയാവുന്നതാണ്. ഏവംവിധം നമ്മുടെയിടയിൽ പ്രദർശിപ്പിക്കപ്പെടുന്ന സ്വദേശചിത്രങ്ങളും വിദേശചിത്രങ്ങളും നമ്മുടെ ജനങ്ങളിൽ അനുദിനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിനാശഫലങ്ങൾ ഭാരതജനസഞ്ചയത്തിന്റെ ഭാവിയെപ്പററി ഗൗരവമായ ഉൽക്കണ്ഠയ്ക്കു വക നൽകുന്നു.

### ഡൽഹി വനിതാസഭ

ഡൽഹിയിലെ "ആശ്രേവനിതാസഭ" ഏതാനും വാരങ്ങൾക്കുമുമ്പു് ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റുവിനു സമർപ്പിച്ച ഒരു മെമ്മോറാണ്ഡം ഭാരതീയരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള 13000 സ്ത്രീകളാണ് പ്രസ്തുത മെമ്മോറാണ്ഡത്തിൽ ഒപ്പുവച്ചിട്ടുള്ളതു്. അക്ഷരജ്ഞാനമില്ലാത്ത വേറൊരു പതിമൂവായിരം ഈ മെമ്മോറാണ്ഡത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ അവരെ പിന്താങ്ങുന്നവരായിട്ടുണ്ടെന്നും അവരുടെ ഒപ്പുകൾ ആവശ്യമെങ്കിൽ അതിൽ ചേർത്തു സമർപ്പിക്കാവുന്നതാണെന്നും അതിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇന്നത്തെ ചലച്ചിത്രങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമ്മികമായ ആരോഗ്യത്തിനു് ഗുരുതരമായ ഒരു ഭീഷണിയായിത്തീർന്നിരിക്കുന്നുവെന്നു സ്ഥാപിച്ചുകൊണ്ടു ഗവർമ്മെൻറിടപെട്ടു് ദുഷിച്ച സിനിമാപ്രദർശനത്തെ തടയണമെന്നാണ് അവർ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിരിക്കുന്നതു്. അവരുടെ അപേക്ഷ ഏററവും അടിയന്തിരമായി ശ്രദ്ധിക്കപ്പെടേണ്ട ഗൗരവാവഹമായ ഒന്നാണെന്നു് സ്വയം വിശദമാണല്ലോ. ദുഷിച്ച സിനിമാകൾ നമ്മുടെ സംസ്കാരത്തെ കരണ്ടുതിന്നുന്ന ഒരു സാമൂഹികാർബുദമാണെന്നു പറയുന്നതിൽ യാതൊരതിശയോക്തിയുമില്ല. സമുദായശരീരത്തെ ബാധിച്ചു് ഇഞ്ചിഞ്ചായി അതിന്റെ ധാർമ്മികജീവനെ മരിപ്പിക്കുന്ന ഒരു കുഷ്ഠരോഗമാണ് ദുഷിച്ച സിനിമ. ഭാരതീയരായ നമുക്കു് പരമ്പരാഗതമായി കൈവന്നിട്ടുള്ള ഒരു ധാർമ്മികനിലവാരമുണ്ടു്. അതിന്മേലാണ് നമ്മുടെ സംസ്കാരസൗധം ഉറച്ചുനില്ക്കുന്നതു്. അതിന്റെ അടിത്തറ മാന്തുന്ന ഈ നശീകരണഘടകത്തെ ഭാരതത്തിൽനിന്നും തുരത്തി അന്തരീക്ഷത്തെ സംശുദ്ധവും ആരോഗ്യപരവുമാക്കേണ്ടതു് ഇവിടത്തെ പൊതുജനങ്ങളുടേയും ഭരണകൂടത്തിന്റേയും ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്. ഡൽഹിയിലെ വനിതാസമാജത്തിന്റെ മാതൃകാപരമായ പ്രക്ഷോഭണത്തെ ഭാരതമാകെയുള്ള ബഹുജനങ്ങൾ ഏറെറടുക്കുകയും ഗവമ്മെൻറിന്റെ ആത്മാർത്ഥമായ പിൻതുണയോടും ആവശ്യമായ അധികാരപ്രയോഗത്തോടും കൂടി ഈ സദുദ്യമത്തെ വിജയിപ്പിച്ചു് ഭാരതത്തിന്റെ ഭാവിയെ സുരക്ഷിതമാക്കുകയും ചെയ്യുന്നതിനു ബഹുജനങ്ങളെ ഞങ്ങൾ ആഹ്വാനം ചെയ്തുകൊള്ളുന്നു. പണക്കൊതിയന്മാരായ വ്യവസായികളുടെ പ്രലോഭനങ്ങളും അവരുടെ കോഴപറവുന്ന ഓടപ്പുത്രങ്ങളും ഇതിനെതിരായി കലിതുള്ളിയേക്കാം. പക്ഷെ ആർഷഭാരതത്തിന്റെ ധാർമ്മികപാരമ്പര്യത്തിൽ അടിയുറച്ചു ഒരു ജനസഞ്ചയത്തിന്റെ ഒത്തൊരുമിച്ചുള്ള പ്രക്ഷോഭണം അവയെയെല്ലാം മൂകമാക്കി വിരാജിക്കാതിരിക്കയില്ല.

### ഉദ്ധാരണശ്രമങ്ങൾ

സിനിമ തിന്മയ്ക്കു മാത്രമല്ല നന്മയ്ക്കും കരുത്തേറിയ ഒരുപകരണമാണ്. സ്ഥിതിവ്യത്യാസമോ, പ്രായവ്യത്യാസമോ, രാജ്യവ്യത്യാസമോ ഒന്നും പരിഗണിക്കാതെ എല്ലാവരേയും രസിപ്പിക്കുകയും, പഠിപ്പിക്കുകയും, ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഒരുപാധിയാണതു്. അതുകൊണ്ടു് ജനസഞ്ചയത്തിനു് കിടയററ നന്മകൾ അതുവഴി സാധിക്കാവുന്നതാണ്. അതുപോലെതന്നെ നാശവും. എന്നാൽ സിനിമാവ്യവസായം നിർഭാഗ്യവശാൽ രണ്ടാമത്തെ മാർഗ്ഗമാണ് പ്രായേണ അവലംബിച്ചിട്ടുള്ളതു്. തന്മൂലം അതിനെ ഈ അധഃപ്പതനത്തിൽനിന്നുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങളും തുടരെ നടന്നുപോന്നിട്ടുണ്ടു്. 1930-ത്തിലാണ് ഹോളിവുഡ്ഡിലെ ഫിലിംഡയറക്ടറന്മാർ അമേരിക്കയിലെ കത്തോലിക്കരുടെ നിർബന്ധപൂർവ്വകമായ പ്രേരണയ്ക്കു വിധേയരായി തങ്ങൾ പ്രേക്ഷകരുടെ ധാർമ്മികനിലവാരത്തെ അധഃപ്പതിപ്പിക്കുന്നതോ, പ്രകൃതിനിയമങ്ങളേയോ മാനുഷികനിയമങ്ങളേയോ അവമതിക്കുന്നതോ, നിയമരാഹിത്യത്തിനു പ്രേരിപ്പിക്കുന്നതോ ആയ ചിത്രങ്ങൾ നിർമ്മിക്കുകയില്ലെന്നു പരസ്യപ്രഖ്യാപനം നടത്തിയതു്. പക്ഷെ ഈ പ്രഖ്യാപനങ്ങളും വാഗ്ദാനരേഖകളും വെറും ജലരേഖകൾ മാത്രമായിരുന്നു. അവയെ പാലിക്കുന്നതിനുള്ള മനസ്സാന്തരം അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ടു് ഈ ദുഷ്പ്രചരണത്തിന്റെ നാശഫലങ്ങളെ പൊതുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനും ചലച്ചിത്രങ്ങളെ പരിശോധിച്ചു് അവയുടെ നന്മതിന്മകളെപ്പററി മുന്നറിയിപ്പു നൽകുന്നതിനും "ലീജിയൻ ഓഫ് ഡീസൻസി" സംഘങ്ങൾ തുടന്നു സ്ഥാപിതങ്ങളായി. അവ ഇന്നും ശ്ലാഘാർഹമായ രീതിയിൽ പല സ്ഥലങ്ങളിലും പ്രവർത്തനം നടത്തിപ്പോരുന്നുണ്ടു്.

### മാർപ്പാപ്പായുടെ ഉൽബോധനങ്ങൾ

ലോകത്തിന്റെ ധാർമ്മികസദ്ഗുരുവായ മാർപ്പാപ്പാമാർ അതതുകാലത്തിൽ സിനിമായെപ്പററി, അതിന്റെ ഗുണദോഷങ്ങളെ വിവേചിച്ചു, ലോകത്തിനു പ്രഗത്ഭമായ ഉപദേശങ്ങൾ നൽകിയിട്ടുണ്ടു്. 11-ാംപീയൂസു് മാർപ്പാപ്പാ 1936-ൽ അമേരിക്കൻ ഹയരാർക്കിയെ അഭിസംബോധനംചെയ്തു പുറപ്പെടുത്തിയ "വിജിലാന്തി കൂരാ" എന്ന ചാക്രികലേഖനം സിനിമായെപ്പററിയുള്ള പണ്ഡിതോചിതമായ ഒരു വിശകലനമാണ്. സിനിമായുടെ ദൂഷ്യഫലങ്ങളെപ്പററി അവിടുന്നു അതിൽ ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി: "ചീത്തപ്പടങ്ങൾവഴി ആത്മാവിനു എത്ര നാശമാണ് വരുത്തിവയ്ക്കുന്നതെന്നു എല്ലാവർക്കുമറിയാം. അവ പാപത്തിനുള്ള അവസരങ്ങളാണ്. യുവജനങ്ങളെ അവരിലുള്ള പാപവികാരങ്ങളെ പുകഴ്ത്തിക്കാണിച്ചു പാപമാർഗ്ഗങ്ങളിലേക്കാകർഷിക്കുന്നു; അവ ജീവിതത്തെ വഞ്ചനാത്മകമായ ഒരു നിറത്തിൽ പ്രകാശിപ്പിക്കുന്നു; ആശയങ്ങളെ ഇരുളടഞ്ഞതാക്കുന്നു; യഥാർത്ഥപ്രേമത്തെ നശിപ്പിക്കുന്നു; ദാമ്പത്യജീവിതത്തേയും കുടുംബബന്ധത്തേയും ശിഥിലമാക്കുന്നു." പരിശുദ്ധപിതാവു് നൽകിയ ഈ വിശദീകരണം എത്ര അർത്ഥവത്താണെന്നു 18 കൊല്ലത്തെ അനുഭവങ്ങൾ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. പരിശുദ്ധപിതാവു് 12-ാംപീയൂസു് മാർപ്പാപ്പാ കഴിഞ്ഞമാസം 2-ാംതീയതി സിനിമാലോകത്തെ പരാമർശിച്ചുകൊണ്ടു് പ്രസംഗിക്കയിൽ പ്രസ്താവിച്ചതു്, ദുഷിച്ച സിനിമാചിത്രങ്ങൾ "യുവത്വത്തിന്റെ ഏററവും പ്രമുഖമായ നാശകാരണമാണെ"ന്നാണ്. ഈയിടെ തിരുമേനി ചലച്ചിത്രങ്ങളെ സംബന്ധിച്ച ഉപദേശകബോർഡുകൾക്കു നൽകിയ നിർദ്ദേശത്തിലും അവിടുത്തെ അഭിപ്രായം ശക്തിയായി രേഖപ്പെടുത്തിയിട്ടുണ്ടു്. തിരുമനസ്സിലെ ആജ്ഞാനുസരണം വത്തിക്കാൻ സ്റ്റേററ് പ്രോ-സെക്രട്ടറി മോൺ. മൊന്തീനി സർവ്വരാജ്യകത്തോലിക്കാ സിനിമാ ഓഫീസ് പ്രസിഡണ്ടിനയച്ച കത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:- "ധാർമ്മികമായി സ്വീകാര്യമായ ഒരു ചിത്രം സാങ്കേതികമായി ഉയന്ന

തനിലവാരം പാലിക്കുന്നതു ഏററം അഭിലഷണീയമാണ്. എന്നാൽ ധാർമ്മികവും മതപരവുമായ വീക്ഷണത്തിൽ ആശങ്കാപരമായ ഒരു ചിത്രം അതിൻെറ കലാപരമായ സംവിധാനത്തിലോ വിഷയത്തെ സംബന്ധിച്ചോ എത്ര നന്നായിരുന്നാലും അതിനെ അനുകൂലിക്കുന്നതിനുള്ള പ്രലോഭനത്തെ പരിത്യജിക്കേണ്ടതത്രെ." കത്തു സമാപിപ്പിക്കപ്പെടുന്ന ഭാഗവും സവിശേഷം ശ്രദ്ധാർഹമാണ്: "പ്രദർശിപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ ധാർമ്മികവും മതസംബന്ധവുമായ നന്മതിന്മകളെപ്പററി വേണ്ടത്ര അറിവുകൂടാതെ വളരെയേറെ ക്രിസ്ത്യാനികൾ സിനിമകാണുവാൻ തടിച്ചുകൂടുന്നു. ഇക്കാര്യത്തിൽ അവർക്കുള്ള കടമയെന്താണെന്നുകൂടി ചിലർ ചിന്തിക്കുന്നതായി തോന്നുന്നില്ല. പ്രത്യേകിച്ചും യുവജനങ്ങൾ ചലച്ചിത്രങ്ങളുടെ വഞ്ചനാപരമായ പ്രേരണകൾക്കെതിരായി വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല." അതുകൊണ്ടു് സിനിമാശാലകളിലേക്കു ഓടിക്കൂടുന്ന ജനതയ്ക്കു അതിൻെറനശീകരസ്വഭാവത്തെപ്പററി അതിഗൗരവാവഹമായുള്ള വിദ്യാവചനാകത്തവും നിർവ്വഹിക്കേണ്ടതുണ്ടെന്നും ജനനേതാക്കന്മാർ—വൈദികരും അൽമായരും ഒത്തൊരുമിച്ചു—ഇക്കാര്യത്തിൽ വേണ്ടത്ര പ്രബലമായനടപടികൾ സ്വീകരിക്കണമെന്നുമാണ് പരിശുദ്ധപിതാവു് ഉൽബോധിപ്പിക്കുന്നതു്.

സിനിമ അധുനാതനമായ ഒരു കലാപ്രകടനമാണ്. അതുസാർവ്വജനീനമായ ഒരു വിനോദമാർഗ്ഗമാണ്. അതു സാങ്കേതികമായ അതിൻെറ പുരോഗതിയിൽ ഇന്നും വികസിച്ചുകൊണ്ടിരിക്കുന്നു. അതിനെതിരായിസമൂലനിവർത്തനനയം അപ്രായോഗികമാണ്. പക്ഷേ, നന്മതിന്മയെ സംബന്ധിച്ച മനുഷ്യൻെറ സമുന്നതമായ ധാർമ്മികമൂല്യങ്ങളെ സംരക്ഷിക്കേണ്ടതു ഒരുതരത്തിലും ഒഴിച്ചുവയ്ക്കാവുന്നതല്ല. അതിനുള്ള മുറവിളിയാണ് ധർമ്മബോധമുള്ള ജനങ്ങളിൽനിന്നു മുഴങ്ങുന്നതു്. അതു സഫലമാക്കുന്നതിനു പൊതുജനത വിവേകത്തോടുകൂടി പ്രവർത്തിക്കണം. ചീത്തപ്പടങ്ങളെ പാടെ പരിവർജ്ജിച്ചു അവയ്ക്കെതിരായി ഒരു ധർമ്മസമരം പ്രഖ്യാപിക്കണം. ജനനേതാക്കന്മാർ അതിനുവേണ്ട മാർഗ്ഗദർശനം നൽകണം. ഗവർമ്മേണ്ടുകൾ ആത്മാർത്ഥമായി സഹകരിക്കണം. ആഭാസചിത്രങ്ങളെ നിശിതമായി നിരോധിക്കുകയും അതിൻെറ നിർമ്മാതാക്കളെയും പ്രദർശകരേയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. ഒത്തൊരുമിച്ചുള്ള ഈ പ്രവർത്തനം ആർഷഭാരതത്തിൻെറ പരമ്പരാഗതമായ സംസ്കാരത്തെ ലോകത്തിനു മാതൃകയായി കാണിച്ചുകൊടുക്കട്ടെ

## പ്രസാധകക്കുറിപ്പുകൾ

### ഇൻഡ്യൻ കത്തോലിക്കരുടെ പ്രശ്നങ്ങൾ—
### ബിഷപ്പ് റോച്ചിൻെറ വിശദീകരണം

വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സിലെ ഷഷ്ടിപൂർത്തി പ്രമാണിച്ച് റോമിലെ പ്രൊപ്പഗാന്തകോളെജിൽവച്ചു് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നടന്ന അനുമോദനയോഗത്തിൽ തൂത്തുക്കുടി ബിഷപ്പ് റോച്ചുതിരുമേനി ചെയ്ത മംഗളാശംസാപ്രസംഗത്തിൽ, ഇൻഡ്യൻ കത്തോലിക്കരെ അഭിമുഖീകരിക്കുന്ന രണ്ടു പ്രധാന പ്രശ്നങ്ങളെ ഇങ്ങനെ പരാമർശിക്കുകയുണ്ടായി:-

ആ രണ്ടു പ്രശ്നങ്ങൾ, ഇൻഡ്യ കമ്മ്യൂണിസ്റ്റാകുമോ? വിദേശമിഷനറിമാർ ഇൻഡ്യയിൽ പ്രവേശിക്കുന്നതിനെ തടയുമോ? എന്നിവയാണ്. ആദ്യത്തെ ചോദ്യം യൂറോപ്യൻ രാജ്യങ്ങളിൽ വസിക്കുന്ന ജനങ്ങളെ ഇൻഡ്യക്കാർ കാണുമ്പോൾ ചോദിക്കാറുണ്ടു്. ഈ പ്രശ്നത്തിനു് പരിഹാരം കാണുവാൻ അട്ടിപ്പേററി തിരുമേനി മുമ്പിൽക്കാണുന്ന മാർഗ്ഗം എല്ലാവരും അനുകരിക്കേണ്ടിയിരിക്കുന്നു. പാവപ്പെട്ടവരുടെ ജീവിതപ്രയാസങ്ങൾ വേണ്ടിടത്തോളം കുറയ്ക്കാൻ അവിടുന്നു പ്രദർശിപ്പിക്കുന്ന ആകാംക്ഷ എല്ലാവർക്കും ഉണ്ടാകുകയാണെങ്കിൽ കമ്മ്യൂണിസമല്ല ഒരു ഇസവും നമ്മുടെ നാട്ടിൽ വാഴാൻ പോകുന്നില്ല.

രണ്ടാമത്തെ ചോദ്യത്തിനുത്തരമായ പരിഹാരം കാണാൻ കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ കത്തോലിക്കാസഭയുടെ നിലനില്പിനു വേണ്ടിയുള്ള സമരത്തിൽ അവരുടെ കരങ്ങൾക്കു ശക്തികൂട്ടാൻ നമുക്കെല്ലാവർക്കും സർവ്വശക്തനോടു് പ്രാർത്ഥിക്കാം.

ഇന്നു ഇൻഡ്യയിലുള്ള 65 രൂപതകളിൽ 57 ലത്തീൻ രൂപതകളും, പൗരസ്ത്യറീത്തുകളിൽപ്പെട്ട 8രൂപതകളും ഉൾപ്പെടുന്നു. ലത്തീൻ റീത്തിലുൾപ്പെടുന്ന 18 അതിരൂപതകളിലും 25 രൂപതകളിലും പൗരസ്ത്യറീത്തുകളിലെ 8 രൂപതകളിലും നാട്ടുകാർതന്നെയാണ് ഭരണം നടത്തുന്നതു്. ബാക്കിയുള്ള 14 രൂപതകളിൽ മാത്രമാണ് വിദേശമിഷനറിമാർ ഭരണം നടത്തുന്നതു്. ഇൻഡ്യയിൽ ബർമ്മയും സിലോണും ചേർക്കുകയാണെങ്കിൽ മൊത്തം രൂപതകളുടെ എണ്ണം 85ആയി വർദ്ധിക്കും. പാക്കിസ്ഥാനിൽ8-ം സിലോണിൽ6-ം, ബർമ്മയിൽ6-ം രൂപതകൾ ഉണ്ടു്. കർദ്ദിനാൾ ഗ്രേഷ്യസ് ഇൻഡ്യയിലെ കത്തോലിക്കാസഭയുടെ പൂർണ്ണവളർച്ചയെ പ്രതിനിധീകരിക്കുന്നു.

* * *

### ഭൂദാനത്തിൻെറ അർത്ഥമെന്തെന്നു് ജയപ്രകാശ്
### വിശദീകരിക്കുന്നു

ഇൻഡ്യൻ സോഷ്യലിസ്റ്റ്പാർട്ടിയുടെ മുഖ്യനേതാവായ ശ്രീ ജയപ്രകാശ് നാരായണൻ കുറെക്കാലമായി രാഷ്ട്രീയകാര്യങ്ങളിൽനിന്നു പിൻവലിഞ്ഞു് തൻെറ ശ്രദ്ധയും ശക്തികളും ആചാര്യവിനോബാഭാവേയുടെ "ഭൂദാന"പോലുള്ള സൃഷ്ടിപരങ്ങളായ പ്രവർത്തനങ്ങളിലേക്കു തിരിച്ചിരിക്കുകയാണ്. ഭൂദാനപ്രസ്ഥാനം സംബന്ധിച്ചു് തനിക്കുള്ള ആശയങ്ങളും ആശകളും അദ്ദേഹം തുടരെത്തുടരെ പരസ്യമായി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. അഖിലേന്ത്യാ റേഡിയോവിൽ ജൂലൈ ആദ്യവാരത്തിൽ ദേശീയ പരിപാടികളുടെ പരമ്പരയിലുൾപ്പെടുത്തി അദ്ദേഹം ചെയ്ത പ്രക്ഷേപണിപ്രസംഗം ഈ ഗണത്തിൽപ്പെടുന്നുണ്ടു്. അതിലെ സംഗതമായ ചില ഭാഗങ്ങളാണ് താഴെ ചേർക്കുന്നതു്:- ഭൂദാനത്തെപ്പററി സംസാരിക്കുമ്പോൾ, ഭൂമിദാനം ചെയ്യുന്ന പ്രസ്ഥാനം എന്ന പരിമിതമായ അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടതു്. സമ്പത്തിദാനം, ശ്രമദാനം, ബുദ്ധിദാനം മുതലായ ആദർശങ്ങളോടുകൂടിയ പ്രവർത്തനങ്ങളെല്ലാം അതിലുൾപ്പെടുന്നു. "ദാനം" എന്ന വാക്കിൻെറ പ്രയോഗം നിർഭാഗ്യവശാൽ ഒരു "ധർമ്മംകൊടുക്കൽ" എന്ന തെററായ അർത്ഥം ധ്വനിപ്പിക്കുന്നു. ഭൂദാനപ്രസ്ഥാനം വെറുമൊരു ധർമ്മംകൊടുക്കൽ പ്രസ്ഥാനമല്ല. നാം നമ്മുടേതെന്നു കരുതുന്ന സ്വത്തു് വാസ്തവത്തിൽനമ്മുടെ സ്വന്തമല്ലെന്നും, നാം അതിൻെറ സൂക്ഷിപ്പുകാർ മാത്രമാണെന്നുമുള്ള മഹാത്മഗാന്ധിയുടെ ട്രസ്റ്റിഷിപ്പ് ആശയമാണതിൻെറ കാതൽ. തനിക്കു അത്യാവശ്യമായതുമാത്രം ആ സ്വത്തിൽനിന്നെടുത്തു് അനുഭവിക്കാനേ ട്രസ്റ്റിക്കു് അവകാശമുള്ളു. ബാക്കിയൊക്കെ സമുദായത്തിനു് അയാൾ തിരിച്ചുകൊടുക്കേണ്ടതുണ്ടു്. ആവശ്യങ്ങൾവ്യക്തികളുടെ സ്വഭാവമനുസരിച്ചു് മാറിക്കൊണ്ടിരിക്കും. പക്ഷേ ആ വ്യത്യാസം വളരെ വലുതാവാൻ തരമില്ല. തൻെറ ആവശ്യം കഴിഞ്ഞു ബാക്കിയുള്ള സ്വത്തു് അതിൻെറ അവകാശിയായ സമുദായത്തിനു് വിട്ടുകൊടുക്കുന്നതു് വെറും പ്രാഥമിക സത്യപാലനം മാത്രമാണ്. അതു് ചെയ്യാതിരിക്കുന്നതു് വലിയൊരു കള്ളത്തരമായിരിക്കും.

സമുദായത്തിൽ അനീതിയുണ്ടെന്നുള്ളതിൻെറ സൂചനയാണ് ധർമ്മം കൊടുക്കലും വാങ്ങലും. ഈ അനീതി ഇല്ലായ്മചെയ്യുവാൻ ധർമ്മംകൊടുക്കുന്ന ശീലംകൊണ്ടു് ഒരിക്കലും സാധിക്കുകയില്ല. സമുദായക്രമത്തിൽ ഊർജിതമായ ഒരു പരിവർത്തനം വന്നാലേ അതു സാധിക്കൂ. ഈ പരിവർത്തനമാണ് ഭൂദാനപ്രസ്ഥാനത്തിൻെറ ലക്ഷ്യം. ചില നിക്ഷിപ്തതാല്പര്യക്കാരുണ്ടു്. സാമൂഹ്യക്രമത്തെ മാററുന്നതിനും പ്രത്യേകാവകാശങ്ങൾ അനുഭവിക്കുന്ന വിഭാഗക്കാരെ ക്രമപ്പെടുത്താനും നിയമംമുഖേനയോ വാളിൻെറ സഹായം മുഖേനയോ മാത്രമേ സാധിക്കൂ എന്നാണവർ കരുതുന്നതു്. അത്തരം നിർബന്ധങ്ങൾക്കു് മനുഷ്യസമുദായത്തിൻെറ പുറംവശത്തുമാത്രമല്ലാതെ അവരുടെ ഹൃദയത്തിൽ പരിവർത്തനമുണ്ടാക്കുവാൻ സാധിക്കുകയില്ല. വ്യക്തികളുടെ ഹൃദയപരിവർത്തനത്തിനുള്ള മനശ്ശാസ്ത്രപരമായ അന്തരീക്ഷം സൃഷ്ടിക്കണം. ഭൂദാനത്തിൽ ഇതു സംഭവിക്കുന്നതു നാം കാണുന്നു.

ലക്ഷക്കണക്കിൽ ഭൂവുടമകളെ ഒററയ്ക്കൊററയ്ക്കു് വിനോബായും അദ്ദേഹത്തിൻെറ സഹപ്രവർത്തകരും സമീപിക്കുന്നു. ഇപ്പോഴത്തെ ഭൂവുടമ ആദർശത്തിൻെറ സ്ഥാനത്തു് പരിവർത്തനാത്മകമായ ആശയം സ്ഥലംപിടിക്കുന്നു. അങ്ങനെ ഇന്നത്തെ ഭൂവുടമസമ്പ്രദായങ്ങൾക്കു പകരം മനുഷ്യൻ സ്വത്തിൻെറ സൂക്ഷിപ്പുകാരൻ മാത്രമാണ് എന്ന ആശയം വേരെടുത്തുപിടിക്കുന്നു. പണക്കാരും വലിയവരുമായ ഭൂവുടമകളുടെ മനസ്സുമാററിയാൽമാത്രം പോരാ. ധനികരുടെയിടയിൽ മാത്രമല്ല സ്വത്തിൻെറ നേർക്കു് ഉടമസ്ഥതാഭാവം കാണുന്നതു്. ഏററവും വലിയ ദരിദ്രനിലും ആ ഭാവം കാണാം. ആകയാൽ സകലരിലും പ്രസ്തുത മനഃപരിവർത്തനം വരുത്തേണ്ടിയിരിക്കുന്നു. അതിനുള്ളതാണ് ഭൂദാനപ്രസ്ഥാനം.

* * *

### മോസ്കോപത്രം
### അപലപിക്കുന്നുവോ, മിഷനറിമാരുടെ ദേശഭക്തിയില്ലായ്മയെ

കത്തിക്കലം കേതലിൻെറ കരിനീറത്തെ അവഹേളിക്കുന്നു എന്നോ മററോ ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുള്ളതായി ഓർക്കുന്നു. മോസ്കോയിലെ കമ്മ്യൂണിസ്റ്റുപത്രമായ പ്രവദാ ഇൻഡ്യയിൽ വിദേശമിഷനറിമാരുടെ പേരിൽ ദേശഭക്തിയില്ലായ്മ ആരോപിക്കുന്നുവെന്നു സോവ്യററു് വാർത്താവിതരണക്കാർ റിപ്പോർട്ടുചെയ്യുന്നതു കേൾക്കുമ്പോൾ പ്രസ്തുത പഴഞ്ചൊല്ലാണ് സ്മരണയിൽ വരുന്നതു്. പ്രവദയുടെ അപലപനം കേട്ടാലു:-

വിദേശമിഷനറിമാർ, ഇൻഡ്യൻ പാർലമെൻററും പത്രങ്ങളും അവർക്കു നൽകിയിരിക്കുന്ന താക്കീതുകളെ അവഗണിച്ചുകൊണ്ടു് അവർക്കു് ആതിഥ്യം നൽകിയിരിക്കുന്ന രാജ്യത്തിൻെറ താല്പര്യങ്ങൾക്കെതിരായുള്ള അവരുടെ അട്ടിമറിപ്രവർത്തനങ്ങൾ വളരെയധികം ശക്തിപ്പെടുത്തിയിട്ടുണ്ടു്. അമേരിക്കൻ മിഷനറികളുടെയും അവരുടെ നിയന്ത്രണത്തിലുള്ള സംഘടനകളുടേയും സംഖ്യാവർദ്ധനവിലും അവ ഇൻഡ്യൻ വിരുദ്ധപ്രചരണത്തിൻെറ കേന്ദ്രങ്ങളായിത്തീർന്നിരിക്കുന്നതിലും ഇൻഡ്യൻ പത്രങ്ങൾ രോഷാകുലരായിരിക്കുന്നു. അമേരിക്കൻ മിഷനറിമാർ നടത്തുന്ന മതപ്രചരണത്തിൻെറ പതിവുള്ള സമ്പ്രദായങ്ങൾ അടങ്ങിയിരിക്കുന്നതു് ഇൻഡ്യയുടെ ദേശീയസംസ്കാരത്തേയും ആചാരങ്ങളേയും അവഹേളിക്കുന്നതിലും, ഇൻഡ്യാഗവമ്മെൻറിൻെറ വിദേശനയത്തെ ആക്ഷേപിക്കുന്നതിലുമാണ്.


ഇൻഡ്യയോടു് ദേശീയഭക്തിയില്ലാത്തവരെന്നുള്ള കുററം വിദേശമിഷനറിമാരുടെ പേരിൽ ആരോപിക്കുന്ന മോസ്കോയിലെ കമ്മ്യൂണിസ്റ്റുകൾ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകളായ അവരുടെ അഞ്ചാംപത്തികളെ ഇൻഡ്യാഗവർമ്മെൻറിനും ഇൻഡ്യൻ ദേശീയതയ്ക്കും എതിരായി അട്ടിമറിപ്പൻ പ്രവർത്തനം നടത്താൻ നിയോഗിച്ചിരിക്കുന്നതു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്? ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകളുടെ ദേശീയവിരുദ്ധവും വിദേശവിധേയവുമായ നടപടികളെ പഴയതുപോലെ ഈയിടേയും നമ്മുടെ പ്രധാനമന്ത്രി അപലപിച്ചതു് ശ്രദ്ധേയമാണ്. "കമ്മ്യൂണിസ്റ്റുകളുടെ മനസ്സു് മറെറാരു രാജ്യത്തിൻെറ നേർക്കുള്ള ബഹുമാനാദരങ്ങൾക്കു് പരിപൂർണ്ണം കീഴ്പ്പെട്ടിരിക്കുകയാണെന്നും, എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യുന്നതിനെപ്പററി കമ്മ്യൂണിസ്റ്റുകൾ സംസാരിച്ചാലും അവരുടെ മനസ്സു് വിദേശീയമായ ആദർശസംഹിതയാൽ ബന്ധിക്കപ്പെട്ടിരിക്കുകയാണെന്നും, തൽഫലമായി അവരുടെ കൈകാലുകൾ വിദേശീയസ്വാധീനശക്തികളാൽ കെട്ടപ്പെട്ടിരിക്കുകയാണെന്നും" മി. നെഹ്രു ജൂലൈ 8-ാംനു-ഒരു വലിയ പബ്ളിക്കു് മീററിംഗിൽ തുറന്നു പറയുകയുണ്ടായി.

### തിരുക്കൊച്ചി
#### നിയമസഭയിലും ഈ കമ്മ്യൂണിസ്റ്റു മനോഭാവം

വിദേശക്രൈസ്തവ മിഷനറിമാരോടു് കമ്മ്യൂണിസ്റ്റുകൾക്കും അവരുടെ അനുഭാവികൾക്കുമുള്ള വിരുദ്ധമനോഭാവം തിരുകൊച്ചിയിലെ നിയമസഭയുടെ ഇത്തവണത്തെ യോഗത്തിൽ പ്രകടിപ്പിക്കപ്പെട്ടു. പുനലൂർ സ്വതന്ത്ര (കമ്മ്യൂണിസ്റ്റനുഭാവിയായ) മെമ്പർ മി. പി. ഗോപാലൻെറ ഒന്നാം ദിവസത്തെ ഒന്നാമത്തെ ചോദ്യം ഇതിനു ദൃഷ്ടാന്തമാണു്. തിരുകൊച്ചിയിലെ വിദേശമിഷനറിമാരോടുള്ള ഗവമ്മെൻറുമനോഭാവം എന്താണു്? രാഷ്ട്രീയമായും വിദേശീയമായും വല്ല ഉദ്ദേശങ്ങളും ഇവക്കുള്ളതായി ഗവമ്മെൻറിനറിയാമോ? വിദേശീയഗവർമെൻറിനുവേണ്ടി പ്രചരണം നടത്തിയ കാശ്മീരിലെ ചില മിഷനറിമാരെ പുറത്തയച്ചതായി അറിവില്ലേ? നെഹ്രുവിൻെറ പ്രസ്താവനകളെ തങ്ങൾ മാനിക്കുന്നില്ലെന്നു് ഒരു മിഷനറി പ്രസംഗത്തിൽ പ്രസ്താവിച്ചതായി അറിയാമോ? എന്നൊക്കെയായിരുന്നു ചോദ്യങ്ങൾ. ഇവയ്ക്കു് നമ്മുടെ മുഖ്യമന്ത്രി നിഷ്പക്ഷമായി, സമുചിതമായി, മറുപടി നൽകി ചോദ്യങ്ങളുടെ അനാസ്സാരവിഹീനത വെളിപ്പെടുത്തി.

| സത്യദീപം വരിസംഖ്യ | | |
|---|---|---|
| | | പ്രതിവർഷം |
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |


## For favours received



വിശുദ്ധ യൂദാസ് തദ്ദേവൂസിൻെറയും, വി. സെബസ്ത്യാനോസിൻെറയും മററു മദ്ധ്യസ്ഥന്മാരുടെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മിസ്സ് ത്രേസ്യാമ്മ സെബാസ്റ്റ്യൻ,
വയല


### അടുത്ത ആഴ്ചയിൽ

ജൂലൈ

25 ഞാ: പന്തക്കുസ്താ 7-ാംഞായർ
26 തി: അന്നാ അമ്മ
27 ചൊ: പന്താലിയോൻ
28 ബു: നസ്സാറിയോസും കെൽസോസും
29 വ്യ: മർത്താ
30 വെ: അബ്ദോനും സേനേനും
31 ശ: അഗ്നാത്തിസ് ലൊയോളാ

#### ഒന്നിച്ചെതിർക്കുന്നു

ജർമ്മനിയിലുള്ള ലോവർ സാക്സണിയിൽ സ്കൂളുകളിൽ കുട്ടികളെ അയക്കുന്നതു സംബന്ധിച്ചു മാതാപിതാക്കന്മാർക്കുള്ള അധികാരാവകാശങ്ങളെ ചോദ്യംചെയ്യുന്ന ഒരു നിയമം നടപ്പാക്കുന്നതിനു ആരംഭിച്ചുവരികയാണു്. ഈ പദ്ധതിയെ എതിർക്കുന്നതിനു ഒരു മെത്രാനുൾപ്പെടെ പ്രോട്ടസ്റ്റൻറുവിഭാഗത്തിൽപ്പെട്ട എല്ലാ നേതാക്കന്മാരും കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട നാലു മെത്രാന്മാരും ജനങ്ങളും ഒന്നിച്ചുചേർന്നു ഒരു സംയുക്ത ശ്രമം നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. പശ്ചിമജർമ്മൻ പാർലമെൻറിലെ സ്പീക്കറായ ഡോക്ടർ ഹെർമാൻ നിഹ്ലേഴ്സാനു് ഈ സംരംഭത്തിൽ പ്രധാനമായി പ്രവർത്തിക്കുന്നതു്.

## ഇടവകവാർത്തകൾ

**തൃശ്ശൂർ:** വിശുദ്ധ അന്നാവുമ്മ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു് വിൻസെൻറു് ഡി പോൾ സംഘത്തിൻെറ വാർഷികയോഗം വിവിധകലാപരിപാടികളോടുകൂടി തൃശ്ശൂർ ഡിസ്ത്രിക്ട് ജഡ്ജി പി. ഡി. തൊമ്മൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ ശ്രീമാൻ കെ. സി. ചാക്കൊ എം. എ. ബി. ഇ. എം. എസ്സ്. പ്രസംഗിച്ചു. ആലീസ് ഈപ്പൻ, കെ. ശാന്തകുമാരി എന്നീ കുട്ടികളുടെ "Christ & Soul" എന്ന ഒരു ചെറുപ്രഹസനം നാനാമതക്കാരായ കാണികളെ ആനന്ദിപ്പിച്ചു.

**കുറവൂർ;** സ്ഥലത്തെ ഒരു മാന്യനും ഉദാരമതിയുമായ ശ്രീ കവലക്കാട്ട് റപ്പായി അന്തോണി പതിവുപോലെ ഇക്കൊല്ലവും അന്നദാനം നിർവ്വഹിച്ചിരിക്കുന്നു. 20 പറ അരിവച്ചു് നടത്തിയ പ്രസ്തുത അന്നദാനത്തിൽ സ്ഥലത്തെയും പരിസരത്തേയും നൂററുകണക്കിനു സാധുക്കൾ പങ്കെടുത്തു.

**കരിമണ്ണൂർ:** ഈ ഇടവകയിൽനിന്നും ഇക്കൊല്ലം പതിനാലു് യുവതീയുവാക്കന്മാർ മലബാറിനകത്തും പുറത്തുമായി വിവിധ സന്യാസസഭകളിലേക്കും മിഷൻ രംഗങ്ങളിലേക്കും പോയിരിക്കുന്നു. ഇവരിൽ ഭൂരിപക്ഷവും സ്ഥലത്തെ ചെറുപുഷ്പ മിഷൻലീഗിൻെറ സജീവപ്രവർത്തകരായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

**ഉപ്പുതറ:** കേരളക്കരയുടെ നാനാഭാഗത്തുനിന്നും കൃഷിക്കായി കുടിയേറിപ്പാർത്തിട്ടുള്ള ക്രൈസ്തവകേന്ദ്രമായ ഉപ്പുതറയിൽ അവരുടെ വിജ്ഞാനപരിപോഷണാർത്ഥം പുതുതായി സമാരംഭിച്ചിട്ടുള്ള ഇംഗ്ലീഷ് സ്കൂൾ ഹാളിൽ വച്ചു മാർത്തോമ്മാ ദിനാചരണം കേമമായി നടന്നിരിക്കുന്നു. സ്കൂൾ കെട്ടിടവും പരിസരങ്ങളും കമനീയമായി അലങ്കരിച്ചിരുന്നു. സ്ഥലം പള്ളി വികാരി റവ. ഫാദർ തോമസ്സ് സി. പാറേൽ അവർകളുടെ നാമഹേതുകതിരുനാളും അതൊന്നിച്ചു ആഘോഷിക്കപ്പെട്ടു. ആഘോഷമായ ദിവ്യബലി, വിദ്യാർത്ഥികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം, പരിശുദ്ധ കുർബാനയുടെ വാഴ്‌വു ഇവയെ തുടർന്നു് ഡോക്ടർ മാത്യു സക്കറിയാസ്സ് ബി. എസ്സ്സി. എം. ബി. ബി. എസ്സ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം ആരംഭിച്ചു. ഹെഡ്മാസ്റ്റർ ശ്രീ ജെ. ജോസഫ് ചുണ്ടമല അവർകൾ സ്വാഗതമാശംസിച്ചു: അദ്ധ്യക്ഷനവർകൾ മാർത്തോമ്മാദിനമാഹാത്മ്യത്തെ പുരസ്കരിച്ചു് പാണ്ഡിത്യോചിതമായ ഉപക്രമപ്രസംഗം നടത്തി. തുടർന്നു് ശ്രീ എം. ററി. ഫിലിപ്പു് മണലേൽ അവർകൾ പ്രസംഗിച്ചു. തദനന്തരം സ്കൂൾമാനേജർക്കു് വിദ്യാലയത്തിൻെറ വക ഒരു സുകൃതമഞ്ജരി സമർപ്പിച്ചു. ബ. മാനേജരച്ചൻെറ മറുപടിപ്രസംഗം, വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ വിവിധകലാപ്രകടനങ്ങൾ, കൃതജ്ഞതാപ്രകാശം, പാപ്പാമംഗളം എന്നീ ചടങ്ങുകളോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

**ഉഴവൂർ:** സ്ഥലം പള്ളിസ്കൂളിൽവച്ചു റവ. ഫാദർ ജോസഫ് പുതുവ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ മാർത്തോമ്മാദിനം കൊണ്ടാടിയിരിക്കുന്നു. "മിഷൻ

# തിരുക്കൊച്ചിവാർത്തകൾ

### നിയമസഭാസമ്മേളനം

തിരുക്കൊച്ചിയിൽ പി. എസ്. പി. ഗവമ്മെൻറു് അധികാരത്തിൽ വന്നതിനുശേഷമുള്ള രണ്ടാമത്തെ നിയമസഭാസമ്മേളനം ജൂലൈ 12-ാംനു- ആരംഭിച്ചിരിക്കുന്നു. ദേവികുളം താലൂക്കിൽ ഉണ്ടായ ചില അസ്വസ്ഥതകളെ തുടർന്നു് അവിടെ ക്രിമിനൽ നടപടി 144-ാം വകുപ്പു് പ്രഖ്യാപിക്കുകയും ഏതാനും തമിഴ്‌നാട്ട് നേതാക്കളെ അറസ്റ്റു ചെയ്യുകയും ചെയ്തതിൽ പ്രതിഷേധസൂചകമായി തമിഴ്‌നാട്ടുകോൺഗ്രസ്സ് പ്രതിനിധികൾ ഇത്തവണത്തെ നിയമസഭാസമ്മേളനത്തിൽ സംബന്ധിക്കുന്നില്ല.

### വിദ്യാഭ്യാസപ്രശ്നം

പ്രാരംഭദിവസത്തെ ചോദ്യോത്തരവേളയിൽ സംസ്ഥാനത്തു് ഈയിടെ നടപ്പിൽ വരുത്തിയിരിക്കുന്ന വിദ്യാഭ്യാസപരിഷ്ക്കാരങ്ങൾ ചർച്ചചെയ്യപ്പെടുകയുണ്ടായി. തത്സംബന്ധമായി ഉന്നയിക്കപ്പെട്ട ചില ചോദ്യങ്ങളും അവയ്ക്കു ഗവമ്മെൻറുഭാഗത്തുനിന്നു നൽകപ്പെട്ട ഉത്തരങ്ങളും താഴെ ചേർക്കുന്നു:-

മി. സി. എ. മാത്യു:-മാനേജ്മെൻറുകൾക്കു 20 ശതമാനം കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിരുന്നതു എന്തടിസ്ഥാനത്തിലായിരുന്നു?

ഉ:- അദ്ധ്യാപകശമ്പളം ഗവമ്മെൻറു് കൊടുക്കണമെന്നും അതിലേക്കുവേണ്ടി ഫീസുപിരിവിൻെറ 80 ശതമാനം കെട്ടിവയ്ക്കണമെന്നും സ്കൂളിൻെറ നടത്തിപ്പിനുള്ള മററാവശ്യങ്ങൾ നിർവ്വഹിക്കാൻ 20 ശതമാനം മാനേജ്മെൻറിനു് വിട്ടുകൊടുക്കണമെന്നുമാണു് വ്യവസ്ഥ ചെയ്തിരുന്നതു്.

ചോ:-ആ പരിതസ്ഥിതികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കയാണെങ്കിൽ എന്തുകൊണ്ടു് ആ 20 ശതമാനം മാനേജരന്മാർക്കു് തുടർന്നു നൽകിക്കൂടാ?

ഉ:-നൽകുകയില്ലെന്നു പറഞ്ഞില്ലല്ലോ. അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണു്.

മി കെ. പി. ഉർമ്മീസു്:- ഇങ്ങനെയൊരു പരിഷ്കാരം മാനേജരന്മാരോടും ഈ സഭയോടും ആലോചിക്കാതെ നടപ്പിൽ വരുത്തിയതെന്തുകൊണ്ടാണു്?

ഉ:- ഇതു ഭരണഘടനയിലെ നിർദ്ദേശമാണു്. രാജപ്രമുഖൻെറ പ്രസംഗത്തിൽ ഗവമ്മെൻറിൻെറ നയം സൂചിപ്പിച്ചിട്ടുണ്ടു്. ആ പ്രസംഗത്തിലെ നയപ്രഖ്യാപനത്തെപ്പററി ആക്ഷേപമുണ്ടായിരുന്നെങ്കിൽ അതു പ്രകാശിപ്പിക്കാനും അവസരമുണ്ടായിരുന്നു. സാധുകുട്ടികൾക്കുവേണ്ടിയുള്ള ഒരു പദ്ധതിയായിട്ടാണു് ഗവമ്മെൻറു ഇതു കൊണ്ടുവന്നിരിക്കുന്നതു്.

ചോ:-ഈ ഫീസ്സ് നിറുത്തലാക്കൽകൊണ്ടു ധനവാന്മാരുടെ കുട്ടികൾക്കും പ്രയോജനമില്ലേ?

ഉ:- സാധുക്കളെ സംരക്ഷിക്കാനുള്ള നടപടിയിൽ ധനവാന്മാരും ഗുണം അനുഭവിച്ചെന്നു വരാം.

മി. എ. ജെ. ജോൺ:- പ്രൈവററു് സെക്കണ്ടറി സ്കൂൾപദ്ധതി ഗവമ്മെൻറും മാനേജ്മെൻറും തമ്മിലുള്ള ഒരു കരാറല്ലേ?

ഉ:-അതെ.

മി. ജോൺ:- ഈ 20 ശതമാനവ്യവസ്ഥയിലല്ലേ മാനേജ്മെൻറുകൾ പദ്ധതിയിൽ ചേർന്നതു്.

മുഖ്യമന്ത്രി:- അതേ. അതുകൊണ്ടുതന്നെയാണു് ഇതേപ്പററി കാര്യമായി ആലോചിക്കുന്നതു്.

മി. വി. ജെ. ജോസഫ്:- ആ കരാറിലെ വ്യവസ്ഥകൾ പാലിക്കാൻ ഗവമ്മെൻറിനു് ബാദ്ധ്യതയുണ്ടായിരിക്കെ 20 ശതമാനം കൊടുക്കാത്തതു നിയമലംഘനമല്ലേ?

ഉ:- മാനേജ്മെൻറുകൾക്കു ഗവമ്മെൻറു് ചെയ്യേണ്ട സഹായങ്ങളെപ്പററി ആലോചിച്ചുവരികയാണു്.

ചോ:- ഇതിൽ വിശേഷിച്ചു് എന്താലോചിക്കാനിരിക്കുന്നു. മാനേജ്മെൻറുകൾക്കുള്ള സംഖ്യ കൊടുക്കാതെ കഴിച്ചാൽ സ്കൂളുകൾ നിന്നുപോകുമെന്നു് ഗവർമെൻറു ധരിക്കുന്നുണ്ടോ?

ഉ:- മാനേജ്മെൻറുകൾക്കു എന്തു സഹായം ചെയ്യണമെന്നുള്ളതു് ആലോചനയിലിരിക്കയാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ.

### ബഡ്ജററു്

രണ്ടാംദിവസത്തെ സമ്മേളനത്തിൽ ധനകാര്യമന്ത്രി ശ്രീ പി. എസ്. നടരാജപിള്ള തിരുക്കൊച്ചിയുടെ 1954-55 ലേക്കുള്ള പുതുക്കിയ ബഡ്ജററു് അവതരിപ്പിച്ചു. പുതിയ കണക്കനുസരിച്ചു് പ്രസ്തുത വർഷത്തിൽ 17,51·59 ലക്ഷം ക. വരവും 18,97·99 ലക്ഷം ക. ചെലവും അങ്ങനെ 146·40 ലക്ഷം ക. കമ്മിയുമാണു് പ്രതീക്ഷിക്കപ്പെടുന്നതു്. അടുത്ത സാമ്പത്തികവർഷത്തിൽ കാർഷികാദായനികുതിയും അമിതാദായനികുതിയും വർദ്ധിപ്പിക്കുവാൻ ബഡ്ജററിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

### നാഷനൽലോണിലേക്കും

ഇതരക്കു് ഒരു മാതൃകയാകത്തക്കവണ്ണം കോൺഗ്രസ്സ് എം. എൽ. എ. മാരും എം. പി. മാരും അവരുടെ ഒരുമാസത്തെ വരുമാനവും. പാർട്ടി പ്രവർത്തകർ 15 ദിവസത്തെ വരുമാനവും നാഷനൽ ലോണിൽ നിക്ഷേപിക്കണമെന്നു് പി. സി. സി. വർക്കിംഗ് കമ്മിററിയും കോൺ. പാർലമെൻററിപാർട്ടിയും ചേർന്നു് തീരുമാനിച്ചിരിക്കുന്നു.

### വികസനകേന്ദ്രങ്ങൾ

തിരുക്കൊച്ചി സംസ്ഥാനത്തു് പത്തു ജനക്ഷേമവികസനകേന്ദ്രങ്ങൾ സമാരംഭിക്കുന്നതിനു് കേന്ദ്രസാമൂഹ്യക്ഷേമസമിതി അനുമതി നൽകിയിരിക്കുന്നു. ശിശുമാതൃ[illegible]രക്ഷണം, അവശരുടേയും അംഗഹീനരുടേയും പരിരക്ഷ മുതലായവയായിരിക്കും ഈ കേന്ദ്രങ്ങളുടെ പ്രധാന ശ്രദ്ധാവിഷയങ്ങൾ. പദ്ധതിക്കു് ആകെ ചെലവുവരുന്ന 50,000 ക. യിൽ പകുതി കേന്ദ്രസാമൂഹ്യക്ഷേമസമിതി വഹിക്കുന്നതും പകുതി സംസ്ഥാനഗവമ്മെൻറും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുംകൂടി വഹിക്കേണ്ടതുമാണു്.

### ശ്രീ മാത്യു മുരിക്കൻ അഡ്വൊക്കേററു് ജനറൽ

ശ്രീ തൈക്കാട്ട് സുബ്രഹ്മണ്യയ്യർക്കു പകരം തിരുക്കൊച്ചി അഡ്വൊക്കേററു് ജനറലായി ശ്രീ മാത്യു മുരിക്കൻ നിയമിതനായിരിക്കുന്നു. അടുത്ത ആഗസ്റ്റു് 1-ാം തീയതി അദ്ദേഹം പുതിയ ഉദ്യോഗം ഭരമേല്ക്കുന്നതാണു്.

### പെർമിററു് ആവശ്യമില്ല

ആന്ധ്രയിൽനിന്നോ, മദ്ധ്യപ്രദേശത്തുനിന്നോ, ഇൻഡ്യയിൽ മററു ഭാഗത്തുനിന്നെങ്കിലുമോ സംസ്ഥാനത്തു് അരി ഇറക്കുമതി ചെയ്യുന്നതിനു് മേലിൽ പെർമിററിൻെറ ആവശ്യം ഉണ്ടായിരിക്കുന്നതല്ല. 1952 ലെ കേന്ദ്രഫുഡ്ഗ്രെയിൻസ് ലൈസൻസിംഗ് ആൻറു് പ്രൊക്യൂർമെൻറു് ഓർഡർ അനുസരിച്ചു് വ്യാപാരികൾ ലൈസൻസ് എടുത്തിരിക്കേണ്ടതാണു്. ഈ ലൈസൻസുകൾ സിവിൽസപ്ലൈസ് കമ്മീഷണറിൽനിന്നും ലഭിക്കുന്നതായിരിക്കും. ഇറക്കുമതി ചെയ്ത അരി യാതൊരു നിയന്ത്രണത്തിനും വിധേയമാകാതെ വില്ക്കാൻ വ്യാപാരികൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്. എന്നാൽ എന്തുമാത്രം അരി തങ്ങൾ ഇറക്കുമതി ചെയ്തിട്ടുണ്ടെന്നുള്ള വിവരം വ്യാപാരികൾ സിവിൽ സപ്ലൈസ് കമ്മീഷണറെ അറിയിക്കേണ്ടതാണു്.

## ഇന്ത്യാവാർത്തകൾ

### മയ്യഴി സ്വതന്ത്രമായി

ഇൻഡ്യയിലെ ഫ്രഞ്ചധീനപ്രദേശങ്ങളിലൊന്നായ മയ്യഴിയുടെ ഭരണം ഇക്കഴിഞ്ഞ ജൂലൈ 16-ാംനു- ഫ്രഞ്ചുകാർ കൈയൊഴിയുകയും മയ്യഴിയുടെ വിമോചനത്തിനുവേണ്ടി സമരം നടത്തിക്കൊണ്ടിരുന്ന അവിടത്തെ മഹാജനസഭയുടെ ആഭിമുഖ്യത്തിൽ മി. കെ ഐ. കുമാരൻ നേതാവായുള്ള ഒരു കൗൺസിൽ ഭരണം ഏറെറടുക്കുകയും ചെയ്തിരിക്കുന്നു. ഇതേത്തുടർന്നു മയ്യഴിയിലെ ഫ്രഞ്ചുദ്യോഗസ്ഥന്മാരും സായുധപോലീസും സ്ഥലംവിട്ടുകയുണ്ടായി. മയ്യഴിയിലെ വിമോചനസമരം കഴിഞ്ഞ മേയ് 8-ാംനു- മുതൽ ഒരു സത്യഗ്രഹസമരമായി ആരംഭിച്ചിരിക്കയായിരുന്നു.

### സാമൂഹ്യവികസന പദ്ധതികൾ

അടുത്ത മാസംമുതൽ കേന്ദ്രസാമൂഹ്യക്ഷേമബോർഡിൻെറ ആഭിമുഖ്യത്തിൽ 60 ലക്ഷം ജനങ്ങളെ ഉൾക്കൊള്ളുന്ന ഇൻഡ്യയിലെ 6000 ഗ്രാമങ്ങളിലായി 300 സാമൂഹ്യക്ഷേമപദ്ധതികൾ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇവയുടെ നടത്തിപ്പിലേക്കു് എല്ലാ സംസ്ഥാനങ്ങളിലും സാമൂഹ്യക്ഷേമബോർഡുകൾ രൂപവല്ക്കരിക്കപ്പെടുന്നതാണു്.

### കോൺ. വർക്കിംഗ കമ്മിററിയോഗം

ഭൂനയപരിഷ്കാരങ്ങൾ, ഇൻഡ്യൻ ഭരണഘടനാഭേദഗതികൾ എന്നിവസംബന്ധിച്ചു് വിവിധ സ്റ്റേററുകളിൽനിന്നു ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പര്യാലോചനകൾ നടത്തി തീരുമാനങ്ങളെടുക്കുന്നതിലേക്കു് അഖിലേന്ത്യാ കോൺഗ്രസ് വർക്കിംഗ് കമ്മിററി ജൂലൈ 23-ം, 24-ം തീയതികളിൽ ആജ്മീറിൽ സമ്മേളിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—o—

## ഡോ. അട്ടിപ്പേററി തിരുമേനിക്കു് ഓണററി ഡിഗ്രി

സെൻറു് ബനവൻചുറാ യൂണിവേഴ്സിററി ജൂലൈ 15-ാംനു- വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേററി തിരുമേനിക്കു "ഓണററി ഡിഗ്രി ഓഫ് ലോസ്സ്" നൽകുകയുണ്ടായി. ഇപ്പോൾ അമേരിക്കൻ ഐക്യനാടുകളിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന തിരുമേനിയാണു് അന്നു നടന്ന സർവ്വകലാശാലയുടെ അക്കാഡമിക്കു് കോൺവൊക്കേഷനിൽ അദ്ധ്യക്ഷത വഹിച്ചതു്.

## ചരമവാർത്തകൾ

**പിറവം:** ഈ ഇടവക ചെറിയമൂഴിക്കൽ പരേതനായ ഉലഹന്നാൻെറ ഭാര്യ ഏലി വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ജൂലൈ 8-ാംനു- 88-ാമത്തെവയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം ശവസംസ്കാരം നടന്നു. സാധുക്കൾക്കു് അന്നദാനവും പണദാനവും ഉണ്ടായിരുന്നു.

**ചെമ്പംതൊട്ടി:** ഈ പള്ളിയിടവകയിലെ ഏററം പ്രായാധിക്യമുള്ള ആളായ മുണ്ടക്കൽ ആഗസ്തി ആശാൻ തൻെറ 93-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഈ മാസം 3-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിക്കയും, സ്ഥലം പള്ളി വികാരി ബ. കുന്നപ്പള്ളിൽ യാക്കോബച്ചൻെറ കാർമ്മികത്വത്തിലും, ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും, ചെമ്പംതൊട്ടി പള്ളി സിമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെടുകയും ചെയ്തു.

R. I. P.

തിരുസഭാചരിത്രം 37

# ആദിമശതകങ്ങളിലെ ക്രിസ്തീയസാഹിത്യം

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

ആദിമക്രിസ്ത്യാനികൾ സുവിശേഷത്തെ പ്രചരിപ്പിക്കുന്നതിൽ ഏകാഗ്രചിത്തരായിരുന്നതുകൊണ്ട് മതസംബന്ധമായ സാഹിത്യസൃഷ്ടിയിലോ ഗവേഷണങ്ങളിലോ കാര്യമായ ശ്രദ്ധപതിച്ചിരുന്നില്ല. എന്നിരുന്നാലും ഒന്നാംശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിലും രണ്ടാംശതാബ്ദത്തിന്റെ ആരംഭകാലത്തും എഴുതപ്പെട്ടിട്ടുള്ള ചില ക്രിസ്തീയഗ്രന്ഥങ്ങൾ ചരിത്രപണ്ഡിതന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ഈ പുരാതനഗ്രന്ഥങ്ങളുടെ രചയിതാക്കൾ അപ്പസ്തോലന്മാരിൽനിന്നും നേരിട്ട് ക്രിസ്തീയതത്വപ്രബോധനങ്ങൾ സ്വീകരിച്ചിട്ടുള്ളവരാകയാൽ അവരെ അപ്പസ്തോലികപിതാക്കന്മാർ (Apostolic Fathers) എന്നു വിളിച്ചുപോരുന്നു. അവരുടെ ഗ്രന്ഥങ്ങളുടെ ഉള്ളടക്കവും പ്രതിപാദനരീതിയും വേദപുസ്തകത്തിന്റേതിനോടു വളരെ സാമ്യംവഹിക്കുന്നതാകയാൽ അവയെ വേദപുസ്തകത്തിന്റെ അനുബന്ധങ്ങളായി കരുതപ്പെടാവുന്നവയാണ്. പുരാതനക്രൈസ്തവ ദേവാലയങ്ങളിലെ വിശുദ്ധ കർമ്മങ്ങളുടെ മദ്ധ്യേ അപ്പസ്തോലികപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ ചിലതു പരസ്യമായി വായിക്കപ്പെട്ടിരുന്നു. അപ്പസ്തോലപ്രബോധനങ്ങളുടെ കലർപ്പില്ലാത്ത പ്രതിച്ഛായ ഈ ഗ്രന്ഥങ്ങളിൽ കാണാവുന്നതിനാൽ അവയെ ക്രിസ്തീയ പൗരാണികത്വത്തെ സംബന്ധിക്കുന്ന അമൂല്യരേഖകളായി കരുതപ്പെട്ടുപോരുന്നു.

ആദ്യത്തെ ഏഴ് ശതകങ്ങളിലെ ക്രൈസ്തവഗ്രന്ഥകാരന്മാരെയാണ് സാധാരണയായി സഭാപിതാക്കന്മാർ (Fathers of the Church) എന്ന സംജ്ഞകൊണ്ടു വിവക്ഷിക്കുന്നത്. പൗരാണികത്വം, ജീവിതപരിശുദ്ധി, സഭയുടെ അംഗീകാരത്തോടുകൂടി വിശ്വാസസത്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി പ്രബോധനങ്ങൾ മുഖേനയോ ലേഖനങ്ങൾ മുഖേനയോ പ്രകടമാക്കിയിട്ടുള്ള പാണ്ഡിത്യം എന്നീ മൂന്നു ലക്ഷണങ്ങൾ ഉള്ളവരെയാണ് സഭാപിതാക്കന്മാർ എന്നു വിളിച്ചുവരുന്നത്. 749 A. D. യിൽ ചരമമടഞ്ഞ വി. ജോൺ ഡമാസീനെ (St. John Damascene)യാണ് അവസാനത്തെ സഭാപിതാവായി പരിഗണിച്ചുപോരുന്നത്.

അപ്പസ്തോലികപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ ഏററം പ്രധാനപ്പെട്ടവ ഡിഡാക്കെ (Didache), ഹെർമാസിന്റെ ആട്ടിടയൻ (Shepherd of Hermas), ബാർണബാസിന്റെ ലേഖനം, വി. ക്ലെമെന്റിന്റെ ലേഖനം, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ ലേഖനങ്ങൾ എന്നിവയാണ്.

ഇവയിൽ ഏററം പഴക്കമേറിയതാണ് ഡിഡാക്കെ (Didache) അഥവാ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ വിശ്വാസസത്യം എന്ന ഗ്രന്ഥം. 1883-ൽ കോൺസ്റ്റാന്റിനോപ്പിളിലെ ഒരു സന്യാസാശ്രമത്തിലെ (the Monastery of the Holy Sepulchure) ഗ്രന്ഥശേഖരത്തിൽനിന്നാണ് ഈ പൗരാണികഗ്രന്ഥം കണ്ടുപിടിക്കപ്പെട്ടത്. നിക്കോമീദിയായിലെ മെത്രാപ്പോലീത്തയായിരുന്ന ഫിലോത്തേയോസ് ബ്രിയെന്നിയോസ് (Philotheos Bryennios) എന്ന ദേഹമാണ് ഇതു കണ്ടെടുത്തത്. അദ്ദേഹത്തിന്റെ അഭിപ്രായം ഇതു A. D. 120നും 160നും ഇടയ്ക്ക് നിർമ്മിക്കപ്പെട്ടതാണെന്നാണ്. ബാർണബാസിന്റെ ലേഖനത്തിൽനിന്നും ഹെർമാസിന്റെ ആട്ടിടയൻ എന്ന ഗ്രന്ഥത്തിൽനിന്നും പല ഭാഗങ്ങൾ ഡിഡാക്കെയിൽ ചേർത്തിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. എന്നാൽ ആധുനിക ചരിത്രഗവേഷകന്മാർ ഈ അനുമാനത്തെ അംഗീകരിക്കുന്നില്ല. അവരുടെ അഭിപ്രായം ഡിഡാക്കെയുടെ നിർമ്മാണകാലം A. D. 80—നും 90—നും ഇടയ്ക്കാണെന്നാണ്. ബാർണബാസിന്റെയും ഹെർമാസിന്റെയും ഗ്രന്ഥങ്ങൾ ഡിഡാക്കെയിൽനിന്നും ചില ഭാഗങ്ങൾ കൂട്ടിച്ചേർത്തു രചിക്കപ്പെട്ടിട്ടുള്ളവയാണെന്നും അവർ വാദിക്കുന്നു.

പൗരാണികസഭയുടെ സംഘടന, വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങൾ, അവരുടെ സന്മാർഗ്ഗചര്യ, സഭയിലെ ഭരണക്രമം മുതലായവയെപ്പററി ഒരു വ്യക്തമായ രൂപം ഡിഡാക്കെയിൽനിന്നു നമുക്കു ലഭിക്കുന്നുണ്ട്. പ്രസ്തുത ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു ജീവന്റെയും മരണത്തിന്റെയുമായ ദ്വിവിധ ജീവിതമാർഗ്ഗങ്ങളെ സംബന്ധിക്കുന്ന തത്വവിശദീകരണവും, ജ്ഞാനസ്നാനം, ഉപവാസം, പ്രാർത്ഥന, പരിശുദ്ധകുർബാന ഇവയെ സംബന്ധിച്ചുള്ള ചുരുങ്ങിയ പ്രബന്ധങ്ങളും, അടങ്ങിയിരിക്കുന്നു.

രണ്ടാംഭാഗം പ്രേഷിതന്മാർ, പ്രവാചകന്മാർ മുതലായവരെ സ്വീകരിക്കുന്നതും ശുദ്ധമായി ആചരിക്കുന്നതും സംബന്ധിച്ചുള്ള മുറകളെപ്പററി പ്രതിപാദിക്കുന്നു. ലോകാവസാനം ആസന്നമായിരിക്കുന്നതിനാൽ എല്ലാവരും ജാഗ്രതയായിരിക്കണമെന്നുള്ള ഒരു മുന്നറിയിപ്പോടുകൂടി ഗ്രന്ഥം സമാപിക്കുന്നു. വിശ്വാസികളുടെ ഉപയോഗത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു വേദപാഠവും പ്രാർത്ഥനപ്പുസ്തകവും എന്ന രീതിയിലാണ് ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്.

ആട്ടിടയൻ (The Shepherd) എന്ന പുരാതനഗ്രന്ഥത്തിന്റെ കർത്താവായ ഹെർമാസ് (Hermas) A. D. 140—155 വരെ തിരുസഭാഭരണം നടത്തിയ ഒന്നാംപീയൂസ് മാർപ്പാപ്പായുടെ സഹോദരനായിരുന്നു എന്നതിനു ചില സൂചനകളുണ്ട്. അഞ്ചു ദർശനങ്ങളും, പന്ത്രണ്ട് പ്രബോധനങ്ങളും, പത്തു ഉപമകളുമാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. പാപമോചനത്തിനായിട്ടുള്ള പ്രായശ്ചിത്തമാണ് ഇതിലെ പ്രധാന പ്രതിപാദ്യം. അക്കാലത്തു റോമായിലെ ക്രൈസ്തവസമൂഹത്തിൽ കടന്നുകൂടിയിരുന്ന തിന്മകളെയും ദുരാചാരങ്ങളെയും പററി ബോദ്ധ്യമുണ്ടായിരുന്ന ഹെർമാസ് പ്രായശ്ചിത്തത്തിന്റെ ആവശ്യകതയെയും ഫലദായകത്വത്തെയുംപററി വിശ്വാസികളെ ഉൽബോധിപ്പിക്കുകയാണ് ഈ ഗ്രന്ഥംമുഖേന ചെയ്യുന്നത്.

ബാർണബാസിന്റെ ലേഖനം അപ്പസ്തോലനായ ബാർണബാസിനാൽ രചിക്കപ്പെട്ടതാണെന്നുള്ള അഭിപ്രായം ആധുനികചരിത്രകാരന്മാർ സ്വീകരിക്കുന്നില്ല. പ്രസ്തുത ഗ്രന്ഥത്തിൽ പല ഭാഗങ്ങളും ഡിഡാക്കെയിൽനിന്ന് എടുത്തിട്ടുള്ളവയാണ്. മോശയുടെ നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങളിൽനിന്ന് ക്രിസ്ത്യാനികളെ നിവർത്തിപ്പിക്കുവാനുള്ള ഔൽസുക്യമാണ് ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു പ്രകടമാകുന്നത്. ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും മാർഗ്ഗങ്ങളുടെ വിവരണമാണ് രണ്ടാംഭാഗം.

മേൽവിവരിച്ച ഗ്രന്ഥങ്ങൾ പൗരാണികസഭയിലെ കൂദാശക്രമങ്ങളുടെ വളർച്ചയെപ്പററി നമുക്കു വെളിച്ചം നൽകുന്നവയെങ്കിൽ വി. ക്ലെമന്റിന്റെയും വി. ഇഗ്നേഷ്യസിന്റെയും ലേഖനങ്ങൾ സഭയിൽ നിലവിലിരുന്ന അധികാരക്രമത്തിനു സാക്ഷ്യം വഹിക്കുന്നു. റോമാമാർപ്പാപ്പായായിരുന്ന വി. ക്ലെമന്റിന്റെ ലേഖനം ഒന്നാംശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ എഴുതപ്പെട്ടതാണ്. "റോമായിലെ ദൈവീകസഭയിൽനിന്നും കൊറിന്ത്യയിലെ ദൈവികസഭയിലേക്കു" എന്നിങ്ങനെയാണ് ലേഖനം ആരംഭിക്കുന്നത്. കൊറിന്ത്യയിലെ സഭാധികാരികളോട് അവിടത്തെ വിശ്വാസികളിൽ ചിലർ പ്രകടിപ്പിച്ച എതിർപ്പിനെ ശമിപ്പിച്ച് അവിടെ സമാധാനം പുനഃസ്ഥാപിക്കുവാൻ വേണ്ടിയുള്ള ഒരു ഉൽബോധനമായിരുന്നു ഈ ലേഖനം. പരസ്നേഹം, പ്രായശ്ചിത്തം, അനുസരണം, എളിമ എന്നീ ഗുണങ്ങൾ അഭ്യസിക്കുവാനും, വൈരാഗ്യവും അസൂയയും വെടിഞ്ഞു സൗഹാർദ്ദതയിലും സമാധാനത്തിലും ജീവിക്കുവാനും വി. ക്ലെമന്റ് കൊറിന്ത്യക്കാരെ ഉൽബോധിപ്പിക്കുന്നു. എന്നാൽ ലേഖനത്തിന്റെ പ്രധാന ഉദ്ദേശം സഭാധികാരത്തെ ആദരിക്കുവാനുള്ള കടമയെപ്പററി അവരെ അനുസ്മരിപ്പിക്കുക എന്നുള്ളതായിരുന്നു. ഇതു ലേഖനത്തിന്റെ രണ്ടാംഭാഗം സ്പഷ്ടമാക്കുന്നുണ്ട്. തിരുസ്സഭയിലെ ഹയരാർക്കിയുടെ അധികാരത്തിന്റെ ദൈവികമായ അടിസ്ഥാനത്തെ അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു: "ക്രിസ്തു അപ്പസ്തോലന്മാരെ നിയമിച്ചു. അവർ മെത്രാന്മാരെയും ശമ്മാശന്മാരെയും നിയമിച്ചു. അവർ മുറപ്രകാരം അവരുടെ പിൻഗാമികളെയും തിരിഞ്ഞെടുത്തു നിയമിച്ചു. ഇവരോട് വിശ്വാസികൾ അനുസരണയുള്ളവരായിരിക്കുവാൻ കടപ്പെട്ടവരാണ്." വേദപുസ്തകത്തിന്റെ വളരെ പുരാതനമായ കൈയെഴുത്തുപ്രതികളിൽ അപ്പസ്തോലന്മാരുടെ ലേഖനങ്ങളോടുകൂടി വി. ക്ലെമന്റിന്റെ ലേഖനവും അനുബന്ധമായി ചേർത്തിരിക്കുന്നതായികാണുന്നു. ഇതിൽനിന്ന് പ്രസ്തുത ലേഖനത്തിന്റെ പ്രാമാണ്യം എത്രമാത്രം ആദരിക്കപ്പെട്ടിരുന്നു എന്നു തെളിയുന്നു.

അന്ത്യോക്യയിലെ മെത്രാനായിരുന്ന വി. ഇഗ്നേഷ്യസ് തന്റെ ഏഴ് ലേഖനങ്ങൾ രചിച്ചത് ട്രാജൻ ചക്രവർത്തിയുടെ ഭരണകാലത്ത് രണ്ടാംശതാബ്ദത്തിന്റെ ആരംഭഘട്ടത്തിലാണെന്നു വിശ്വസിക്കപ്പെടുന്നു. ചക്രവർത്തിയുടെ കല്പനപ്രകാരം ബന്ധനസ്ഥനാക്കപ്പെട്ട വിശുദ്ധനെ ഹിംസ്രജന്തുക്കൾക്കിരയാക്കുവാൻ വേണ്ടി റോമായിലേക്കു കൊണ്ടുപോകുന്നവഴിയ്ക്കാണ് അദ്ദേഹം ഈ ലേഖനങ്ങൾ രചിച്ചത്. ഇതിൽ സ്മേർണായിൽവച്ച് എഴുതപ്പെട്ട ആദ്യത്തെ നാലു ലേഖനങ്ങൾ എഫേസൂസ്, മാഗ്നീസിയാ (Magnesia), ട്രാലിസ് (Tralles), റോമാ എന്നീ നാലു സഭകൾക്കും ട്രോആസിൽവച്ച് എഴുതപ്പെട്ട ഒടുവിലത്തെ മൂന്നു ലേഖനങ്ങൾ ഫിലാഡൽഫിയ, സ്മേർണാ എന്നീ സഭകൾക്കും സ്മേർണായിലെ മെത്രാനായിരുന്ന വി. പോളിക്കാർപ്പിനും അയച്ചുകൊടുക്കപ്പെട്ടു. പ്രസ്തുത ലേഖനങ്ങളിൽ വിശുദ്ധൻ, തന്നെ അഭിവാദ്യം ചെയ്യുവാൻവേണ്ടി ഏഷ്യയിലെ സഭകൾ ഒരു പ്രതിനിധിസംഘത്തെ സ്മേർണായിലേക്കയച്ചതിനുവേണ്ടി അവരോടു കൃതജ്ഞത പ്രകാശിപ്പിക്കുകയും, യഹൂദവൽകരണപ്രസ്ഥാനത്തിനു വശംവദരാകാതെ തങ്ങളുടെ മെത്രാന്മാരോടുള്ള ഐക്യത്തിൽ ഉറച്ചുനിൽക്കണമെന്ന് അവരെ ഉൽബോധിപ്പിക്കുകയും, രക്തസാക്ഷിത്വം കൈവരിക്കുവാനുള്ള തന്റെ ആത്മദാഹത്തെ ഹൃദയസ്പർശകമായ വിധത്തിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. മെത്രാൻ, വൈദികൻ, ശമ്മാശൻ എന്നീ മൂന്നു ഘടകങ്ങൾ ചേർന്നുള്ള തിരുസ്സഭയിലെ ഭരണക്രമത്തെ സംബന്ധിച്ചുള്ള പ്രസ്തുത ലേഖനങ്ങളുടെ സാക്ഷ്യം ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത് (9)

ദൈവത്തിന്റെ വത്സലമക്കളേ,

നിങ്ങളുടെ പല എഴുത്തുകൾക്കും മറുപടി അയക്കാൻ സാധിക്കാത്തതു നന്മനസ്സിന്റെ കുറവുകൊണ്ടല്ല, സമയദൗർലഭ്യംകൊണ്ടും, തനിച്ചു മറുപടി വേണമെന്നുള്ളവർ സ്വന്തം മേൽവിലാസം എഴുതിയിട്ടുള്ള പോസ്റ്റു കവർകൂടി അടക്കം ചെയ്തിരിക്കണമെന്നുള്ള വ്യവസ്ഥ പലരും മറന്നുപോകുന്നതുകൊണ്ടുമാണ്. ചില എഴുത്തുകൾക്കു പരസ്യമായോ രഹസ്യമായോ ഉള്ള മറുപടിക്കു വലിയ ആവശ്യമില്ലാത്തതായും തോന്നിയിട്ടുണ്ട്. എങ്കിലും നിവൃത്തിയുള്ളിടത്തോളം അല്പമെങ്കിലും ഉപകാരമുണ്ടെന്നു തോന്നുന്ന അവസരങ്ങളിലെല്ലാം മറുപടി അയക്കാൻ ശ്രമിക്കയാണു പതിവ്.

ഒരു സന്തപ്തയായ മാതാവിന്റെ എഴുത്തും അതിനുള്ള മറുപടിയും താഴെ ചേർക്കുന്നു:

"എന്റെ മൂന്നുനാലു കുട്ടികൾ കോളെജിലും സ്കൂളുകളിലുമായി പഠിക്കുന്നുണ്ട്. അവരെല്ലാം നല്ലവരും സത്സ്വഭാവികളും ദൈവഭക്തരുമാകണമെന്നും നല്ലവണ്ണം പാസ്സാകണമെന്നും ഞാൻ നിത്യവും പ്രാർത്ഥിക്കയും ആ ഉദ്ദേശത്തോടുകൂടി ചില ധർമ്മപ്രവൃത്തികൾ ചെയ്യുകയും ചെയ്തിട്ടും മിക്കവരും തോററുപോയി. എന്റെ പ്രാർത്ഥനയും സൽപ്രവൃത്തികളുമെല്ലാം വ്യർത്ഥമായല്ലോ എന്നോർത്തിട്ട് അതിയായ വ്യസനമുണ്ട്. ദൈവം നമ്മുടെ നന്മയ്ക്കായിരിക്കും ഇതനുവദിച്ചതെന്നു ഓർക്കുന്നുണ്ടെങ്കിലും നല്ല സമാധാനം ഉണ്ടാകുന്നില്ല. ഒരു കുട്ടിയെങ്കിലും ഒരു ഡിഗ്രിയെടുത്തു കണ്ടാൽ കൊള്ളാമെന്നു ആഗ്രഹിച്ചിട്ട് ഇതുവരെ സാധിച്ചില്ല

"സത്യദീപംവഴി ഒരുപദേശം അയച്ചുതന്നാൽ എനിക്കും എന്നെപ്പോലെ വിഷമിക്കുന്ന വേറെ ചില അമ്മമാർക്കും ഉപകരിച്ചേക്കുമല്ലോ."

ഉത്തരം: പ്രാർത്ഥിച്ചിട്ടും കുട്ടികൾ പരീക്ഷയിൽ തോററു എന്നുള്ളതാണല്ലോ സങ്കടകാരണം. ദൈവം ഒരത്ഭുതം പ്രവർത്തിക്കാത്തപക്ഷം പ്രാർത്ഥനകൊണ്ടുമാത്രം കുട്ടികൾ ജയിച്ചെന്നുവരികയില്ല. ജയിക്കുന്നതിനു അവരുടെ ഭാഗത്തുനിന്നുള്ള ശ്രമവും സാമാന്യം ബുദ്ധിശക്തിയുമാവശ്യമാണ്. വളരെ അത്യാവശ്യമുള്ളപ്പോളല്ലാതെ ദൈവം അത്ഭുതം പ്രവർത്തിക്കാറില്ല. അതിനാൽ കുട്ടികളുടെ തോൽവി അവരുടെ ഉത്സാഹക്കുറവുകൊണ്ടോ ബുദ്ധിക്കുറവുകൊണ്ടോ സംഭവിച്ചതായിരിക്കും.

നാം തീക്ഷ്ണതയോടുകൂടി പ്രാർത്ഥിച്ചതു നിഷ്ഫലമായിപ്പോയെന്നു വിചാരിക്കരുത്. പരീക്ഷാവിജയത്തെക്കാൾ അവർക്കും നമുക്കും കൂടുതൽ ഉപകാരപ്രദമായ അനുഗ്രഹങ്ങൾ ദൈവം നിശ്ചയമായും നൽകിയിട്ടുണ്ടായിരിക്കും. അവ എന്തെല്ലാമെന്നു ഇഹത്തിൽവച്ചു നമുക്കു മനസ്സിലായില്ലെന്നുവരാം. എങ്കിലും ഒരിക്കൽ നമുക്കു അതു പൂർണ്ണമായി മനസ്സിലാക്കാൻ കഴിയും. അന്നു ഈ തോൽവിയെക്കുറിച്ചു നാം സന്തോഷിക്കയും ദൈവത്തിനു നിത്യസ്തോത്രം ചെയ്യുകയുംചെയ്യും. ഈ എഴുത്തുകാരൻതന്നെ ഒരു തോൽവിയുടെ ഫലമായിട്ടാണ് ഒരു വൈദികനാകാൻ ഇടയായത്. തോൽവിയുണ്ടായപ്പോൾ എത്ര വലിയ വ്യഥയാണനുഭവിച്ചതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. എന്നാൽ ഇപ്പോൾ അതെല്ലാം സന്തോഷമായി മാറിയിരിക്കയാണ്.

കുട്ടികൾ മണ്ണപ്പം ചുട്ടും ചെറിയ പുരപണുതും മററും കളിക്കുന്നതു നാം കാണാറുണ്ടല്ലോ. വല്ലവരും യാദൃശ്ചികമായി അവരുടെ അപ്പം ചവുട്ടിപ്പൊട്ടിക്കയോ പുര മറിച്ചിടുകയോ ചെയ്താൽ എന്തൊരു കരച്ചിലും ബഹളവുമായിരിക്കും! പ്രായംചെന്നവർക്കു അതു കണ്ടാൽ ഒരു വിഷമവും തോന്നാറില്ല. ദൈവത്തിന്റെ മുൻപിൽ നമ്മുടെ ഏററവും വലിയ ലൗകികപ്രസ്ഥാനങ്ങളെല്ലാം കുഞ്ഞുങ്ങളുടെ കളിപോലെ അത്ര നിസ്സാരങ്ങളാണ്. നമ്മുടെ നിത്യഭാഗ്യത്തെ സംബന്ധിക്കുന്ന ആദ്ധ്യാത്മികകാര്യങ്ങൾക്കു മാത്രമേ അവിടത്തെ തിരുമുൻപിൽ എന്തെങ്കിലും പ്രാധാന്യമുള്ളു. നാം വേണ്ടവണ്ണം സ്വീകരിക്കുന്നപക്ഷം നമ്മുടെ ലൗകീക തോൽവികൾ പാരത്രികമായി വലിയ വിജയമായിരിക്കും. അതു കാണാനുള്ള സജീവമായ വിശ്വാസക്കണ്ണുകൾ നമുക്കുണ്ടായിരിക്കണമെന്നു മാത്രമേയുള്ളു.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചു മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്

# മരിയവത്സരമഞ്ജരി

## സൂനം 14

രണ്ടാമത്തെ സൃഷ്ടികർമ്മം ഒരു രക്ഷണീയപ്രവൃത്തിയായിരുന്നു. ആദ്യസൃഷ്ടിയുടെ നാശം സൃഷ്ടിയാൽത്തന്നെ പരിഹരിക്കപ്പെടുവാൻ സാദ്ധ്യമാകാത്ത ഒരധഃപ്പതനമായിരുന്നതുകൊണ്ടു് ദൈവംതന്നെ ഒരു രക്ഷണീയമായ ദിവ്യകർമ്മംകൊണ്ടു് അതു സാധിക്കേണ്ടതായിവന്നു. "നമുക്കുവേണ്ടിയും നമ്മുടെ രക്ഷയെപ്രതിയും അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു," എന്നാണല്ലോ നിക്കിയാവി



ശ്വാസപ്രമാണം പഠിപ്പിക്കുന്നതു്. അവതരിച്ച ദൈവപുത്രനെ ഈശോ എന്നു പേരുവിളിക്കണമെന്നു മാലാഖ വിശുദ്ധ യൗസേപ്പിനു നിർദ്ദേശം കൊടുക്കുന്നു. "എന്തുകൊണ്ടെന്നാൽ, അവിടുന്നു തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷപെടുത്തും" (മത്തായി 1: 21) പിറവിയുടെ ദിവസത്തിൽ ബെത്‌ലേഹമിലെ ആട്ടിടയന്മാർക്കു മഹത്തായ ആനന്ദം ആശംസിച്ചുകൊണ്ടു് മാലാഖാമാർ കാരണം പറഞ്ഞതു് "രക്ഷകൻ പിറന്നിരിക്കുന്നു" എന്നാണു്. അടിമത്തത്തിൽനിന്നുള്ള മോചനവും, ദൈവവുമായുള്ള രമ്യപ്പെടലും, നഷ്ടപ്പെട്ട അനുഗ്രഹങ്ങളുടെ വീണ്ടെടുപ്പുമാണു് ഈ രക്ഷണീയകർമ്മത്തിൽ ഉൾക്കൊള്ളുന്നതു്. മിശിഹാ യോഗ്യതാപരമായ വിധത്തിൽ നമുക്കു സാധിച്ചുതന്ന ഈ വീണ്ടെടുപ്പിൽ പരിശുദ്ധ കന്യകമറിയം രക്ഷകനെ പ്രദാനംചെയ്യുന്നതിൽ സഹകരിച്ചുകൊണ്ടു് സമുക്കായ വിധത്തിൽ പങ്കെടുത്തിരിക്കുകയാണു്.

### പരിത്രാണനം

"പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണു്." (യോഹ: 8: 34) പിശാചിന്റെ ഇംഗിതമാണല്ലോ പാപത്തിൽ നിഴലിക്കുന്നതു്. അതുകൊണ്ടു് പാപി പിശാചിന്റെ അടിമയാകുന്നു. എത്ര നികൃഷ്ടമായ ഒരടിമത്തമാണതെന്നു വിശുദ്ധ പൗലോസ് ശ്ലീഹാ ഗലാത്തിയക്കാർക്കുള്ള ലേഖനത്തിൽ വിവരിക്കുന്നുണ്ടു്. പാപമാകുന്ന അടിമത്തത്തിന്റെ നികൃഷ്ടതയെപ്പററി അറിഞ്ഞിരുന്നതുകൊണ്ടാണു് പഴയനിയമത്തിൽ പിതാക്കന്മാരും ദീർഘദർശികളും രക്ഷകന്റെ വരവിനുവേണ്ടി ഹൃദയവേദനയോടുകൂടി പ്രാർത്ഥിക്കുകയും തപസ്സുചെയ്യുകയും ചെയ്തുകൊണ്ടിരുന്നതു്. ഇത്ര മികച്ചൊരു ദാനമാണു് രക്ഷകൻ വഴി നമുക്കു പ്രദാനംചെയ്യപ്പെട്ടിട്ടുള്ളതു്. അവിടുന്നു നമ്മെ പാപത്തിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിച്ചു എന്നു മാത്രമല്ല, ദൈവവുമായി നമ്മെ രമ്യപ്പെടുത്തുകയും നമ്മെ അവിടുത്തെ ദത്തുപുത്രന്മാരും സ്വർഗ്ഗത്തിനവകാശികളുമാക്കി ഉയർത്തുകയുംചെയ്തു. നമുക്കു തന്മൂലം സ്വർഗ്ഗത്തിലേക്കു് കണ്ണുകളുയർത്തിക്കൊണ്ടു് "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ!" എന്നു അർത്ഥവത്തായി പ്രാർത്ഥിക്കുന്നതിനു സാധിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ നമ്മുടെ ഇന്നത്തെ സ്ഥിതി പറുദീസായിൽ ആദിമാതാപിതാക്കന്മാർ അനുഭവിച്ചിരുന്നതിലും അനുഗ്രഹസമൃദ്ധമാണു്. എന്തുകൊണ്ടെന്നാൽ പാപം അധികരിച്ചെങ്കിൽ അനുഗ്രഹം അതിലേറെ അധികരിച്ചിരിക്കുകയാണു്.

രക്ഷകന്റെ അമ്മ എന്നുള്ള സ്ഥാനം മഹത്തായ ഒരു ബഹുമതിയാണു്. പക്ഷെ അതു സമ്പാദിക്കുന്നതിനു് മറിയംകൊടുത്ത വിലയും മനുഷ്യശക്തിയെ കേവലം അതിശയിക്കുന്നതായിരുന്നു. അദ്ധ്വാനത്തിലും, സങ്കടത്തിലും, വിനയത്തിലും, ഉദാരതയിലും, സ്വയപരിത്യാഗത്തിലും, സ്നേഹവായ്പിലും അതു പ്രകടിതമായി. ലോകജീവിതത്തിൽ മറിയമനുഭവിച്ച കഠിനപരീക്ഷണങ്ങളും മർമ്മഭേദകമായ വ്യഥകളും രക്ഷകന്റെ മാതൃസ്ഥാനത്തിനനുയോജ്യമായ പ്രവൃത്തിപദ്ധതികളായിരുന്നു. ബെത്‌ലേഹം മുതൽ കാൽവരിവരെയുള്ള ദാരുണമായ ജീവിതയാത്രയിൽ ഈ പരിശുദ്ധ അമ്മ രക്ഷകനായ തന്റെ തിരുസുതനോടു് അനുപദം സഹകരിക്കുകയായിരുന്നു. ഈശോയുടേയും മറിയത്തിന്റെയും ഈ മാതൃകയിൽനിന്നു നാം പഠിക്കേണ്ട ഒരു കാര്യമുണ്ടു്. നമ്മുടെ ഓരോരുത്തരുടേയും രക്ഷ സഫലമാകുന്നതിനു്, അവരുടെ ക്ലേശപൂരിതമായ രക്ഷണീയകൃത്യം നമ്മിൽപൂർണ്ണമാകുന്നതിനു് കുരിശിന്റെവഴിയെ നാമും അനുഗമിക്കണം. മാത്രമല്ല, അവരുടെ രക്ഷണീയകൃത്യം പൂർണ്ണമായി ഫലപ്പെടുന്നതിനു് എല്ലാ മനുഷ്യരും സഹകരിക്കത്തക്കവണ്ണം മാനവവംശത്തെ ഉത്തേജിപ്പിക്കുന്നതിനുള്ള പ്രേഷിതചൈതന്യം നമുക്കുണ്ടാകണം. ഈ ആത്മാവബോധവും പ്രേഷിതതീക്ഷ്ണതയും കൈവരുന്നതിനു് പരിശുദ്ധ അമ്മയെ വിളിച്ചു് നമുക്കു പ്രാർത്ഥിക്കാം:-

**രക്ഷകന്റെ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**

## സൂനം 15

വിശുദ്ധ സുവിശേഷത്തിലെ പത്തു കന്യകകളുടെ ഉപമയിൽ വിവേകമതികളായിരുന്ന അഞ്ചുപേർ നേരത്തെതന്നെ ആവശ്യത്തിനുവേണ്ട എണ്ണ എടുത്തിരുന്നതുകൊണ്ടു് മണവാളൻ ആഗതനായ അവസരത്തിൽ വിളക്കുകൾ ഒരുക്കി അദ്ദേഹത്തെ സ്വീകരിക്കുന്നതിനു് സാധിച്ചു. ഭോഷികളായവർ എണ്ണ വാങ്ങാൻ പോകേണ്ടിവന്നതുകൊണ്ടു് പുറംതള്ളപ്പെട്ടു. മാനവവംശത്തിന്റെ പ്രതീക്ഷാപാത്രമായ ദിവ്യമണവാളനെ സ്വീകരിക്കുന്നതിനു് ലോകത്തിൽ തയാറെടുത്ത കന്യകാഗണത്തിൽ ഏററം വിവേകമതിയായ പരിശുദ്ധ കന്യകമറിയത്തിനാണു് അവിടുത്തെ സ്വീകരിക്കുന്നതിനുള്ള യോഗ്യതയും ഭാഗധേയവും കൈവന്നതു്. മറിയം എണ്ണയെടുക്കുകയല്ല ചെയ്തതു്, സ്വയം പരിപൂർണ്ണമായി ആത്മാവിലും ശരീരത്തിലും അവിടുത്തെ വഴിവിളക്കായി പ്രകാശം പ്രദാനംചെയ്യുന്നതിനുള്ള എണ്ണയായിത്തീരുകയാണുണ്ടായതു്. ആവശ്യക്കാർക്കും അപേക്ഷിക്കുന്നവർക്കും മതിവരെ അതു പ്രദാനംചെയ്യുന്നതിനും മറിയത്തിനു കഴിയും. മറിയം ദിവ്യമണവാളനെ മണിയറയിലേക്കു ആനയിക്കുക മാത്രമല്ല ചെയ്തതു്. മാനവവംശത്തോടുള്ള വിവാഹബന്ധത്തിൽ സ്വയം മണിയറയായിത്തീരുകയായിരുന്നു. മറിയത്തിന്റെ വിവേകം പരിശുദ്ധവും, സ്വർഗ്ഗീയവും, വഞ്ചനാത്മകമായ ലോകത്തിന്റെ വിവേകത്തിൽനിന്നു വിഭിന്നവും, പരമാന്ത്യത്തിലേക്കു വഴിതെളിക്കുന്നതുമായിരുന്നു.

### വിവേകം

നിശ്ചിതമായ ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി സാഹചര്യങ്ങളെല്ലാം വേണ്ടവിധത്തിൽ പരിഗണിച്ചശേഷം ശരിയായമാർഗ്ഗം അവലംബിക്കുന്നതിനാണല്ലോ വിവേകമെന്നു സാമാന്യമായി പറയുന്നതു്. എന്നാൽ ക്രിസ്തീയപുണ്യമാകുന്ന വിവേകം പ്രസാദവരത്തോടുകൂടി ഒരു വ്യക്തിയിൽ പ്രദാനം ചെയ്യപ്പെടുന്നതും വിശ്വാസത്താൽ ഉദ്ദീപിപ്പിക്കപ്പെടുന്നതുമായ ഒന്നാമത്തെ പ്രധാനപുണ്യമാണു്. ഇതു ദൈവികപുണ്യങ്ങളുടേയും സാന്മാർഗ്ഗികപുണ്യങ്ങളുടെയും പ്രയോഗത്തിൽ അവശ്യം ആവശ്യമായ ഒരു ഘടകമാണു്. വിവേകമില്ലാതെ യാതൊരുവക പുണ്യപൂർണ്ണതയും ഉണ്ടാവുക സാദ്ധ്യമല്ല. വിശുദ്ധന്മാരുടെ രാജ്ഞിയായ മറിയം പരമോന്നതമായ പുണ്യപൂർണ്ണതയിൽ നിലകൊള്ളുന്നതുകൊണ്ടും എല്ലാ പുണ്യങ്ങളുടെയും മനോഹരമായ വിളനിലമായതുകൊണ്ടും മറിയത്തിന്റെ വിവേകം സകല വിശുദ്ധന്മാരുടേയും വിവേകത്തെ അതിമാത്രം അതിശയിക്കുന്നു. ഒരാൾ ദൈവത്തിന്റെ നേർക്കും, സമസൃഷ്ടങ്ങളുടെനേർക്കും സ്വീകരിക്കുന്ന മനോഭാവത്തിലാണു് വിവേകം പ്രകാശിതമാകുന്നതു്.

അപ്പഴപ്പോൾ നിർവ്വഹിക്കപ്പെടുന്ന ഓരോ കാര്യങ്ങളിലാണു് വിവേകംപ്രായോഗികമാക്കപ്പെടുന്നതെങ്കിലും അതു പരമമായ ഒരു ലക്ഷ്യത്തെ ഉന്നംവച്ചുള്ളതായിരിക്കണം. ആ പരമലക്ഷ്യത്തോടു് യോജിക്കാത്തതോ അതിനെതിരായിട്ടുള്ളതോ ആയ പ്രവൃത്തി വിവേകപൂർവ്വകമായിരിക്കയില്ല. തന്മൂലം നിത്യത്വത്തിനുപകരം താല്ക്കാലികങ്ങളും, നിത്യസമാധാനത്തിനുപകരം ക്ഷണികാനന്ദങ്ങളും, സ്വർഗ്ഗത്തിനുപകരം ലോകവും തിരഞ്ഞെടുക്കുന്നതു ഭോഷത്വമാകുന്നു. ഈ അമളി പററാതിരിക്കണമെങ്കിൽ എല്ലാക്കാര്യങ്ങളിലും ദൈവഹിതം നമ്മുടെ ജീവിതനിയമമാകണം. "കർത്താവിന്റെ ദാസി ഇതാ" എന്നരുവിട്ടുകൊണ്ടു് പരിശുദ്ധ കന്യകമറിയം സ്വയം ദൈവത്തിനർപ്പിച്ചതു ഇതിനുത്തമമായ മാതൃകയാണു്.

വിശുദ്ധ ഇഗ്നേഷ്യസു് അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ധ്യാനത്തിൽ വിശദമാക്കുന്നതു്, ലോകത്തിലുള്ള സൃഷ്ടവസ്തുക്കളെല്ലാം മനുഷ്യന്റെ പരമാന്ത്യമായ ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളാകണമെന്നാണു്. അവയുമായി നമുക്കുള്ള ബന്ധം ക്ഷണികമാണു്. മരണത്തോടുകൂടി അതു ശിഥിലമാകുന്നു. ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആത്മാവിനു് സമാശ്വാസം നൽകുന്നതിനു് അവയ്ക്കു സാദ്ധ്യമല്ല. അതുകൊണ്ടു് സൃഷ്ടവസ്തുക്കളെ അമിതമായി സ്നേഹിക്കുന്നതിനു് നമ്മെ തരിപ്പിച്ചുകൊണ്ടിരിക്കുന്ന ഏഴു പ്രാമാണിക പാപപ്രേരണകളെ നിരന്തരം എതിർക്കുന്നതിലാണു് നമ്മുടെ ക്രിസ്തീയവിവേകം പ്രായോഗികമാക്കേണ്ടതു്. ജന്മപാപമില്ലാതെ ഉത്ഭവിച്ചതുമൂലം സകലവിധ പാപപ്രേരണകളിൽനിന്നും വിമുക്തയായിരുന്നതുകൊണ്ടു വീരോചിതമായ വിവേകത്തോടുകൂടി ജീവിച്ച പരിശുദ്ധ കന്യകാമറിയത്തോടു് നമുക്കു പ്രാർത്ഥിക്കാം:-

**വിവേകൈശ്വര്യമുള്ള കന്യകേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**

—o—

## ചൈനയിലെ മിഷൻ പ്രവർത്തനം

1946-ൽ ചൈനയിൽ 35 ലക്ഷത്തോളം കത്തോലിക്കരുണ്ടായിരുന്നു. കഴിഞ്ഞ 8 വർഷത്തെ കമ്മ്യൂണിസ്റ്റു മതമർദ്ദനത്തിന്റെ ഫലമായി ഇന്നു കത്തോലിക്കരുടെ സംഖ്യ വളരെ കുറഞ്ഞിട്ടുണ്ടു്. അന്നു മിഷനറിമാരുടെ സംഖ്യ 5430 ആയിരുന്നു. ഇന്നാകട്ടെ 207 മാത്രമാണു്. ചൈനയിൽനിന്നു് നാടുകടത്തപ്പെട്ടവരും ഓടിരക്ഷപെട്ടവരുമായി ദക്ഷിണപൂർവ്വേഷ്യയിലെ എട്ടുരാജ്യങ്ങളിൽ ഒരുകോടി ഇരുപതുലക്ഷത്തോളംചൈനാക്കാരുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ആ സ്ഥലങ്ങളിൽ പകുതിയിലധികവും ചൈനാക്കാരാണത്രെ. മൊങ്കോളിയായിൽ നിങ്സിയാ എന്ന രൂപതയുടെ മെത്രാനായിരുന്ന മെയ്ക്കെബെക്കു് തിരുമേനി രണ്ടുകൊല്ലം മുമ്പു് അദ്ദേഹത്തിന്റെ രൂപതയിൽനിന്നുംനിഷ്കാസനം ചെയ്യപ്പെടുകയും ചൈനയിൽനിന്നു പുറത്താക്കപ്പെടുകയുംചെയ്തു. അദ്ദേഹം ചൈനയിൽനിന്നു പുറത്താക്കപ്പെട്ട ചൈനാക്കാരായ വൈദികരെ ഒന്നിച്ചുകൂട്ടി ഒരു പുതിയ പ്രേഷിതവേല സമാരംഭിച്ചിരിക്കുകയാണു്. ചൈനയ്ക്കു പുറത്തുള്ള ഈ രാജ്യങ്ങളിൽ മിഷൻവേല തുടരുന്നതിനും അതേസമയം ചൈനയിലുള്ള വിശ്വാസികളുടെ മതബോധം നിലനിർത്തുന്നതിനുമുള്ള പദ്ധതികളാണു് ഈ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. സിങ്കപ്പൂരിലുള്ള കേന്ദ്രത്തിൽനിന്നു ചൈനീസു്, ഇംഗ്ലീഷ്, ഫ്റഞ്ചു് എന്നീ ഭാഷകളിൽ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ചൈനയിലും മററുള്ള മേല്പറഞ്ഞ രാജ്യങ്ങളിലും ധാരാളമായി പ്രചരിപ്പിക്കുന്നു. ചൈനായിലേക്കു കത്തോലിക്കാ പ്രക്ഷേപണങ്ങൾ ധാരാളമായി അയച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ലോകം മുഴുവനിലും ചൈനയിൽ കമ്മ്യൂണിസ്റ്റു മർദ്ദനത്തിനു വിധേയമായിരിക്കുന്ന കത്തോലിക്കാ സഭാവിഭാഗത്തോടു് സഹാനുഭൂതി ഉളവാക്കുന്നതിനും ചൈനയിലും പുറമേയും ഉള്ള ചൈനാക്കാരെ മതവിശ്വാസത്തിൽ ഉറപ്പിച്ചു ഒരു പ്രതിരോധകനിര സൃഷ്ടിക്കുന്നതിനും തിരുമനസ്സുകൊണ്ടു് പരിശ്രമിക്കുകയാണു്. മൂന്നു കൊല്ലംമുമ്പു് ഒരു ചൈനാക്കാരനായ വിദ്യാർത്ഥി റോമിൽ സമാരംഭിച്ച ചൈനക്കുവേണ്ടിയുള്ള പ്രാർത്ഥനായൂണിയനിൽ ഇപ്പോൾ 32 രാജ്യങ്ങളിലായി 4 ലക്ഷം അംഗങ്ങളുണ്ടു്. ഒരു ഡച്ചുകാരനും വിൻസൻഷ്യൻ സഭാംഗവുമായ ഫാദർ ഹെർമാൻ ടീയെൻസിനിൽ 3 കൊല്ലത്തെ തടങ്കലിൻശേഷം പുറത്താക്കപ്പെട്ടു് ഇപ്പോൾ ഹോങ്കോങ്ങിൽ എത്തിയിരിക്കുന്നു. മുൻപു് 150 വിൻസൻഷ്യൻ സഭാംഗങ്ങളുണ്ടായിരുന്നതിൽ അവശേഷിച്ച അവസാനത്തെ ആളാണു് ഫാദർ ഹെർമാൻ.

### സൗജന്യവിതരണഫണ്ടു്

| | |
|---|---|
| മലയാററൂർ പള്ളി | ക. 20-0-0 |
| On behalf of the late Mrs. Ithak Mariam. | „ 6-0-0 |

## ചുട്ടെരിക്കുന്നു കമ്മ്യൂണിസ്റ്റ് കൃതികൾ

സിലോൺഗവമ്മെൻറു് കണ്ടുകെട്ടിയ കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണങ്ങളെല്ലാം ചുട്ടെരിക്കുവാൻ സിലോൺ ഗവമ്മെൻറു് തീരുമാനിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണ ഇറക്കുമതി നിരോധനം കൂടുതൽ കർശനമാക്കാനും തീരുമാനിച്ചിരിക്കുന്നു.


## കോയമ്പത്തൂർ

കോയമ്പത്തൂർ ഒപ്പനക്കര സ്ട്രീററിൽ 1954 ജൂലായി 1-ാംനു-മുതൽ കാളൻ'സ് സെയിത്സ് ഡിപ്പോ തുറന്നു് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ജലദോഷം, ക്ഷയം, ഏങ്ങൽ (ആസ്ത്മ), ചുമ, വയറുവേദന, ഗ്യാസ്ട്രബിൾ, മൂലക്കുരു (അർശസ്സ്), മലബന്ധം, പ്രമേഹം, രക്തദൂഷ്യം തുടങ്ങിയ രോഗങ്ങൾക്കു് ഏററവും ഫലപ്രദങ്ങളെന്നു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുള്ള 115 "അനുഭവസാക്ഷ്യങ്ങൾ"വഴി സുപ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ള 3 സിദ്ധൗഷധങ്ങൾ

### നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

ഈ 3 ഔഷധങ്ങൾമാത്രം കഴിഞ്ഞ ഒരു കൊല്ലത്തിൽ 1⁄6438 ക. 8ണ. 4സ. ക്കു് വില്പനയുണ്ടായിട്ടുണ്ടു്.

ഈ ഔഷധങ്ങൾ കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾവഴിയായും, സേലം, ആലുവാ, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിലുള്ള 114 ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ ഔഷധങ്ങളുടെ പ്രചാരം വർദ്ധിച്ചുവരുന്നതിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ചില ദുരാഗ്രഹികൾ ശാരിബാതൈലത്തിന്റെ ഗുണങ്ങൾക്കു് തുല്യമായതാണെന്നു് പറഞ്ഞു് ചില അനുകരണ "തൈല"ങ്ങൾ വില്പനക്കു ഇറക്കിയിട്ടുള്ളതുകൊണ്ടു് സ്വയരക്ഷക്കുവേണ്ടി "കാളൻ"സ്ഥാപനം വക ടി മൂന്നു ഔഷധങ്ങളുടെ പേരുകൾ പ്രത്യേകം ഓർമ്മിക്കുവിൻ. പ്രസിദ്ധിയുള്ള ഒരു പേരിന്റെ തണലിൽ അനുകരണവ്യാപാരത്തിനിറങ്ങുന്നതുതന്നെ സ്വന്ത കഴിവുകേടിന്റെ ഒരു പ്രത്യക്ഷതെളിവാണല്ലോ.

N. B. നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപററി പ്രതിപാദിക്കുന്നതും മാസത്തിൽ രണ്ടുതവണവീതം പ്രസിദ്ധപ്പെടുത്തിവരുന്നതുമായ "കാളൻ'സ്" ബുള്ളററിന്റെ ലക്കങ്ങൾ കാളൻ'സ് സെയിൽസ് ഡിപ്പോകളിൽനിന്നു് കിട്ടുന്നതാണു്. ബുള്ളററിന്റെ സാമ്പിൾ കോപ്പിക്കു് ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

കാളൻ, നെല്ലായി

വിമർശനവീഥി

# ചൗ–നെഹ്റു സംഭാഷണം— ഡെമോക്രസിയുടെ പരാമർശനം

ചൈനീസ് പ്രധാനമന്ത്രി ചൗ എൻലായിയും ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റുവും തമ്മിൽ നടന്ന സംഭാഷണങ്ങളേയും തദനന്തരം അവർ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയേയും സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ അല്പം പ്രതിപാദിച്ചിരുന്നല്ലോ. ഷെവലിയർ രത്നസ്വാമിയുടെ പത്രാധിപത്യത്തിൽ നടത്തുന്ന "ഡമോക്രസി" എന്ന വാരിക അതേവിഷയത്തെക്കുറിച്ച് ഒരു മുഖപ്രസംഗം എഴുതിയിട്ടുണ്ട്. അതിന്റെ ഉള്ളടക്കം സന്തോഷപൂർവ്വം ഇവിടെ ഉദ്ധരിക്കാം:-

ചൈനയിലെ പ്രധാനമന്ത്രിയുടേയും വിദേശകാര്യമന്ത്രിയുടേയും സന്ദർശനവും, ഇൻഡ്യയിലെ പ്രധാനമന്ത്രിയും ബാഹ്യകാര്യമന്ത്രിയുമായുള്ള അദ്ദേഹത്തിന്റെ സംഭാഷണവും ഞങ്ങൾ വിലമതിക്കുന്നു. എന്തുകൊണ്ടെന്നാൽ വിവിധ രാജ്യങ്ങളിലെ രാജ്യതന്ത്രജ്ഞന്മാർ പരസ്പരം കണ്ടുമുട്ടുകയും, അങ്ങുമിങ്ങുമുള്ള ആശയങ്ങളും നയങ്ങളും മനസ്സിലാക്കുകയും, നയം സംബന്ധിച്ചുള്ള സാമാന്യ കാര്യങ്ങളിൽ യോജിപ്പിലെത്താൻ ശ്രമിക്കുകയും ചെയ്യുന്നതു് എല്ലായ്പോഴും നല്ലതാണ്. എന്നുവരികിലും ആ രണ്ടു പ്രധാന മന്ത്രിമാർ തമ്മിൽ നടന്നുകഴിഞ്ഞ കോൺഫറൻസിന്റേയും സംഭാഷണങ്ങളുടേയും ഫലത്തെസംബന്ധിച്ച് ഞങ്ങൾ ഉത്സാഹഭരിതരാകുന്നില്ല. സംഭാഷണങ്ങൾ ശുഭാപ്തിവിശ്വാസത്തിന്റെ സ്വരത്തിലാണ് പര്യവസാനിച്ചതു്. ആ ശുഭാപ്തിവിശ്വാസത്തിൽ പങ്കുകൊള്ളാൻ ഞങ്ങൾക്കു സാദ്ധ്യമല്ലതന്നെ. ശുഭാപ്തിവിശ്വാസം അടിയുറച്ചിരിക്കുന്നതു് ടിബെററു കാര്യത്തിൽ ചൈനയും ഇൻഡ്യയും തമ്മിൽ ഈയിടെ നടന്ന ഉടമ്പടിയിലെ തത്വങ്ങൾക്കു ചൈന നൽകിയ സ്വീകരണത്തിലാണ്. ഈ തത്വങ്ങളാകട്ടെ തങ്ങളുടെ രാജ്യങ്ങൾ പരസ്പരം ആക്രമിക്കുകയില്ലെന്നും, ഒന്നിന്റെ ആഭ്യന്തരകാര്യങ്ങളിൽ മറേറതു ഇടപെടുകയില്ലെന്നും, ഓരോന്നിന്റേയും അവകാശങ്ങൾ അന്യോന്യം സമാദരിച്ചുകൊള്ളാമെന്നുമുള്ള വാഗ്ദത്തത്തിലാണ് അടങ്ങിയിരിക്കുന്നതു്. എന്നാൽ ഇങ്ങനെയുള്ള അനാക്രമണ ഉടമ്പടികളും, ഓരോരുത്തരുടേയും കാര്യങ്ങളിൽ തങ്ങൾ ഇടപെടുകയില്ലെന്നുള്ള ഗംഭീരവും ഔപചാരികവുമായ സന്ധികളും, അങ്ങുമിങ്ങുമുള്ള അവകാശങ്ങൾ സമാദരിക്കാമെന്നുള്ള സമ്മതങ്ങളും ധാരാളം ഉണ്ടായിട്ടുണ്ട്. എന്നിട്ടും ഈ ഉടമ്പടികൾ ചെയ്ത രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങൾ ഉണ്ടാകുകതന്നെ ചെയ്തു.

## കമ്മ്യൂ: മനോഭാവത്തിൽ ഉടമ്പടികൾ ബന്ധിക്കുന്നവയല്ല

ഈ ഉടമ്പടികളുടേയും യോജിപ്പുകളുടേയും ഭാവിയെക്കുറിച്ചുള്ള നമ്മുടെ വിധി ആശ്രയിച്ചിരിക്കുന്നതു്, അവയിൽ ഏർപ്പെടുന്ന കക്ഷികൾ ആ ഉടമ്പടികൾക്കും യോജിപ്പുകൾക്കും നൽകുന്ന വിലയേയാണല്ലോ. ഉടമ്പടികളിലും യോജിപ്പുകളിലും ഏർപ്പെടുന്ന ഓരോ കക്ഷിയും അവ തങ്ങളേയും തങ്ങളെ അനുഗമിക്കുന്ന ഗവൺമെൻറിനേയും ബന്ധിക്കുന്നവയാണെന്നു പരിഗണിക്കുന്നുവെങ്കിൽ; തങ്ങൾക്കു തോന്നുന്ന വ്യാഖ്യാനം അവയ്ക്കു കൊടുക്കുവാനും തങ്ങളുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി അവയെ ലംഘിക്കുവാനും അവർ വിസ്സമ്മതിക്കുന്നെങ്കിൽ, അവയെ മറുകക്ഷിയുടെ സമ്മതം കൂടാതെ സ്വമേധയാ പരിഷ്കരിക്കുന്നതിനോ നിരാകരിക്കുന്നതിനോ അവർ സന്നദ്ധരല്ലെങ്കിൽ, ഗവൺമെൻറുകൾ തമ്മിലുള്ള ഇത്തരം ഉടമ്പടികളേയും യോജിപ്പുകളേയും നാം കാര്യമായി കരുതുകയും അവയെക്കുറിച്ച് കൂടുതൽ കൂടുതൽ ഉത്സാഹഭരിതരാകുകയും ചെയ്യുവാൻ ന്യായമുണ്ട്. എന്നാൽ ഉടമ്പടികളും സർവ്വരാജ്യപരമായ മററു യോജിപ്പുകളും സംബന്ധിച്ച് ഇപ്പോഴത്തെ ചൈനീസ് ഗവൺമെൻറിന്റെ മനോഭാവം എന്താണ്? അതൊരു കമ്മ്യൂണിസ്റ്റ് ഗവൺമെൻറാണ്. കമ്മ്യൂണിസ്റ്റ് തത്വസംഹിതയനുസരിച്ചുള്ള രാജ്യതന്ത്രത്തിൽ വിശ്വസിക്കുന്നവരുമാണ്. ഉടമ്പടികളുടേയും യോജിപ്പുകളുടേയും കാര്യത്തിൽ കമ്മ്യൂണിസ്റ്റ് മനോഭാവം എന്താണ്? കമ്മ്യൂണിസ്റ്റ് റഷ്യയുടെ വിദേശനയത്തിൽ സ്വീകരിച്ചിരിക്കുന്ന തത്വങ്ങളുടേയും നടപടികളുടേയും ദൃഷ്ടാന്തം അതു തെളിയിക്കുന്നുണ്ട്. റഷ്യയുടെയോ സോവ്യററുഗവൺമെൻറിന്റെയോ താല്പര്യങ്ങൾക്കു് അനുഗുണമായിരിക്കുന്നിടത്തോളംകാലത്തേക്കും കാര്യത്തിലേക്കും മാത്രമേ ഉടമ്പടികളും യോജിപ്പുകളും അവർ അനുസരിക്കുകയുള്ളു; റഷ്യയുടേയോ റഷ്യൻ ഗവൺമെൻറുകളുടേയോ, താല്പര്യങ്ങളെ പ്രഥമമായും പ്രധാനമായും മുൻനിറുത്തിയാണ് സകല ഉടമ്പടികളേയും അവർ വ്യാഖ്യാനിച്ചിട്ടുള്ളതു്; ആ വ്യാഖ്യാനം മറുകക്ഷിയുടെ താല്പര്യങ്ങൾക്കു് എത്രയധികം ഹാനികരമായാലും അങ്ങനെയാണ് ചെയ്യുക.

## റഷ്യയുടെ ഉടമ്പടിലംഘനങ്ങൾ

പഴയ ചരിത്രം വിട്ടുകൊണ്ടു്, ഇക്കഴിഞ്ഞ മഹായുദ്ധത്തിന്റെ അവസാനത്തിൽ റഷ്യയും പാശ്ചാത്യശക്തികളും തമ്മിൽ ചെയ്ത ഉടമ്പടികളുടെ കാര്യംതന്നെ എടുക്കുക. 1945 ലെ യാൾട്ടാ ഉടമ്പടിയനുസരിച്ച് കിഴക്കേ യൂറോപ്യൻ രാജ്യങ്ങളിൽ സ്വതന്ത്രമായ തിരഞ്ഞെടുപ്പുകൾ നടത്തുകയും പ്രജായത്തഗവൺമെൻറുകൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നു. പോളണ്ടിൽ റഷ്യൻ പിൻതുണയോടുകൂടി ഏർപ്പെടുത്തപ്പെട്ട ഗവൺമെൻറിൽ അവിടത്തെ നിയമാനുസൃതവും പ്രജായത്തപരവുമായ പഴയ ഗവൺമെൻറിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തുകയും അനന്തരം സ്വതന്ത്രവും നിർബാധവുമായ തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ യുദ്ധാവസാനത്തിൽ പ്രസ്തുത രാജ്യങ്ങളെയെല്ലാം സൈനികശക്തിയാൽ അധീനപ്പെടുത്തിയ റഷ്യ ആ വ്യവസ്ഥകളെയെല്ലാം തിരസ്കരിച്ചു; ബലപ്രയോഗത്താലോ വഞ്ചനയാലോ ആ രാജ്യങ്ങളുടെമേൽ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറുകളെ കെട്ടിവച്ചു; ഇന്നും റഷ്യയുടെ ശക്തിയാൽ സ്വതന്ത്രതിരഞ്ഞെടുപ്പുകൾ നടക്കാതെ ആ നില തുടരുന്നുകൊണ്ടിരിക്കുകയാണ്. പിന്നീടു നടന്ന പോട്ട്സ്ഡാം ഉടമ്പടിയുടെ കാര്യവും ഇതുപോലെതന്നെ; സ്വാതന്ത്ര്യവും പ്രജായത്തപരവുമായ ഐക്യജർമ്മനിക്കായുള്ള ആ ഉടമ്പടിയിലെ വ്യവസ്ഥ ഇനിയും പ്രാവർത്തികമാക്കിയിട്ടില്ല. അതിനുവേണ്ടി നടന്ന ഒടുവിലത്തെ ശ്രമം കഴിഞ്ഞ ജനുവരിയിലെ ബർലിൻ കോൺഫറൻസായിരുന്നു. റഷ്യയുടെ മർക്കടമുഷ്ടിനിമിത്തം അതും ഭയങ്കര പരാജയത്തിലാണ് അവസാനിച്ചതു്.

## കമ്മ്യൂണിസ്റ്റു ചൈനായുടെ മനോഭാവം എന്ത്?

സർവ്വരാജ്യപരമായ പ്രശ്നങ്ങളിലും നയങ്ങളിലും കമ്മ്യൂണിസ്റ്റു ചൈനയുടെ നയം എന്താണ്? 1949 ജൂലായ് 1-ാംനു ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ 28-ാമതു വാർഷികാഘോഷം സംബന്ധിച്ച് മാവോസെതുങ്ങ് ചെയ്ത പ്രസംഗത്തിൽ അദ്ദേഹത്തിന്റെ അന്തർദേശീയ നയം പ്രകാശിപ്പിച്ചതിങ്ങനെയാണ്. ചൈന റഷ്യൻ ചേരിയിലാണു നില്ക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ ചൈനയിൽ മാത്രമല്ല, ലോകത്തിൽ എവിടെയും, ഒന്നെങ്കിൽ സാമ്രാജ്യത്തിന്റെ ചേരിയിൽ അല്ലെങ്കിൽ കമ്മ്യൂണിസത്തിന്റെ ചേരിയിൽ നില്ക്കുകയേ ആർക്കും സാധിക്കുകയുള്ളു. നിഷ്പക്ഷത വെറും വേഷംകെട്ടൽ മാത്രമാണെന്നും, രണ്ടിനും മദ്ധ്യേ മൂന്നാമതൊരു മാർഗ്ഗം സ്ഥിതിചെയ്യുന്നില്ലെന്നുമാണ് മാവോസെതുങ്ങിന്റെ അഭിമതം. നിഷ്പക്ഷതയേയും മൂന്നാംമാർഗ്ഗത്തേയും സംബന്ധിച്ച് മി. നെഹ്റുവും ചൗഎൻലായിയും തമ്മിൽ നടന്ന സംഭാഷണത്തിന്റെ സ്വഭാവം അറിയുന്നതു് രസകരമായിരിക്കും.

അവരിൽ ഓരോരുത്തരും അവനവന്റെ സിദ്ധാന്തത്തെ മുറുകെ പിടിച്ചിരുന്നിരിക്കണം എന്നാണ് ഞങ്ങളുടെ ഊഹം. ആ സ്ഥിതിക്കു് അവരുടെ സംഭാഷണത്തിന്റെ ഫലങ്ങളെക്കുറിച്ച് ഞങ്ങൾക്കെങ്ങനെ ഉത്സാഹഭരിതരാകാൻ സാധിക്കും? അഖിലലോകവിപ്ലവം റഷ്യൻ കമ്മ്യൂണിസത്തിന്റേതുപോലെ ചൈനീസ് കമ്മ്യൂണിസത്തിന്റേയും ലക്ഷ്യമാണ്. മദ്ധ്യവർഗ്ഗക്കാരുടെ ഗവൺമെൻറിനെ ചൈനായിൽനിന്നും നീക്കംചെയ്തു് തൽസ്ഥാനത്തു തൊഴിലാളികളുടേയും കർഷകരുടേയും സ്വേച്ഛാധിപത്യം ഏർപ്പെടുത്തി, മാവോസെതുങ്ങ് പറയുന്നു, മററു രാജ്യങ്ങളിലും മദ്ധ്യവർഗ്ഗഗവർമ്മെൻറുകൾ നീക്കംചെയ്യപ്പെടണമെന്നു്. മി. നെഹ്റു അദ്ധ്യക്ഷതവഹിക്കുന്ന ഇൻഡ്യയിലെ മദ്ധ്യവർഗ്ഗഗവർമ്മെൻറിനേയും ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു് വിചാരിക്കരുതോ? ഇത്ര വലിയ വിലകൊടുത്തുവേണം സകല ഏഷ്യൻരാജ്യങ്ങളുടേയും ഒന്നിച്ചുനില്ക്കൽ സമ്പാദിക്കാനെന്നാണ് ചൗഎൻലായിയുടെ ആഗ്രഹം. നെഹ്റുവുമായുള്ള കോൺഫറൻസിൽ ആ വിലയുടെ കാര്യം അദ്ദേഹം പ്രസ്താവിച്ചിട്ടില്ലെന്നു തീർച്ചയാണ്. പ്രസ്താവിക്കുന്നതു് നയതന്ത്രജ്ഞതയ്ക്കു ചേരുകയില്ലല്ലോ. പ്രസ്താവിച്ചിരുന്നെങ്കിൽ സംഭാഷണം മൂന്നുദിവസം നീണ്ടുനില്ക്കുകയോ സൗഹാർദ്ദതയുടെ സ്വരത്തിൽ അവസാനിക്കുകയോ ചെയ്യുമായിരുന്നില്ല. കഴിഞ്ഞ മഹായുദ്ധത്തിനിടയ്ക്കു് ഇൻഡോചൈനായിലെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു് സഹായം നൽകിയതുപോലെ തന്നെ, യുദ്ധത്തിനുശേഷം ഇൻഡോചൈനായിലെ നിയമാനുസൃതഗവൺമെൻറിനെതിരായി സമരംചെയ്യുന്ന കമ്മ്യൂണിസ്റ്റു ശക്തികൾക്കു് ചൈന സഹായം നൽകികൊണ്ടിരിക്കുകയാണ്. ഇൻഡ്യയേയും ചൈനയേയുംപോലെ ഇത്ര വ്യത്യസ്തങ്ങളായ ഗവർമ്മെൻറുകളുടെ പ്രതിനിധികൾ തമ്മിൽ ഹൃദയം തുറന്നു് സംഭാഷണങ്ങൾ നടത്താൻ എങ്ങനെ സാധിക്കും? സംഭാഷണങ്ങൾ, പ്രത്യേകിച്ച് കച്ചവടകാര്യങ്ങളെക്കുറിച്ചുള്ള സംഭാഷണങ്ങൾ, ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ നടന്നുകൊള്ളട്ടെ—യുദ്ധതന്ത്രപരമായി വിലയുള്ള സാധനങ്ങളുടെ കാര്യമൊഴിച്ച്. ചൈനായിൽനിന്നുമുള്ള ഇറക്കുമതി ചൈനാ കമ്മ്യൂണിസ്റ്റ് പിടിയിൽ മുഴുവനായി അമരുന്നതിനുമുൻപു്, 195[illegible]—52-ൽ, 15 കോടി രൂപാ വിലയുണ്ടായിരുന്നതു് 1953—54-ൽ 1 കോടിയിൽ കുറവായി താണുപോയതും, ഇൻഡ്യയിൽനിന്നുമുള്ള കയററുമതി 1951—52-ൽ 6 കോടി വിലയുണ്ടായിരുന്നതു് 1953—54-ൽ 45 ലക്ഷമായികുറഞ്ഞതും എന്തുകൊണ്ടാണെന്നു് പ്രത്യേകം പരിശോധിക്കട്ടെ. നയതന്ത്രപരമായ ആശയവിനിമയങ്ങളും സംഭാഷണങ്ങളും നടന്നുകൊള്ളട്ടെ. എന്നാൽ കമ്മ്യൂണിസ്റ്റ് ചൈനായുടെ തത്വങ്ങളും നടപടികളും അറിഞ്ഞുകൊണ്ടിരിക്കുന്ന നാം ക്രമത്തിലധികം പ്രതീക്ഷിക്കരുതു്; ചൈനയുടെ അതിർത്തികളിലേക്കു നമ്മുടെ കണ്ണുകൾ തുറന്നുവയ്ക്കാൻ നമുക്കു ശ്രദ്ധിക്കാം.

## സംയുക്തപ്രസ്താവനയ്ക്കു് നെഹ്റു കൊടുക്കുന്ന വ്യാഖ്യാനം

പ്രദേശ് കോൺഗ്രസ്സ് കമ്മററി പ്രസിഡൻറുമാർക്കു് നെഹ്റു ഈയിടെ അയച്ച ഒരു കത്തിൽ അദ്ദേഹം വ്യാഖ്യാനം നൽകുന്നുണ്ടു്, തന്റേയും ചൈനീസ് പ്രധാനമന്ത്രിയുടേയും സംയുക്തപ്രസ്താവനയ്ക്കു്. അതിലെ പ്രസക്തമായ ഭാഗം ഇതാണ്:-

അന്താരാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇമ്മാതിരി പ്രഖ്യാപനങ്ങളിൽ എങ്ങനെ വിശ്വാസം ചെലുത്താമെന്നു് ചോദിക്കാനുണ്ടു്. ഇന്നത്തെ മിത്രങ്ങൾ നാളത്തെ ശത്രുക്കളായി ഭവിക്കരുതേ? അതൊക്കെ ശരിതന്നെ. അപ്പോൾ ശത്രുതയിലും സംശയത്തിലുമാണോ നാം ആരംഭമിടുന്നതു്? അതിനേക്കാൾ മെച്ചമായ ഒരു സാമീപ്യത്തിനു് ഇടംകൊടുക്കുകയല്ലേ വേണ്ടതു്. രാഷ്ട്രങ്ങളോടും വ്യക്തികളോടും സ്നേഹപൂർവ്വം പെരുമാറണം. അങ്ങനെയൊരു പെരുമാററം അവരിൽനിന്നു ആശിക്കുകയുംവേണം. അതേസമയം എതിരിനു തയ്യാറായിരിക്കുകയും ചെയ്യണം.

നാം കമ്മ്യൂണിസ്റ്റ് തത്വസംഹിതയെ സ്വീകരിക്കുന്നില്ല. എങ്കിലും സമത്വത്തിനും, ചൂഷണത്തെ ഇല്ലായ്മചെയ്യുന്നതിനും, അവശരുടെ ഉദ്ധാരണത്തിനുംവേണ്ടി നാം നിലകൊള്ളുന്നു. അമേരിക്കയുടെ ചില നയങ്ങളിൽ നാം യോജിക്കുന്നില്ല. ഇന്നു അമേരിക്ക നിലകൊള്ളുന്ന പലതിനേയും നാം സ്വീകരിക്കുന്നില്ല. ഈ രാഷ്ട്രങ്ങളുമായി നാം യോജിച്ചാലും ഇല്ലെങ്കിലും, അവരുമായി സ്നേഹഭാവത്തിൽ കഴിയുകയും കഴിയുന്നതും യോജിച്ചു പ്രവർത്തിക്കുകയും അതേസമയം ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മുടെ വ്യക്തിത്വം പുലർത്തുകയും നമ്മുടെ ആദർശങ്ങളെ മുറുകെപ്പിടിക്കുകയും ചെയ്യുന്നതിലെന്താണ് തെററു്?

നമ്മുടെ പ്രധാനമന്ത്രിയുടെ ആശയമെന്തെന്നു് ഈ വാക്കുകൾ സ്പഷ്ടമാക്കുന്നുണ്ടു്. കമ്മ്യൂണിസ്റ്റ് ചൈനയെ അദ്ദേഹം നിരുപാധികം വിശ്വസിക്കുന്നില്ല. കമ്മ്യൂണിസ്റ്റ് ചൈനയുടെ വാഗ്ദാനങ്ങളും ഉറപ്പുകളും പ്രത്യക്ഷത്തിലും കണ്ണടച്ചും അവിശ്വസിക്കുവാൻ അദ്ദേഹം സന്നദ്ധനാകുന്നില്ലെന്നുമാത്രം. ആ നിലകൊണ്ടു് ചൈനയുടെ നയങ്ങൾക്കു് ആശാസ്യമായ വല്ല മാററവും ഉണ്ടാകാൻ ഇടയുണ്ടെങ്കിൽ അതിനു തടസ്സമായിത്തീരണ്ടെന്നു് മാത്രമേ അദ്ദേഹത്തിനുദ്ദേശമുള്ളു.

—o—

നിത്യമായ സന്തോഷത്തിനു്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്. ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ – അതിരമ്പുഴ – കോഴിക്കോട്
ചങ്ങനാശ്ശേരി – എടത്വാ - കോട്ടയം
മണിമല – തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam, July 21, 1954 No. 46

## —വിവിധവൃത്താന്തങ്ങൾ—

### യുവസഞ്ചയത്തിന്റെ നാശകാരണം

ജൂൺമാസം 2-ാംനു- പരിശുദ്ധ മാർപ്പാപ്പാ ചലച്ചിത്രങ്ങളെപ്പററി പ്രതിപാദിച്ച അവസരത്തിൽ പ്രസ്താവിച്ചതു് വഷളായ ചലച്ചിത്രങ്ങളാണു് യുവലോകത്തെ നശിപ്പിക്കുന്ന ഏററവും പ്രധാനമായ ഘടകമെന്നാണു്. മതപരമായ വീക്ഷണഗതിയോടുകൂടി ടെലിവിഷൻ പരിപാടികൾ സമാരംഭിക്കുന്നതിനു് ഇററലിയിൽ വൈദികരും അൽമായരും ചേർന്നു് പ്രത്യേക കമ്മീഷനുകൾ സംഘടിപ്പിക്കണമെന്നു തിരുമേനി നിർദ്ദേശിച്ചു. ടെലിവിഷൻ വഷളായ ചിത്രങ്ങളെ ഗൃഹാന്തർഭാഗങ്ങളിലേക്കു പ്രവേശിപ്പിക്കുകയും അതു നാശത്തിന്റെ ഫലങ്ങളെ വളരെയേറെ വർദ്ധിപ്പിക്കുകയും ചെയ്യും. മാർപ്പാപ്പാ തിരുമേനിയുടെ ഈ നിഗമനം എത്രമാത്രം അർത്ഥവത്താണെന്നു റോമിൽ ചലച്ചിത്രപരിശോധനയ്ക്കായി നിയമിക്കപ്പെട്ടിട്ടുള്ള പോൺറിഫിക്കൽ കമ്മീഷന്റെ വാർഷിക റിപ്പോർട്ടു തെളിയിക്കുന്നുണ്ടു്. കമ്മീഷൻ പരിശോധിച്ച 486 ചലച്ചിത്രങ്ങളിൽ ചെറുപ്രായക്കാർക്കു നിഷിദ്ധമല്ലാത്തതായി 18 ശതമാനം പടങ്ങൾ മാത്രമേയുള്ളു. പ്രായപൂർത്തിയായവർക്കു് അനുവദനീയമായിട്ടുള്ളവ 25 ശതമാനം മാത്രമാണു്. 25 ശതമാനം പാടേ നിരോധിക്കപ്പെടേണ്ടവയാണു്. പരിമിതമായ വ്യവസ്ഥകളിൽ അനുവദിക്കപ്പെടാവുന്നവ 30ശതമാനം വരും. നിരോധിക്കപ്പെടേണ്ടവയിൽ കൂടുതൽ ഫ്റഞ്ചുചിത്രങ്ങളും, അതിനടുത്തു ഇററാലിയൻ ചിത്രങ്ങളും, മൂന്നാംസ്ഥാനത്തു അമേരിക്കൻ ചിത്രങ്ങളുമാണു്. ചലച്ചിത്രലോകത്തിൽ ധാർമ്മികമായ ഒരു പ്രതിസന്ധിഘട്ടം ഉത്തരോത്തരം ഗുരുതരമായി വരുന്നുവെന്നാണു് കമ്മീഷന്റെ തീരുമാനം.

### ഫ്രഞ്ചുകാനഡ സ്വർഗ്ഗീയമദ്ധ്യസ്ഥനെ ബഹുമാനിക്കുന്നു

ഫ്റഞ്ചുകാനഡായുടെ മദ്ധ്യസ്ഥനായ സെൻറു് ജോൺ ബാപ്റ്റിസ്റ്റിന്റെ തിരുനാൾ അത്യാഡംബരപൂർവ്വം കൊണ്ടാടപ്പെട്ടിരിക്കുന്നു. അന്നു പ്രോവിൻസു മുഴുവനും ഒരു ഒഴിവുദിവസമായി പ്രഖ്യാപിക്കപ്പെട്ടു. തിരുനാളിനു് തലേദിവസം ലാഫൊണ്ടേയിൻ പാർക്കിൽ സജ്ജീകരിച്ചിരുന്ന പ്രത്യേക മണ്ഡപത്തിൽ മോൺട്രീൽ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ ലേജർ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കർബാന അർപ്പിച്ചു. ബാൻറുമേളങ്ങളും കരിമരുന്നുപ്രയോഗങ്ങളും മനോഹരങ്ങളായിരുന്നു. ഏഴരലക്ഷം ജനം പരിപാടികളിൽ സംബന്ധിച്ചിരുന്നു.

### ലിസ്യൂവിലെ ബനഡിക്ടയിൻ മഠം പുനരുദ്ധരിക്കപ്പെട്ടു

പത്തു കൊല്ലങ്ങൾക്കുമുമ്പു് പരിശുദ്ധ കുർബാനയുടെ തിരുനാളിനു തലേദിവസമാണു് ലിസ്യൂവിലുണ്ടായിരുന്ന നോട്ടർഡേം കന്യകാലയത്തിൽ ബോംബിടപ്പെടുകയും കത്തിക്കൊണ്ടിരുന്ന നഷ്ടശിഷ്ടങ്ങൾക്കിടയിൽ 20 കന്യാസ്ത്രീകളുടെ മൃതദേഹങ്ങൾ ഉപേക്ഷിച്ചിട്ടു് ബാക്കിയുണ്ടായിരുന്നവർ രക്ഷപെടുന്നതിനു് നിർബന്ധിക്കപ്പെടുകയും ചെയ്തതു്. അതേ സ്ഥലത്തുതന്നെ പുനരുദ്ധരിക്കപ്പെട്ട പുതിയ കന്യകാലയത്തിലേക്കു് ഇപ്പോൾ പത്തു കൊല്ലത്തിനുശേഷം അവർ മടങ്ങിവന്നിരിക്കുന്നു. നശിപ്പിക്കപ്പെട്ട ആ ബനഡിക്ടയിൻ കന്യകാമഠത്തിന്റെ കപ്പേളയിലായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യാ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചതു്. അവിടെ നടത്തപ്പെട്ടിരുന്ന മഠംവക സ്കൂളിലാണു് പുണ്യവതി അഞ്ചുകൊല്ലം പഠിച്ചിരുന്നതു്. അവിടത്തെ കപ്പേളയിലെ അൾത്താരയുടെ സവിധത്തിലാണു് വിശുദ്ധ സ്വയം പരിശുദ്ധ കന്യകാമറിയത്തിനു പ്രതിഷ്ഠിച്ചതു്. വിശുദ്ധ എഴുതിയിട്ടുള്ള ഒരു കത്തിൽനിന്നു മനസ്സിലാക്കാം വിശുദ്ധയ്ക്കു കന്യകാമഠത്തിൽ ചേരുന്നതിനുള്ള ദൈവവിളി ആ അവസരത്തിലാണു് ലഭിച്ചതെന്നു വിശുദ്ധ വിശ്വസിച്ചിരുന്നുവെന്നു്. 1944 ജൂൺ മാസത്തിലെ ബോംബാക്രമണം ഈ പുണ്യസ്ഥലങ്ങളെല്ലാം നിലംപരിശാക്കി നശിപ്പിച്ചുകളഞ്ഞു. ആ സ്ഥലങ്ങളെല്ലാം ഉള്ളടക്കിയാണു് പുതിയ മഠത്തിന്റെ ദേവാലയം പണിയുന്നതിനു പ്ലാനിട്ടിട്ടുള്ളതു്. ഈ സ്ഥാപനത്തിനു വളരെ പുരാതീനമായ ചരിത്രമുണ്ടു്. 11-ാംനൂററാണ്ടിൽ അതു സ്ഥാപിക്കപ്പെട്ടു. ചക്രവർത്തിയായിരുന്ന വില്യം കോൺകറർ അതിനു് "റോയൽ" ബഹുമതി പ്രദാനംചെയ്തു. ഈ സന്യാസിനീസമൂഹം അതിന്റെ പ്രാരംഭാരൂപിയിൽനിന്നു ഒരിക്കലും വ്യതിചലിച്ചിട്ടില്ല. ബോംബാക്രമണം കഴിഞ്ഞ ദിവസംതന്നെ രക്ഷപെട്ട 39 അംഗങ്ങളും അടുത്തുണ്ടായിരുന്ന ഒരു തൊഴുത്തിൽ ഒന്നിച്ചുകൂടി 3 ആഴ്ചക്കാലം അവിടെ സഭാനിയമങ്ങൾക്കു യാതൊരു ഭംഗവും വരുത്താതെ ജീവിച്ചു. പിന്നീടവർ പാരീസിലേക്കു പോയി. ഇപ്പോൾ വീണ്ടും അവരുടെ മാതൃഭവനത്തിലേക്കു മടങ്ങിയെത്തിയിരിക്കുന്നു.

### 400താൾ കടലാസു് മുഖവുരയെഴുതാൻ

ഷാങ്കേയിലുള്ള കമ്മ്യൂണിസ്റ്റു ജയിലിൽ അടയ്ക്കപ്പെട്ട ഒരു ജസ്വീട്ടുവൈദികനെ അധികാരികൾ വിസ്തരിക്കുകയായിരുന്നു. അദ്ദേഹത്തെക്കൊണ്ടു ഏതെങ്കിലും ഒരു കുററം സമ്മതിപ്പിക്കുന്നതിനു അവർ പല മണിക്കൂറുകൾ കിണഞ്ഞു പരിശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. അദ്ദേഹത്തിനെതിരായി എന്തെങ്കിലും ആരോപണം കൊണ്ടുവരാൻ കാരണം ലഭിക്കുന്നതിനുവേണ്ടി അധികാരി അദ്ദേഹത്തോടു് ഈശോസഭയുടെ ചരിത്രവും അദ്ദേഹത്തിന്റെ പ്രോവിൻസിന്റേയും സഭയിലെ പരിശീലനത്തിന്റേയും വിവരങ്ങളും എഴുതിക്കൊടുക്കണമെന്നാവശ്യപ്പെട്ടു. അദ്ദേഹം അതു സമ്മതിക്കുകയും 400താൾ കടലാസു തല്ക്കാലം കൊടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. 400 താളോ! എന്നായിരുന്നു ആ ശുദ്ധഭരിതനായ ഉദ്യോഗസ്ഥന്റെ ചോദ്യം. അതു അതിന്റെ മുഖവുര എഴുതാനാണു്. ചരിത്രത്തിനു വേറെ കടലാസു് വേണ്ടി വരും എന്നായിരുന്നു ശാന്തമായ അദ്ദേഹത്തിന്റെ മറുപടി.

### പുതിയ വത്തിക്കാൻ കോൺകോർദാത്തു

പരിശുദ്ധ സിംഹാസനവും ഡൊമിനിക്കൻ റിപ്പബ്ളിക്കു രാജ്യവും തമ്മിലുള്ള ബന്ധങ്ങളെ ക്രമപ്പെടുത്തുന്നതിനു് അവർ തമ്മിൽ ഒരു പുതിയ കോൺകോർദാത്തുടമ്പടി ഒപ്പുവച്ചിരിക്കുന്നു. വത്തിക്കാൻ സംസ്ഥാനത്തിനുവേണ്ടി സ്റ്റേററു് പ്രോ-സിക്രട്ടറി മോൺ. തർദീനി അവർകളും റിപ്പബ്ളിക്കിനുവേണ്ടി മുൻപ്രസിഡൻറു് ജനറൽ ട്രൂജിലോ അവർകളുമാണു് ഉടമ്പടിയിൽ ഒപ്പുവച്ചിരിക്കുന്നതു്. ഉടമ്പടി ഒപ്പുവച്ചുകൊണ്ടു് ജനറൽ പ്രസ്താവിച്ചതു്, "ലോകത്തിൽ ക്രമപരിപാലനത്തിന്റേയും ക്രിസ്തീയ സംസ്കാരത്തിന്റേയും സംരക്ഷകയായ കത്തോലിക്കാസഭയോടു എന്റെ ഗവമ്മെൻറിനുള്ള ദൃഢമായ ഐക്യദാർഢ്യത്തെയാണു് ഈ ഉടമ്പടി സൂചിപ്പിക്കുന്നതു്" എന്നത്രെ.

### റോമൻപത്രപ്രവർത്തകർ മാർപ്പാപ്പായെ സന്ദർശിക്കുന്നു

ഒരു റോമൻ പത്രമായ "ഇൽ ടെംപോ" സമാരംഭിച്ചിട്ടു് പത്തുകൊല്ലം തികയുന്നതു പ്രമാണിച്ചു ഒരു സ്പെഷ്യൽ ലക്കം പുറപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അതിന്റെ ആദ്യത്തെ കോപ്പിയുംകൊണ്ടു് പ്രവർത്തകസമിതി വത്തിക്കാനിൽ എത്തി അതു പരിശുദ്ധപിതാവിനു കാഴ്ച അർപ്പിച്ചു. പ്രസ്തുത പത്രത്തിന്റെ പത്രാധിപന്മാരും പത്രപ്രതിനിധികളും പ്രസ് ഫെഡറേഷനിലേയും പ്രധാനപ്പെട്ട എല്ലാ യൂറോപ്യൻ പത്രങ്ങളുടേയും പ്രതിനിധികളുമൊരുമിച്ചു 200 കാറുകളിലായി മദ്ധ്യാഹ്നത്തോടുകൂടി വിശുദ്ധ പത്രോസിന്റെ ദേവാലയാങ്കണത്തിൽ എത്തി. പരിശുദ്ധപിതാവു അവിടുത്തെ പാനമുറിയുടെ ജനാലയ്ക്കൽ പ്രത്യക്ഷപ്പെട്ടു് അവരെ അനുഗ്രഹിച്ചയച്ചു.

### ആസ്ത്രേല്യാക്കാർ ശക്തിയായി പ്രതിഷേധിക്കുന്നു

വിവാഹമോചനത്തെ എളുപ്പമാക്കിത്തീർക്കുന്നതിനുള്ള നിയമങ്ങൾ നടപ്പാക്കുവാൻ ആസ്ത്രേല്യൻ ഗവമ്മെൻറു് അനുകൂലിക്കുന്നതായാൽ അതു ശക്തിയായ പ്രതിഷേധത്തിനും വളരെയേറെ കുഴപ്പങ്ങൾക്കും കാരണമാകുമെന്നു അവിടത്തെ കത്തോലിക്കാപത്രങ്ങളെല്ലാം മുന്നറിയിപ്പുനൽകിയിരിക്കുന്നു. ആസ്ത്രേലിയൻ കോമൺവെൽത്തിൽപ്പെട്ട വിവിധ സ്റ്റേററുകളിൽ നിലവിലുള്ള വിവാഹമോചന കാരണങ്ങളെ എല്ലാസ്റ്റേററുകളിലും ഒരുപോലെ പ്രാബല്യമുള്ളതാക്കുന്നതിനും അപ്രകാരം മോചനസാദ്ധ്യതകളെ വർദ്ധിപ്പിക്കുന്നതിനുമാണു് നിയമനിർമ്മാണംകൊണ്ടുദ്ദേശിക്കുന്നതു്. പുതുതായി അധികാരത്തിൽ വരുന്ന ലിബറൽ ഗവമ്മെണ്ടു് ഈ നിയമത്തെ പിന്താങ്ങുന്നതിനു ശ്രമിക്കുമെന്നാണു് പൊതുവെയുള്ള ഭയം.

### മ്യൂസിയം ഡയറക്ടർ അന്തരിച്ചു

വത്തിക്കാൻ മ്യൂസിയങ്ങളുടെയും ആർട്ടു് ഗാലറികളുടേയും ഡയറക്ടറായിരുന്ന ബാരൻ ബർത്തലോമിയോ നൊഗാറാ വത്തിക്കാൻ സംസ്ഥാനത്തുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽവച്ചു 86-ാമത്തെ വയസ്സിൽ മരണമടഞ്ഞിരിക്കുന്നു. അദ്ദേഹം വത്തിക്കാനിൽ ഉദ്യോഗം സ്വീകരിച്ചിട്ടു് 34വർഷം കഴിഞ്ഞു. ലോകമാകെയുള്ള 200 അക്കാഡമികളിൽ അദ്ദേഹം അംഗമായിരുന്നു. എട്രുസ്കൻ പുരാണവസ്തുശാസ്ത്രത്തിൽ പ്രാമാണ്യമുള്ള ഒരു വിദഗ്ദ്ധനുമായിരുന്നു അദ്ദേഹം. കഴിഞ്ഞ മഹായുദ്ധത്തിൽ ഇററലിയിൽ വിലപ്പെട്ട അനേകശതം കലാവസ്തുക്കൾ സംരക്ഷിക്കുന്നതിനു സാധിച്ചതു് അദ്ദേഹത്തിന്റെ ശ്രമംകൊണ്ടായിരുന്നു. വിലപിടിച്ച പ്രസ്തുത കലാവസ്തുക്കൾ യാതൊരുഹാനിയുംകൂടാതെ വത്തിക്കാൻ ഗാലറികളിൽ അദ്ദേഹം സംഭരിച്ചു സൂക്ഷിച്ചിരുന്നു.

### വിദ്യാർത്ഥിക്കു് അനുമോദനം

ഫോറിൻ ഓഫീസു് സ്ഥാപിലേക്കുള്ള തിരഞ്ഞെടുപ്പിനുവേണ്ടി നടത്തപ്പെട്ട സിവിൽ സർവ്വീസു് കമ്മീഷനേഴ്സു് പരീക്ഷയിൽ പീററർ അൺവിൻ എന്നവിദ്യാർത്ഥി അതിപ്രശസ്തമായ ഒരു വിജയം കരസ്ഥമാക്കിയിരിക്കുന്നു. ഓക്സ്ഫോർഡു് യൂണിവേഴ്സിററി മാസികയിൽ ഈ ഉത്തമകത്തോലിക്കാവിദ്യാർത്ഥിയെപ്പററി വലിയ അനുമോദനമാണു് രേഖപ്പെടുത്തിയിട്ടുള്ളതു്. അയാളുടെ വിനയത്തേയും, വാദപ്രതിവാദവൈദഗ്ദ്ധ്യത്തേയും, പത്രപ്രവർത്തനസാമർത്ഥ്യത്തേയും പ്രശംസിച്ചശേഷം ലേഖനം തുടരുകയാണു്: മി പീററർ വിശ്വാസത്തിൽ ഒരുറച്ച കത്തോലിക്കനാണു്. ഉത്തരവാദിത്വരഹിതമായ വിധത്തിൽ അയാളുടെ മതത്തെപ്പററി അയാൾ ഒരിക്കലും സംസാരിക്കയില്ല. എല്ലാപ്പോഴും അയാൾ "വിശ്വാസസംരക്ഷകനാ"ണു്. അടുത്തു നടന്ന സിവിൽസർവ്വീസു് പരീക്ഷയിൽ അയാൾക്കുണ്ടായ പ്രശസ്തമായ വിജയം അയാളുടെ സാമർത്ഥ്യത്തിന്റെയും കഴിവുകളുടേയും പ്രയോഗത്താലെന്നവണ്ണംതന്നെ ആസിൽഫോർത്തു കൊവേന്തയിലെ സന്യാസികളുടെ പ്രാർത്ഥനയുടേയും ഫലമാണെന്നു അയാൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ക്രിസ്തുമതസ്ഥാപനത്തിനുള്ള വാദങ്ങളിൽ ഇപ്പോൾ അയാൾ പങ്കെടുക്കുന്നില്ലെങ്കിലും, യൂണിവേഴ്സിററിയിൽ ക്രിസ്തുമതത്തിനുള്ള ഏററം പ്രബലമായ തെളിവായി അയാൾ നിലകൊള്ളുകതന്നെ ചെയ്യുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

